KOTTAYAM PUBLIC LIBRARY

Call No. M01 DAM-K Acc. No. 4731

Author ദാമോദരൻ പി.

Title കലയും സാഹിത്യവും

M01
DAM
K

THE KOTTAYAM PUBLIC LIBRARY.
KOTTAYAM.
TRAVANCORE.

ഗ്രന്ഥകർത്താ:
മാവ്-ത്സെ-തുങ്ങ്

# കലയും സാഹിത്യവും

പരിഭാഷ:
പി. ദാമോദരൻ

NATIONAL BOOK STALL
KOTTAYAM
KALARIKAL BAZAAR

പ്രസാധകന്മാർ:
പ്രോഗ്രസ്സീവ് ലിററേച്ചർ ഏജൻസി
കൊല്ലം.

രണ്ടാംപതിപ്പ്

ആയിരംപ്രതി

1951 ജൂലായി

1101

വില 10 ണ.

ഞങ്ങളുടെ കുറിപ്പ്:

1950 ജൂലായിമാസത്തിൽ പി. പി. എച്ച്. ലിമിററഡ്, ബോംബെ, പ്രസിദ്ധപ്പെടുത്തിയ 'കലയും മാർക്സിസവും സംബന്ധിച്ച പ്രശ്നങ്ങൾ' എന്നതിൻെറ തർജ്ജമയാണിതു്. ഇതിൽ കാണുന്ന പ്രസാധക കുറിപ്പുകളും മുഖവുരയുമെല്ലാംതന്നെ മൂലഗ്രന്ഥത്തിലുള്ളതാണു്.

പ്രോഗ്രസ്സീവ് ലിററേച്ചർ ഏജൻസി.

മുദ്രണം:

"വിജ്ഞാനപോഷിണി" പ്രസ്സ്,

കൊല്ലം.

No. 4731

## * പ്രസാധകക്കുറിപ്പ്:

ചൈനയിലെ വിമോചനസമരത്തിൻെറ വെളിച്ചത്തിൽ തങ്ങളുടെ കലയും സാഹിത്യവും സംബന്ധിച്ച പ്രശ്നങ്ങളെക്കുറിച്ച പരിചിന്തനം ചെയ്യുന്നതായി, വിമോചനപ്രസ്ഥാനത്തിൻെറ തലസ്ഥാനമായിരുന്ന യെനാനിൽ വച്ച്, 1942 മേയ് 2-ാംനു മുതൽ 23-ാംനു-വരെ നീണ്ടുനിന്ന ഒരു സമ്മേളനം ചേരുകയുണ്ടായി. ജാപ്പധീനത്തിലിരുന്ന ഷാങ്ങ്ഹായ്, നാങ്കിങ്ങ്; ക്വമിന്താങ്ങ്, ചുങ്കിങ്ങ്; ഇതുപോലെതന്നെ വിവിധ വിമോചന സംസ്ഥാനങ്ങൾ—ഇങ്ങനെ ചൈനയുടെ നാനാഭാഗങ്ങളിൽ നിന്നുമുള്ള സാഹിത്യകാരന്മാരും കലാകാരന്മാരും ആ സമ്മേളനത്തിൽ സംബന്ധിച്ചിരുന്നു.

ഏററവും ഉല്ലാസകരമായ ഒരു രീതിയിലാണു പ്രസ്തുത സമ്മേളനം നടന്നതെന്നുവേണം വിചാരിക്കുക: ഔപചാരികമായി മൂന്നു സംപൂർണ്ണസമ്മേളനങ്ങൾ മാത്രം നടത്തുകയും ബാക്കിസമയമെല്ലാം വ്യക്തിപരമായ പഠനത്തിനും കൂട്ടായുള്ള വാദപ്രതിവാദങ്ങൾക്കും വേണ്ടി ചിലവഴിക്കുകയുമാണുണ്ടായത്.

വിമോചനസമരത്തിൻേറയും കമ്മ്യൂണിസ്റ്റ്പ്രസ്ഥാനത്തിൻേറയും നേതാവായ സ: മാവ്സേതുങ്ങാണു മേയ് 2-ാംനുത്തെ സമ്മേളനം ഉൽഘാടനം ചെയ്തത്. വിമോചനസമരത്തിൻെറ മൌലികപ്രശ്നങ്ങളേയും, അതിൽ സാഹിത്യകാരന്മാക്കും കലാകാരന്മാക്കുമുള്ള പങ്കിനേയുംപററി അന്നദ്ദേഹം ഒരു ചെറിയ മുഖവുരപ്രസംഗം മാത്രമേ നടത്തുകയുണ്ടായുള്ളു (മുഖവുരയെന്ന തലക്കെട്ടിലുള്ള അ

---

* [1950 ആദ്യത്തിൽ ന്യൂയോക്കിലെ ഇൻറർ നാഷണൽ പബ്ളിക്കേഴ്സ് പുറത്തിറക്കിയ ഈ ഗ്രന്ഥം അതേപടി ഇവിടെയും പ്രസിദ്ധീകരിക്കുകയാണു് ഞങ്ങൾ ചെയ്യുന്നതു്. ഇതിൽ കാണുന്ന പ്രസാധകക്കുറിപ്പും അടിക്കുറിപ്പുകളും മററും അമേരിക്കൻ പതിപ്പിലുള്ളതുതന്നെയാണു്:—പി. പി. എച്ച്.]

ട്ടത്ത അദ്ധ്യായം ആ പ്രസംഗമാണ്.) എന്നാൽ, മേയ് 23-ാംനു- ത്തെ അവസാന സമ്മേളനത്തിൽ അദ്ദേഹം വിസ്തരിച്ച പ്രസംഗിച്ചു. അതിലദ്ദേഹം സമ്മേളനനടപടികളെ ആദ്യന്തം വിശകലനം നടത്തുകയും ആ മൂന്നാഴ്ചക്കാലത്തെ കൂടിയാലോചനകളിലും വാദപ്രതിവാദങ്ങളിലും ഉന്നയിക്കപ്പെട്ട സകല സംശയപ്രശ്നങ്ങൾക്കും സവിസ്തരം മറുപടി നൽകുകയും ചെയ്തു.

പേൾഹാർബർ സംഭവത്തിൻെറ അഞ്ചേഅഞ്ചുമാത്രം മാസങ്ങൾക്കിടയ്ക്കാണ്, സാഹിത്യകാരന്മാരുടേയും കലാകാരന്മാരുടേയും ഈ വമ്പിച്ച അണിനിരക്കൽ അവിടെ സംഘടിപ്പിച്ചതെന്നകാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ചൈനയുടെ അന്നത്തെ ആ ഉൽക്കണ്ഠാകുലമായ പ്രതിസന്ധിഘട്ടത്തിൽപോലും ജാപ്പാക്രമികളെ ആട്ടിയോടിക്കുന്നതിനും ചൈനീസ്ജനതയുടെ ഐക്യത്തിനും വേണ്ടി പട്ടാളപരമായും രാഷ്ട്രീയപരമായും പൊരിഞ്ഞു പടവെട്ടിക്കൊണ്ടിരുന്ന ഒരവസരത്തിൽപ്പോലും ഇങ്ങനെ ദേശവ്യാപകമായ അടിസ്ഥാനത്തിൽ ഒരു വമ്പിച്ച സാഹിത്യ-കലാസമ്മേളനം സംഘടിപ്പിക്കപ്പെടുകയെന്നതു് എന്തിനെയാണ സാക്ഷ്യം വഹിക്കുന്നതു്? വിമോചനപ്രസ്ഥാനത്തിൻെറ വിജയത്തിലുള്ള വിശ്വാസവും, വിജയകരമായ ഒരു ദേശീയവിമോചന യുദ്ധം നടത്തുന്നതിൽ സാംസ്കാരികശക്തികളടക്കം മുഴുവൻ ജനകീയശക്തികളേയും എന്തിന്, എങ്ങനെ, അണിനിരത്തണമെന്നതിനെപ്പററിയുള്ള തികഞ്ഞ ബോധവും തന്നെ.

---

# മുഖവുര:

സഖാക്കളെ! നമ്മുടെ സാഹിത്യവും കലയും ശരിയായൊരടിസ്ഥാനത്തിൽ വളൎത്തുന്നതിന്നും, അങ്ങനെ അവയെ നമ്മുടെ മററു വിപ്ലവപ്രവൎത്തനങ്ങളെ സഹായിക്കുന്നതിൽ കൂടുതൽ ഫലപ്രദമാക്കുന്നതിന്നുംവേണ്ടി, ഒരുവശത്തു സാഹിത്യവും കലയും തമ്മിലും മറുവശത്ത് അവയും പൊതുവിപ്ലവപ്രസ്ഥാനവും തമ്മിലും ഉണ്ടാവേണ്ട കൃത്യമായ ബന്ധത്തെപ്പററി വ്യക്തമായ ഒരു വാദപ്രതിവാദം നടത്തുവാനാണല്ലോ നിങ്ങളെ ഈ സമ്മേളനത്തിലേക്കു ക്ഷണിച്ചിട്ടുള്ളത്. ഇതിൻെറയെല്ലാമൎത്ഥമോ, ദേശീയശത്രുക്കളെ തുരത്തിയോടിക്കുവാനും ദേശീയവിമോചനമെന്ന നമ്മുടെ കടമ നിറവേററുവാനും നമുക്കു ശരിക്കും കഴിയണമെന്നതുതന്നെ.

ചൈനീസ് രാഷ്ട്രത്തിൻെറ വിമോചനത്തിനുവേണ്ടിയുള്ള നമ്മുടെ സമരം, പല മുന്നണികളിലൂടെയാണ് നാം നടത്തുന്നത്; പട്ടാളമുന്നണിയിലെന്നമാതിരി സാംസ്കാരികമുന്നണിയിലും നാമൊരുപോലെ അതു നടത്തുന്നു. ശത്രുവിൻെറ മീതെയുള്ള നമ്മുടെ വിജയം പ്രധാനമായും ആശ്രയിച്ചുനിൽക്കുന്നത്, കയ്യിൽ തോക്കുംവഹിച്ച് കുതിച്ചുചാടുന്ന നമ്മുടെ പട്ടാളക്കാരെയാണെന്നിരുന്നാലും, പട്ടാളത്തെക്കൊണ്ടുമാത്രം അതു നടക്കില്ല. രാഷ്ട്രത്തെ ഏകീകരിക്കുകയും ശത്രുവിനെ തോല്പിക്കുകയും ചെയ്യുകയെന്ന കടമ നിറവേററാൻ നമുക്ക് ഒരു സാംസ്കാരികസേനകൂടി ഉണ്ടായേ മതിയാവൂ.

മേയ് 4 ൻെറ പ്രസ്ഥാനംതൊട്ട്, (1919 മേയ് 4-ാംനു- ആരംഭിച്ച വിദ്യാൎത്ഥിപ്രസ്ഥാനംതൊട്ട്—പ്രസാധകന്മാർ) അങ്ങനെയൊരു സാംസ്കാരികസേന, ചൈനീസ് വിപ്ലവത്തിനു വമ്പിച്ച സഹായമായിരുന്നിട്ടുള്ള സേന, ഇവിടെ രൂപീകരിക്കുകയുണ്ടായിട്ടുണ്ട്. ക്രമേണക്രമേണയായി അതു് ഇവിടുത്തെ സാമ്രാജ്യത്വസ്വാധീനവലയത്തെ ചുരുക്കിച്ചുരുക്കിക്കൊണ്ടു് വരികയും, സാമ്രാജ്യത്വാക്രമണത്തിന്നുള്ള ഇടമൊരുക്കുകയും സ്വയം കൂട്ടുനില്ക്കുകയും ചെയ്യുന്ന നാടുവാഴിത്ത-അടിമസംസ്കാരങ്ങളെ ക്ഷീണിപ്പിക്കുകയും ചെയ്തുപോന്നു. ഇന്ന് "എണ്ണംവേണമോ ഗുണം വേണമോ" എന്ന വിദ്യയെടുത്തുകൊണ്ടുമാത്രമേ പിന്തിരിപ്പന്മാൎക്കു നമ്മുടെ പുതിയ സംസ്കാരത്തെ എതിൎക്കാൻ കഴിയുന്നുള്ളൂ. അതായത്, ഗുണപുഷ്കലമായ നല്ലതൊന്നും സൃഷ്ടിക്കാനവൎക്കു കഴിവില്ലെങ്കിലും, സകലവിധ ഉപകരണങ്ങളും കയ്യടക്കിവെച്ചിരിക്കു

ന്നതുകൊണ്ട് കൊള്ളരുതാത്ത സാഹിത്യ-കലാസൃഷ്ടികളെന്നു പറയപ്പെടുന്ന ഒരുപാടെണ്ണം പടച്ചിറക്കാൻ അവക്ക് ഇന്നു സാദ്ധ്യമാണെന്നർത്ഥം.

മേയ് 4-ൻെറ പ്രസ്ഥാനംതുടങ്ങി, നമ്മുടെ സാംസ്കാരികമുന്നണിയിലെ സാഹിത്യകലാവിഭാഗം വമ്പിച്ച വിജയങ്ങളും മുന്നേററങ്ങളും നേടിയിട്ടുണ്ട്. ആഭ്യന്തരയുദ്ധാവസരത്തിൽ (1927-1936 കൊല്ലങ്ങളിൽ-പ്ര) നമ്മുടെ വിപ്ലവപ്രസ്ഥാനം സാഹിത്യത്തിലും കലയിലും ഗംഭീരമുന്നേററം പ്രദർശിപ്പിച്ചു. ഈ പ്രസ്ഥാനവും നമ്മുടെ ചുവപ്പുസേനയുടെ പട്ടാളപ്രവർത്തനങ്ങളും ഒരേ പൊതുലക്ഷ്യത്തിലും നേതൃത്വത്തിലുമാണ് പുരോഗമിച്ചിരുന്നതെങ്കിലും, ഇവയെ രണ്ടിനേയും യഥാർത്ഥമായും ശരിയ്ക്കും കൂട്ടിയിണക്കിയിരുന്നില്ല. തങ്ങളുടെ യുദ്ധം ഒരേയുദ്ധംതന്നെയാണെങ്കിലും ഈ ഇരുസഹോദരങ്ങളും വെവ്വേറെ നിന്നു വേണ്ടിയിരുന്നു ശത്രുവിന്നെതിരായി പടവെട്ടുക. കാരണം, പിന്തിരിപ്പന്മാർ അവയെ കരുതിക്കൂട്ടി അകററിനിർത്തി. (ചുവപ്പുസേന ക്യാങ്ങ്സിപ്രവിശ്യയിൽ വളഞ്ഞിടപ്പെട്ടിരിക്കയായിരുന്നുവെങ്കിൽ, സാംസ്കാരികപ്രവർത്തകന്മാർ ഷാങ്ങ്ഹായിലോ പീപ്പിങ്ങിലോ ആയിരുന്നു-പ്ര) എന്നാൽ, ജപ്പാനെതിരായ ചെറുത്തുനില്പുയുദ്ധമാരംഭിച്ചതോടുകൂടി, എത്രയോ വിപ്ലവകാരികളായ സാഹിത്യകാരന്മാരും കലാകാരന്മാരും യെനാനിലും നമ്മുടെ മററു യുദ്ധസങ്കേതങ്ങളിലും വന്നുചേരുകയുണ്ടായി. അതെത്രയും നന്ന്. എന്നിരുന്നാലും, ഈ പ്രദേശങ്ങളിൽ വന്നുചേർന്നിരിക്കുന്നുവെന്നതുകൊണ്ടുമാത്രം അവർ സ്വയം ഇവിടങ്ങളിലെ ജനകീയപ്രസ്ഥാനങ്ങളുമായി ഐക്യംസ്ഥാപിച്ചുകഴിഞ്ഞുവെന്ന അർത്ഥം വരുന്നില്ല. അതുകൊണ്ട്, നമ്മുടെ വിപ്ലവപ്രവർത്തനത്തിൽ വ്യക്തമായ പുരോഗതിയുണ്ടായിക്കാണണമെങ്കിൽ, ആ രണ്ടു ശക്തികളേയും ശരിക്കും സംയോജിപ്പിക്കുകയെന്ന പണി നാമിനിയും ചെയ്തുതീർക്കേണ്ടതായിട്ടാണിരിക്കുന്നത്.

ആ നിലയ്ക്കു നോക്കുമ്പോൾ, നമ്മുടെ ജനതയെ ഏകീകരിപ്പിക്കാനും വിദ്യാഭ്യാസം ചെയ്യിക്കാനും കഴിയുന്നതായ, ശത്രുവിനെ കേറിയാക്രമിക്കാനും നശിപ്പിക്കാനും കരുത്തുളവാക്കുന്നതായ, ജനങ്ങളെ സംഘടിപ്പിക്കാനും സംഘടിതമായിത്തന്നെ ശത്രുവിനെത്തുരത്തിക്കാനും സഹായിക്കുന്നതായ, ശക്തിമേറിയ ഒരായുധമായി സാഹിത്യത്തേയും കലയേയും നമ്മുടെ വിപ്ലവയന്ത്രത്തിൻെറ ഉജ്ജ്വലമായ ഒരു ഭാഗമാക്കിത്തീർക്കുകയെന്ന അടിയന്തിരവും ഗുരുതരവുമായ ആവശ്യം സാധി

ക്കുകയെന്നതാണ് നമ്മുടെ ഈ സമ്മേളനത്തിൻെറ ഉദ്ദേശമെന്നുകാണാം. ഈ ലക്ഷ്യസംപൂർത്തിക്കുവേണ്ടി നാം പരിഹരിക്കേണ്ടതായ പ്രശ്നങ്ങളെന്തെല്ലാമാണ്? നമ്മുടെ നിലപാട്, നമ്മുടെ മനോഭാവം, നമ്മുടെ പൊതുജനം, നമ്മുടെ പ്രവർത്തനം, നമ്മുടെ പഠനം—ഇവയൊക്കെത്തന്നെ.

## എന്താണു നമ്മുടെ നിലപാടിൻെറ പ്രശ്നം?

നമ്മുടെ നിലപാട്, തൊഴിലാളിവർഗ്ഗത്തിൻേറയും ബഹുജനങ്ങളുടേയും നിലപാടാണ്. കമ്മ്യൂണിസ്ററുപാർട്ടിയംഗങ്ങൾ പാർട്ടിയുടേയും പാർട്ടിനയത്തിൻേറയും നിലപാടംഗീകരിക്കണം. പല എഴുത്തുകാരും കലാകാരന്മാരും ഇപ്പോഴും നമ്മുടെ നിലപാടെന്തെന്നതിനെപ്പററി വ്യക്തമായ, ശരിയായ, അറിവില്ലാതെ കഴിയുകയാണെന്നതു് ഒരു പരമാർത്ഥമല്ലേ? എനിക്കു തോന്നുന്നതങ്ങനെയാണ്. നമ്മുടെ പല സഖാക്കളും പലപ്പോഴും തെററായ നിലപാടിലേയ്ക്കു വഴുതിവീഴുന്നു.

## എന്താണു നമ്മുടെ മനോഭാവം സംബന്ധിച്ച പ്രശ്നം?

നമ്മുടെ നിലപാടിനെക്കുറിച്ചുള്ള പ്രശ്നംകഴിഞ്ഞാൽ, അടുത്തതായി വരുന്നതു് വ്യക്തമായ ഓരോ കാര്യത്തിലും നാമെന്തുമനോഭാവമാണ് കൈക്കൊള്ളുന്നതെന്ന പ്രശ്നമാണ്. ഉദാഹരണമായി, നാം വാഴ്ത്തുകയോ തുറന്നുകാട്ടുകയോ ചെയ്യേണ്ടതെന്ന പ്രശ്നമെടുക്കുക. എന്തായിരിക്കണം ഓരോന്നിനോടും നമ്മുടെ മനോഭാവമെന്നതിനെ സംബന്ധിക്കുന്ന പ്രശ്നമാണതു്. ഓരോ കാര്യത്തിലും എന്തു മനോഭാവമാണ് നാം കൈക്കൊള്ളുക? വാഴ്ത്തലും തുറന്നുകാട്ടലുമുള്ളതിൽ നാം ഏതു സ്വീകരിക്കണം, അതല്ല ഒരേസമയത്തുതന്നെ രണ്ടും നാമനുസരിക്കണമോ എന്നതെല്ലാം നാം കൈകാര്യംചെയ്യുന്ന വിഷയത്തെ ആശ്രയിച്ചിരിക്കുന്നുവെന്നാണെൻെറ അഭിപ്രായം. ജനങ്ങൾ മൂന്നുതരമാണ്: നമ്മുടെ ശത്രുക്കൾ, നമ്മുടെ ബന്ധുക്കൾ, നമ്മൾ-തൊഴിലാളിവർഗ്ഗവും അതിൻെറ മുന്നണിപ്പടയും. ഇതിലോരോ വിഭാഗത്തോടും നമുക്കോരോ വ്യത്യസ്തമനോഭാവം വേണ്ടിയിരിക്കുന്നു.

നമ്മുടെ ശത്രുക്കളെ, അതായതു്, ജാപ്പുഫാസിസ്ററുകളേയും മററെല്ലാവിധ ജനശത്രുക്കളേയുമെന്നർത്ഥം, നമുക്കു വാഴ്ത്താനൊക്കുമോ? ഒരിക്കലുംവയ്യാ! സാങ്കേതികമായി അവർക്കു ചില മികച്ച കഴിവുകളിന്നുണ്ടെന്നിരുന്നാൽക്കൂടിയും, ആ നിന്ദ്യരായ പിന്തിരിപ്പന്മാരെ നിശ്ചയ

മായും നമുക്കു വാഴ്ത്താൻ വയ്യാ. ഉദാഹരണമായി നോക്കുകയാണെങ്കിൽ, അവരുടെ കയ്യിൽ വിശിഷ്ടമായ തോക്കുകളും മററു പടക്കോപ്പുകളും നാം കണ്ടേക്കാം. എന്നാൽ ഈ നല്ല ആയുധങ്ങളെല്ലാം അവരുടെ കയ്യിലിരിക്കുന്നേടത്തോളംകാലം പിന്തിരിപ്പത്തിൻെറ ഉപകരണങ്ങളാണു്. ഈ ആയുധങ്ങളെല്ലാം പിടിച്ചുപററി ശത്രുവിൻെറ നേരെ തിരിച്ചടിക്കുകയെന്നതാണു് നമ്മുടെ പട്ടാളത്തിൻെറ കടമ. അപ്പോൾ നമ്മുടെ സാംസ്കാരികസേനയുടെ കടമയെന്താണു്? ശത്രുക്കളുടെ കടുംകൈകളേയും വഞ്ചനകളേയും തുറന്നുകാട്ടുക! അവററയുടെ പരാജയം അനിവാര്യമാണെന്നു സ്ഥാപിക്കുക; ശത്രുക്കൾക്കെതിരായി ദൃഢചിത്തതയോടുകൂടിയ സമരത്തിൽ ഹൃദയവും ആത്മാവും ഒപ്പം അണിനിരത്താൻ എല്ലാവിധ ജാപ്പുവിരുദ്ധശക്തികളേയും പ്രോത്സാഹിപ്പിക്കുക.

സുഹൃത്തുക്കളോടും, വിവിധജാതി ബന്ധുക്കളോടുമുള്ള നമ്മുടെ മനോഭാവം, സഹകരണത്തിൻേറയും വിമർശനത്തിൻേറയുമെന്നാ ഇരുമുഖങ്ങളോടു കൂടിയതായിരിക്കണം; പലതരം സഹകരണങ്ങളും പലതരം വിമർശനങ്ങളുമുണ്ടെന്നു നാം മനസ്സിലാക്കണം. ജപ്പാനെതിരായ അവരുടെ ചെറുത്തുനില്പിനെ നാം മാനിക്കുന്നു; അവരുടെ നേട്ടങ്ങളെ നാം വാഴ്ത്തുന്നു. അതേസമയംതന്നെ ചെറുത്തുനിൽപുയുദ്ധത്തിൽ സജീവമായി സഹകരിക്കാത്തവരെ നാം വിമർശിക്കും; കമ്മ്യൂണിസ്ററുവിരുദ്ധകൂട്ടുകെട്ടിൽ ചേരുന്നവരെയും ക്രമേണ പിന്തിരിപ്പത്തത്തിൻെറ വഴി പിന്തുടരുന്നവരേയും നാം എതിർക്കും.

എന്നാൽ, ബഹുജനങ്ങളുടേയും, അവരുടെ അദ്ധ്വാനത്തിൻേറയും. സമരത്തിൻേറയും, ജനകീയസേനയുടേയും പാർട്ടിയുടേയും നേരെയുള്ള നമ്മുടെ മനോഭാവമോ? വ്യക്തമായും അതു വാഴ്ത്തലിൻേറതായിരിക്കാനേ തരമുള്ളു. ജനങ്ങൾക്കും കുറവും കുറവുമുണ്ടെന്ന കാര്യം ഇവിടെ മറക്കുന്നൊന്നുമില്ല. തൊഴിലാളികളുടെ ഇടയിലിന്നും വളരെ പേരുണ്ടു്, പെററിബൂർഷ്വാ (ഇടത്തരക്കാരുടെ) ചിന്താഗതിയോടുകൂടി. കൃഷിക്കാരിൽ പലരിലും പെററിബൂർഷ്വാഅംഗങ്ങളിലും ഇപ്പോഴും, കാലഹരണംവന്ന പഴയ ആശയസമുച്ചയങ്ങളുടെ അവശിഷ്ടങ്ങളുണ്ടു്. സമരത്തിൽ ഇവരെ തടസ്സപ്പെടുത്തുന്നുമുണ്ടു്. എന്നാൽ നമ്മുടെ കടമയാകട്ടെ, ദൂരവ്യാപകവും തുടർച്ചയും വിപുലവുമായ തോതിൽ അവരെ വിദ്യാഭ്യാസം ചെയ്യിക്കുകയെന്നതിലേക്കു ക്ഷമാപൂർവ്വം സ്വയം അർപ്പണംചെയ്യുകയെന്നതാണു്. സുഗമമായി

വമ്പിച്ച മുന്നേററം നടത്താൻ സാധിക്കുമാറ് തങ്ങളുടെ പിടലിയിലുള്ള വേണ്ടാത്ത ഭാരങ്ങൾ ദൂരെ വലിച്ചെറിയാൻ അവരെ നാം സഹായിക്കണം. സമരങ്ങളിലൂടെ അവർ വളരെയധികം പരിഷ്കരിക്കപ്പെട്ടിട്ടുണ്ട്; അല്ലെങ്കിൽ ഇന്നു പരിഷ്കരിക്കപ്പെടുന്നുണ്ട്. അപ്പോൾ നമ്മുടെ സാഹിത്യവും കലയും ചെയ്യേണ്ടതു്, കേവലം ദോഷൈകദൃഷ്ടികളോടെ അവരുടെനേരെ തുറന്ന അവജ്ഞ പ്രകടിപ്പിക്കുകയോ അവരുടെ കുറവുകളുടെമേൽ കടിച്ചുതൂങ്ങുകയോ അല്ല; പ്രത്യുത അവരുടെ ആ ഗുണകരമായ പരിവത്തനത്തെ പരിശുദ്ധതയോടെ ചിത്രീകരിക്കുകയാണ്. അരനിമിഷം മുന്നോട്ടിരമ്പിക്കയറാൻ കഴിവുണ്ടാകുന്നവിധം ബഹുജനങ്ങളെ ഒന്നിച്ചുചേക്കുക, ഒററഹൃദയവും ഒററആത്മാവുമെന്നപോലെ ആസന്നമായ സമരത്തിനു് അവരെ അണിനിരത്തുക, തങ്ങളുടെ അധഃപതിതാവസ്ഥയെ വലിച്ചെറിയുവാനും വിപ്ലവകരമായ മേന്മകളെ പരിപോഷിപ്പിക്കാനും അവരെ സഹായിക്കുക—ഇതായിരിക്കണം നമ്മുടെ ഓരോ സാഹിത്യ കലാസൃഷ്ടിയുടേയും കടമ. ഒരിക്കലുംതന്നെ ഈ വ്യക്തമായ ഉദ്ദേശങ്ങൾക്കു് എതിരായിത്തീരാൻ പാടില്ല, നമ്മുടെ ഏതു പ്രവൃത്തിയും.

## നമ്മുടെ പൊതുജനമാരായിരിക്കണമെന്നതു സംബന്ധിച്ച പ്രശ്നമെന്താണു്?

ആക്കുവേണ്ടിയാണ് നാം നമ്മുടെ സാഹിത്യവും കലയും സൃഷ്ടിക്കേണ്ടതു്? ഷെൻസി-ക്യാൻസു-നിങ്ങ്സിയാ മേഖലയിലും മദ്ധ്യോത്തരചൈനയിലെ നമ്മുടെ ജാപ്പുവിരുദ്ധകേന്ദ്രങ്ങളിലും ഇതിനു നമുക്കു നൽകാവുന്ന മറുപടി, നിശ്ചയമായും പൊതുപിന്നണി ക്കുമിന്താങ്ങുപ്രദേശങ്ങൾ-പ്ര) കളിലേതിൽനിന്നും യുദ്ധത്തിനുമുമ്പത്തെ ഷാങ്ങ്ഹായിലേതിൽനിന്നുമൊക്കെ വിഭിന്നമായ ഒന്നായിരിക്കും. സാഹിത്യത്തിലും കലയിലുമുള്ള വിപ്ലവകരമായ സൃഷ്ടികൾക്കു്, യുദ്ധത്തിനു മുമ്പു് ഷാങ്ങ്ഹായിലുണ്ടായിരുന്ന ആസ്വാദകജനവിഭാഗം വിദ്യാത്ഥികൾ, സാഹിത്യ-കലാപ്രവത്തനോപജീവികൾ, വെള്ളക്കോളർവേലക്കാർ (ക്ലാക്കുമാരുംമററും) എന്നിവരായിരുന്നു. യുദ്ധത്തോടുകൂടി, പൊതുപിന്നണിയിലും ആസ്വാദകരുടെ എണ്ണം കുറേയേറെ വദ്ധിച്ചിട്ടുണ്ടെങ്കിലും, ഇന്നും മുഖ്യവിഭാഗം മുമ്പു പറഞ്ഞതവർതന്നെയാണ്. കാരണം, അവിടുത്തെ ഗവമെന്റു് വിപ്ലവകരമായ സാഹിത്യവും കലയും തൊഴിലാളികളുടേയും കൃഷിക്കാരുടേയും പട്ടാളക്കാരുടേയുമടുത്തെത്തുന്നതിനെ തടയാനായി ഭ്രാന്തുപിടിച്ച പരിശ്രമിക്കുന്നു.

എന്നാൽ, നമ്മുടെ പ്രദേശങ്ങളിലാകട്ടെ, സ്ഥിതിഗതികാം തികച്ചും വ്യത്യസ്തമാണ്. പാർട്ടിയിലേയും ഗവമ്മെണ്ടിലേയും പട്ടാളത്തിലേയും കേഡർമാർ (ഏതൊരു പ്രസ്ഥാനത്തിൻേറയും സ്ഥാപനത്തിൻേറയും ജീവനായ പ്രവത്തകർ) രോടൊപ്പം തൊഴിലാളികളും കൃഷിക്കാരും പട്ടാളക്കാരുമാണ് നമ്മുടെ വിപ്ലവസാഹിത്യത്തിനും കലയ്ക്കും ഇവിടെയുള്ള വായനക്കാരിലും മററ് ആസ്വാദകരിലും ബഹുഭൂരിപക്ഷവും. നമ്മുടെ ഈ കേന്ദ്രങ്ങളിലും വളരെയേറെ വിദ്യാത്ഥികളുണ്ടെങ്കിലും അവരൊന്നും തന്നെ പഴയജാതി വിദ്യാത്ഥികളല്ല. ഒന്നുകിൽ അവർ ഇതിനകംതന്നെ കേഡർമാരായിക്കഴിഞ്ഞവരാണ്; അല്ലെങ്കിൽ അടുത്ത ഭാവിയിൽ ആവാനുള്ളവരാണ്. എല്ലാത്തരം കേഡർമാരും—അവർ ചുവപ്പുസേനയിലെ പട്ടാളക്കാരുടെ ഇടയിൽനിന്നു വന്നതായാലും, ഫാക്ടറികളിലെ തൊഴിലാളികളുടെ നടുവിൽനിന്നുള്ളവരായാലും, ഗ്രാമങ്ങളിലെ കൃഷിക്കാരുടെ സന്തതികളായാലും കൊള്ളാം—വായിക്കാൻ പഠിച്ചുകഴിഞ്ഞാൽ ഉടനെ ആവശ്യപ്പെടുന്നതു പുസ്തകങ്ങളും പത്രങ്ങളുമാണ്. ഇതുവരെ വായിക്കാറായിക്കഴിഞ്ഞിട്ടില്ലാത്തവക്കാകട്ടെ നാടകങ്ങളും ചിത്രങ്ങളും കാണണം; അവക്ക് പാടുകയും സംഗീതമാസ്വദിക്കുകയും വേണം. അപ്പോൾ ഇവരെല്ലാമാണു നമ്മുടെ ഇവിടുത്തെ സാഹിത്യ-കലാസ്വാദകജനവിഭാഗം; പൊതുജനം.

കേഡർമാരുടെ കാര്യം മാത്രം നമുക്കൊന്നു പരിശോധിച്ചുനോക്കുക. ഒറാനിമിഷത്തേക്കുപോലും നിങ്ങൾ തെററിദ്ധരിക്കരുത്, നമ്മുടെ ജനസംഖ്യയിൽ ഒരു നിസ്സാരശതമാനം മാത്രമേ അവരുണ്ടാവുകയുള്ളുവെന്ന്. പിന്നണിയിലുള്ള വായനക്കാരേക്കാൾ എത്രയോ അധികംവരും ഇവിടെ നമ്മുടെ ആ കേഡർമാരുടെ മാത്രമെണ്ണം. അവിടെ മിക്ക കൃതികളും രണ്ടായിരം പ്രതികളിലധികം അച്ചടിക്കേണ്ടി വരാറില്ല. വാദത്തിനുവേണ്ടി നമുക്കു സമ്മതിക്കുക ഓരോ കൃതിയുടേയും രണ്ടായിരം പ്രതികൾവീതം മൂന്നു പതിപ്പുകൾ അവിടെ പുറത്തിറക്കുന്നുവെന്ന്. എന്നാൽതന്നെയും ആറായിരം പ്രതികളേ ആവുന്നുള്ളു. നമ്മുടെ യെനാനിൽ മാത്രമുണ്ട്, വായിക്കാൻ കഴിയുന്ന പതിനായിരം കേഡർമാർ. നമ്മുടെ ആവശ്യം എത്രമാത്രം അധികമാണെന്നു നോക്കുക. മാത്രവുമല്ല, നിരവധികൊല്ലക്കാലത്തെ കടുത്ത അനുഭവങ്ങളിലൂടെയും കഷ്ടപ്പാടുകളിലൂടെയും കടന്നുപോന്ന ഉരുക്കുപോലെ ഉറച്ച വിപ്ലവകാരികളാണ്, നമ്മുടെ കേഡർമാരിൽ മിക്കപേരും. അങ്ങനെ നാട്ടിൻെറ നാനാഭാഗങ്ങളിൽനിന്നും വരുന്നവരും

വാഴ്ത്തപ്പെട്ടന്നവരുമായ അവർ ഏററവും വിഷമംപിടിച്ച പ്രദേശങ്ങളിലേക്കാണ് ഇനിയും പ്രവൎത്തനത്തിന്നു പോവുക. അതുകൊണ്ടെല്ലാം, അവരെ വിദ്യാഭ്യാസംചെയ്യിക്കുകയെന്നതു് ഏററവും വമ്പിച്ച പ്രാധാന്യമുള്ള ഒന്നാണ്. നമ്മുടെ സാഹിത്യകാരന്മാരും കലാകാരന്മാരും അവരുടെ ഇടയിൽ അങ്ങേഅററംവരെ ഉൽകൃഷ്ടമായി അധ്വാനിക്കേണ്ടതാണ്.

തൊഴിലാളികൾ, കൃഷിക്കാർ, പട്ടാളക്കാർ, ഇവരുടെയെല്ലാമിടയിൽനിന്നുള്ള കേഡർമാർ എന്നിവൎക്കുവേണ്ടിയാണ നാം നമ്മുടെ സാഹിത്യവും കലയും സൃഷ്ടിക്കുന്നതെന്നിരിക്കെ ജനങ്ങളെ ശരിക്കും അറിയുകയും പഠിക്കുകയും ചെയ്യുകയെന്ന പ്രശ്നം ഏററവുമധികം പ്രാധാന്യം അർഹിക്കുന്ന ഒന്നാണ്. അറിയുകയും മനസ്സിലാക്കുകയും എല്ലാതരം ജനങ്ങളുമായി പരിചയപ്പെടുകയും അവരെ പഠിപ്പിക്കുകയും ചെയ്യണമെങ്കിൽ, അവയും അവരും എവിടെയെല്ലാമുണ്ടോ അവിടെയെല്ലാം പോയി അതു പാർട്ടിയിലാവാം, ഗവമെന്റുഘടകങ്ങളിലാവാം, വില്ലേജുകളിലാവാം, ഫാക്ടറികളിലാവാം, എട്ടാംരൂട്ട്-പുതുനാലാം പട്ടണങ്ങളിലാവാം വിപുലമായ തോതിൽ അധ്വാനിക്കേണ്ടിയിരിക്കുന്നു. സാഹിത്യകാരന്മാരും കലാകാരന്മാരും തങ്ങളുടെ സൃഷ്ടിപരമായ പ്രവൎത്തനങ്ങളിലാണ് മുഴുകേണ്ടതെന്നതു തീർച്ചയാണ്; പക്ഷേ അവരുടെ പ്രഥമവും പ്രധാനവുമായ കടമ ജനങ്ങളെ ശരിയ്ക്കറിയുകയും അവരുടെ ഗതിവിഗതികളെന്തെന്നു വ്യക്തമായും പഠിക്കുകയുമാണ്.

ഇക്കാൎയ്യത്തിൽ നമ്മുടെ സാഹിത്യകാരന്മാരും കലാകാരന്മാരും എന്തുചെയ്തിട്ടുണ്ട്? എനിക്ക് തോന്നുന്നില്ല അവർ നമ്മുടെ ജനങ്ങളെ ശരിക്കും അറിയാനോ മനസ്സിലാക്കാനോ പഠിച്ചിട്ടുണ്ടെന്നു്. ജനങ്ങളെ അറിയാത്ത അവർ, യുദ്ധരംഗമില്ലാത്ത പടനായകന്മാരെപ്പോലെയായിരിക്കും. തങ്ങളെടുത്തു കൈകാൎയ്യം ചെയ്യുന്ന വിഷയങ്ങളും തങ്ങളുടെ ആസ്വാദകരുമായി ഈ എഴുത്തുകാരും കലാകാരന്മാരും അങ്ങേയററം അപരിചിതരാണെന്നു മാത്രമല്ല പലപ്പോഴും പൂൎണ്ണമായും തങ്ങളുടെ വായനക്കാർക്കും തങ്ങൾ എഴുതേണ്ട വിഷയങ്ങൾക്കും എതിരായും വളരെ അകന്നുനിന്നുമായിരിക്കും അവരെഴുതുന്നതുതന്നെയും. നമ്മുടെ എഴുത്തുകാർക്കു നമ്മുടെ തൊഴിലാളികളേയോ, കൃഷിക്കാരേയോ, അവരുടെയെല്ലാമിടയിൽനിന്നുയൎന്നുവരുന്ന കേഡർമാരേയോ അറിഞ്ഞുകൂടാ. അതായതു് അവൎക്ക

ന്താണ് അറിയാൻ പാടില്ലാത്തതു്? ഭാഷ. അവർ ബുദ്ധിജീവികളുടെ ഭാഷയാണു സംസാരിക്കുന്നതു്; ബഹുജനങ്ങളുടെ ഭാഷയല്ല.

ഞാൻ മുമ്പു പറഞ്ഞല്ലോ, നമ്മുടെ സഖാക്കളും "ജനകീയവൽകരണ"ത്തെപ്പററി സംസാരിക്കാൻ ഇന്നു് ഇഷ്ടപ്പെടുന്നുണ്ടെന്നു്? എന്നാൽ എന്താണ്, ഈ "ജനകീയവൽക്കരണ"ത്തിൻെറ അർത്ഥം? ഇതിന്നർത്ഥം, നമ്മുടെ സാഹിത്യകാരന്മാരും കലാകാരന്മാരും തങ്ങളുടെ ആശയങ്ങളും വികാരങ്ങളും തൊഴിലാളികൾ, കൃഷിക്കാർ, പട്ടാളക്കാർ എന്നിവരുമായി താദാത്മ്യം പ്രാപിപ്പിക്കണം, കൂട്ടിവിളിക്കണം, എന്നാൽ ഈ ഐക്യം സാധിക്കണമെങ്കിലോ, നാം ബഹുജനങ്ങളുടെ ഭാഷ പഠിക്കാൻ തുടങ്ങണം. ആ സ്ഥാനത്തു്, നമുക്കിവിടെ ബഹുജനങ്ങളുടെ ഭാഷ മനസ്സിലാക്കാൻപോലും സാധിക്കുന്നില്ലെന്നുവന്നാൽ, അവൎക്കുവേണ്ടി സാഹിത്യവും കലയും സൃഷ്ടിക്കുകയെന്നതിനെപ്പററി നമുക്കെങ്ങനെയാണു കണ്ടാൽപോലും കഴിയുക?

പടക്കളമില്ലാത്ത പടനായകരെന്നു പറഞ്ഞപ്പോൾ ഞാനുദ്ദേശിച്ചതു്, സിദ്ധാന്തങ്ങളിലേതുംതന്നെ, അവ അവ്യക്തമായ സംക്ഷേപരൂപത്തിലും പ്രായോഗികസ്വഭാവമില്ലാതെ കേവലം മാനസിക വ്യാപാരത്തിൻെറ മട്ടിലുമാണ് നാം മുന്നോട്ടുവെയ്ക്കുന്നതെങ്കിൽ, ജനങ്ങൾക്കതു് ഉൾക്കൊള്ളാനോ ആസ്വദിക്കാനോ കഴികയില്ലെന്നാണ്. അവരുടെ മുമ്പിൽ വലിയ ആളാവാൻ, നിങ്ങൾ എത്രകണ്ടധികം തലകുത്തി മറിയുന്നുവോ, പ്രതിഭാശാലിയോ ധീരനോ ആയി നിങ്ങൾ എത്രകണ്ടധികം അഹന്തയും ഔദ്ധത്യവും പ്രകടിപ്പിക്കുന്നുവോ, നിങ്ങൾ എത്രകണ്ടധികം തൊലിക്കട്ടിയോടെ അവരുടെ മുമ്പിൽനിന്നു മേനി കാട്ടുന്നുവോ, അത്രകണ്ടധികം ശക്തിയോടും ആഴത്തോടും അറപ്പോടും വെറുപ്പോടുംകൂടി അവർ നിങ്ങളുടെ സാഹിത്യ-കലാസൃഷ്ടികളെ നിരാകരിക്കുന്നതായിരിക്കും. ബഹുജനങ്ങൾ നിങ്ങളെ മനസ്സിലാക്കുകയും പഠിക്കുകയും ചെയ്യണമെന്നു നിങ്ങൾക്കു മോഹമുണ്ടെങ്കിൽ, ബഹുജനങ്ങളുമായി അലിഞ്ഞുചേരാൻ നിങ്ങളാഗ്രഹിക്കുന്നുണ്ടെങ്കിൽ, നിശ്ചയമായും നീണ്ടുനില്ക്കുന്നതും ചിലപ്പോൾ വേദനാജനകംതന്നെയായേക്കാവുന്നതുമായ ഒരു ഉരുകിവാൎക്കപ്പെടലിന്നു ദൃഢചിത്തതയോടെ സ്വയം അർപ്പണം ചെയ്യാൻ നിങ്ങൾ സന്നദ്ധരാകണം.

ഞാൻ എൻെറതന്നെ അനുഭവം പറയട്ടോ. ജനങ്ങളുടെ നേരെയുണ്ടായിരുന്ന ദുഷിച്ച മനോഭാവം എനിക്കെങ്ങനെ മാറിക്കിട്ടി

എന്നറിയിക്കട്ടെ. ഒരുകാലത്തു ഞാനൊരു സ്കൂൾവിദ്യാർത്ഥിയായിരുന്നുവെന്നറിയാമല്ലോ. വിദ്യാർത്ഥികളുടെ ചില പ്രത്യേക 'തൊട്ടാൽവാടി'സ്വഭാവങ്ങളും നടപടികളും ഞാനും നേടി. എൻെറ സഹവിദ്യാർത്ഥികളുടെ മുമ്പിൽവെച്ച് ഉളവടിയുടെ തലയ്ക്കൽക്കെട്ടിയ കെട്ടും ഭാണ്ഡവും ചുമക്കുകയെന്നതു് എനിക്കു സഹിക്കാൻ സാധിച്ചിരുന്നില്ല. ഞങ്ങളുടെ ചുമലിൽ എന്തെങ്കിലും ഭാരമേററുകയെന്നതു സഹിക്കാൻ കഴിയാതിരുന്ന കേമന്മാരായിരുന്നു, കയ്യിലെന്തെങ്കിലും താങ്ങിപ്പിടിച്ചുകൊണ്ടുപോവുകയെന്ന ചിന്തപോലും നികൃഷ്ടമായി കരുതിയിരുന്നവരായിരുന്നു, ഞങ്ങളന്നു്! ബുദ്ധിജീവികൾ മാത്രമേ വൃത്തിയുള്ളവരായുള്ളു, തൊഴിലാളികളും കൃഷിക്കാരും പട്ടാളക്കാരുമൊക്കെ വൃത്തികെട്ടവരാണു്, എന്നായിരുന്നു എൻെറ ധാരണ. അതുകൊണ്ടു് യാതൊരു തടസ്സചിന്തപോലുംകൂടാതെ ഒരു ബുദ്ധിജീവിയുടെ കയ്യിൽനിന്നു് ഉടുപ്പോ മറേറാ ഞാൻ ഇരവെടുക്കുമായിരുന്നു. എന്നാൽ തൊഴിലാളിയുടേയോ, കൃഷിക്കാരൻേറയോ, പട്ടാളക്കാരൻേറയോ കയ്യിൽനിന്നു് ഒരിക്കലുമങ്ങനെ ചെയ്യുമായിരുന്നില്ല. കാരണം, ഞാൻ വിശ്വസിച്ചു അവയൊക്കെ അങ്ങേയററംവരെ വൃത്തികെട്ടതായിരിക്കുമെന്നു്.

വിപ്ലവത്തിനിടയ്ക്കു് എനിക്കു തൊഴിലാളികളുടേയും കൃഷിക്കാരുടേയും പട്ടാളക്കാരുടേയുമൊക്കെ ഇടയിൽ താമസിക്കേണ്ടിവന്നു. അന്നാണു്, ക്രമേണക്രമേണയായി ഞാൻ അവരേയും അവർ എന്നേയും അറിയാൻ തുടങ്ങിയതു്. ബൂർഷ്വാസ്കൂളുകൾ എന്നിൽ കുത്തിക്കേററിയിരുന്ന ബൂർഷ്വാ-പെററിബൂർഷ്വാമനോഭാവങ്ങൾ മൌലികമായി മാറിയതു് അന്നാണു്, അന്നുമാത്രമാണു്! അന്നുതൊട്ടു പുനഃപരിഷ്കരണം സാധിച്ചുകഴിഞ്ഞിട്ടില്ലാത്ത ബുദ്ധിജീവികളെ തൊഴിലാളികളും കൃഷിക്കാരും പട്ടാളക്കാരുമായി താരതമ്യപ്പെടുത്തുമ്പോഴെല്ലാം എനിക്കു ബോദ്ധ്യപ്പെടാറുണ്ടായിരുന്നു, ആ കേമന്മാരായ ബുദ്ധിജീവികളുടെ മനസ്സുമാത്രമല്ല അവരുടെ ശരീരംകൂടി വൃത്തികെട്ടതാണെന്നു്. ലോകത്തിൽവെച്ചു് ഏററവും പരിശുദ്ധരും വൃത്തിയുള്ളവരുമായ ആളുകൾ തൊഴിലാളികളും കൃഷിക്കാരുമാണു്. അവരുടെ കൈകൾ ചേറിൽ മുങ്ങിയിരിക്കാം, അവരുടെ കാലുകൾ ചാണകത്തിൽ പൂണ്ടിരിക്കാം; പക്ഷേ, അതെന്തൊക്കെയായാലും, ബൂർഷ്വാസിയേക്കാളും പെററിബൂർഷ്വാസിയേക്കാളും എല്ലാ നിലയ്ക്കും വൃത്തിയുള്ളവർ അവരാണു്. അതാണു് ഞാൻ പറഞ്ഞതു് നമ്മുടെ സങ്കല്പത്തിലും മനോ

ഭാവത്തിലുമെല്ലാംതന്നെ ഒരു മാററം, അതായതു് ഒരു വഗ്ഗത്തിൻേറതിൽനിന്നു മറെറാന്നിൻേറതിലേക്കുള്ള ഒരു മാററം, കൂടിയേതീരൂവെന്നു്.

ബുദ്ധിജീവിവിഭാഗത്തിൽനിന്നുയൎന്നുവരുന്ന നമ്മുടെ എഴുത്തുകാരും സാഹിത്യകാരന്മാരും തങ്ങളുടെ സൃഷ്ടികളെ ജനങ്ങൾ ശരിക്കും സ്വാഗതം ചെയ്യണമെന്നാഗ്രഹിക്കുന്നുവെങ്കിൽ, തങ്ങളുടെ ചിന്താഗതിയിലും മനോഭാവത്തിലും നിശ്ചയമായും ഇങ്ങനെയൊരു പരിവൎത്തനം സൃഷ്ടിച്ചേമതിയാകൂ. അല്ലാത്തപക്ഷം അവക്കു ഫലപ്രദമായ യാതൊരു പ്രവൃത്തിയും ചെയ്യാൻ കഴിയില്ല; അവരുടെ സൃഷ്ടികൾ ഒരിക്കലുംതന്നെ ജനങ്ങളുടെ ഇടയിൽ പരക്കുകയില്ല.

## പഠനത്തിൻേറ പ്രശ്നമെന്താണു്?

മാർക്സിസ്ററു-ലെനിനിസ്ററു സിദ്ധാന്തങ്ങളും സമുദായഘടനയും സംബന്ധിച്ചുള്ള പഠനത്തിൻേറ പ്രശ്നമാണു് ഇവിടെ പ യുന്നതു്. താൻ ഒരു മാർക്സിസ്ററു-ലെനിനിസ്ററുവിപ്ലവസാഹിത്യകാരനാണെന്നു കണക്കാക്കുന്ന ഏതൊരാളും, വിശേഷിച്ചും കമ്യൂണിസ്ററു പാർട്ടിയിലുൾക്കൊള്ളുന്ന ഏതൊരെഴുത്തുകാരനും, മാർക്സിസം-ലെനിനിസത്തെസ്സംബന്ധിച്ചു് ഒരു പൊതുവിജ്ഞാനമെങ്കിലും സമ്പാദിച്ചേമതിയാകൂ. നമ്മുടെ പല സഖാക്കളും മാർക്സിസം-ലെനിനിസത്തിൻേറ ഏററവും മൌലികവും പ്രാഥമികവുമായ വ്യാഖ്യാനങ്ങൾപോലും മനസ്സിലാക്കി കഴിയുന്നുവെന്നതാണു് ഇന്നത്തെ സ്ഥിതി. ഉദാഹരണമായി, വസ്തുനിഷ്ഠമായ സ്ഥിതിഗതികളാണു് വ്യക്തിനിഷ്ഠമായവയെ നിർണ്ണയിക്കുന്നതെന്ന, വഗ്ഗസമരത്തിൻേറയും, ദേശീയസമരത്തിൻേറയും കമ്മനിഷ്ഠമായ സ്ഥിതിഗതികളാണു് നമ്മുടെ കത്തൃനിഷ്ഠമായ ചിന്തയേയും മനോഭാവങ്ങളേയും നിശ്ചയിക്കുന്നതെന്ന, മൌലികവ്യാഖ്യാനംപോലും പലരും മറക്കുന്നു. വാസ്തവത്തിൽ, ഈ സഖാക്കൾ പ്രസ്തുത സിദ്ധാന്തങ്ങൾക്കു നേരെ വിരുദ്ധമായാണു നീങ്ങുന്നതു്. "സ്നേഹ" (അല്ലെങ്കിൽ പ്രേമം-പരിഭാഷകൻ) ത്തിൽനിന്നാണു് സവ്വതും സമാരംഭിക്കുന്നതു് എന്നാണു് അവരുടെ അഭിപ്രായം. സ്നേഹത്തെക്കുറിച്ചു പറയുകയാണെങ്കിൽ, വിവിധമാർഗ്ഗങ്ങളുള്ള ഒരു സമുദായത്തിൽ വഗ്ഗത്തിൻേറതായ, അല്ലെങ്കിൽ വഗ്ഗപരമായ സ്നേഹമേ ഉണ്ടാവുകയുള്ളൂ. എന്നിട്ടും, എല്ലാവിധ വർഗ്ഗവൈരുദ്ധ്യങ്ങൾക്കും അതീതമായ സ്നേഹവുംതേടി പുറപ്പെട്ടിരിക്കയാണു് ഈ സഖാക്കൾ. അവ്യക്തവും കേവലവുമായ സ്നേഹം, അവ്യക്തവും കേവലവുമായ സത്യം, അവ്യക്തവും കേവലവുമായ മനുഷ്യപ്രകൃതം മുതലായവയാണു് ഈ സഖാക്കൾ തേടുന്നതു്.

ഇങ്ങനെ എത്രയോ അധികം ആഴത്തിലാണ് ബൂർഷ്വാസ്വാധീനശ
ക്തി ഇവരെ മുക്കിത്താഴ്ത്തിയിരിക്കുന്നതെന്നാണല്ലോ ഇതു തെളിയി
ക്കുന്നതു്. ഈ ബൂർഷ്വാ സ്വാധീനശക്തിയെ നമുക്കു കടപുഴക്കി
യെറിഞ്ഞേ മതിയാകൂ; മാർക്സിസം-ലെനിനിസം പഠിക്കാൻവേണ്ട ഒരു
തുറന്ന മനസ്സ് സൃഷ്ടിച്ചേ മതിയാകൂ.

ക്രിയാത്മകമായ സൃഷ്ടിപ്രവത്തനപദ്ധതികളേക്കുറിച്ചാണ് സാ
ഹിത്യകാരന്മാരും കലാകാരന്മാരും കൂടുതൽ പഠിക്കേണ്ടതെന്നതു ശരി
തന്നെ. എന്നാൽ എല്ലാ വിപ്ലവകാരികളും പഠിച്ചിരിക്കേണ്ട ഒരു
ശാസ്ത്രമായ മാർക്സിസം-ലെനിനിസത്തിന്റെ പഠനത്തിൽനിന്ന് എഴുത്തു
കാരും കലാകാരന്മാരും ഒഴിഞ്ഞുനിൽക്കുന്നതെങ്ങനെയാണ്. സാഹി
ത്യകാരന്മാരും കലാകാരന്മാരും നമ്മുടെ സമുദായത്തെക്കുറിച്ചുകൂടി
ശരിക്കും പഠിച്ചിരിക്കണം—സമുദായത്തിലടങ്ങുന്ന വിവിധ വർഗ്ഗങ്ങൾ,
അവ തമ്മിലുള്ള പരസ്പരബന്ധങ്ങൾ, അവയുടെ സ്ഥിതികൾ, മനോ
ഭാവങ്ങൾ, വിവിധ മനശ്ശാസ്ത്രരീതികൾ എന്നിവയെല്ലാം തികച്ചും
പഠിച്ചിരിക്കണം. ഈ ഘടകങ്ങളെയെല്ലാം ശരിക്കും പൂർണ്ണമായും
പഠിച്ചിരുന്നെങ്കിൽ മാത്രമേ അവക്ക് നമ്മുടെ സാഹിത്യത്തിനും കല
യ്ക്കും മഹത്തായ ഒരു ഉള്ളടക്കവും ശരിയായ ഒരു നേതൃത്വവും
നൽകാൻ കഴിയുകയുള്ളൂ.

ഇത്തരം പ്രശ്നങ്ങളെക്കുറിച്ച് ഏതാനും ചില ആമുഖക്കുറിപ്പു
കൾ മാത്രമേ ഞാനിന്നിട്ടുള്ളൂ. ഏതായാലും, ഇവിടെ സമ്മേളിച്ചിട്ടുള്ള
സകലരും ഈ പ്രശ്നങ്ങളേയും ഇവയുമായി ബന്ധപ്പെട്ട മററു കാര്യ
ങ്ങളേയുംപററി വിസ്തരിച്ചു വാദപ്രതിവാദം നടത്തുമെന്ന് ഞാൻ
വിശ്വസിക്കുന്നു.

# 1

സഖാക്കളെ, നാം ഈ മാസത്തിൽ മൂന്നു സമ്മേളനങ്ങൾ നടത്തിയിരിക്കുന്നു, ഇല്ലേ? സത്യാന്വേഷണത്തിന്നായുള്ള നമ്മുടെ ഈ തിരച്ചിലിൽ നാമെല്ലാവരുംതന്നെ, പാർട്ടിയംഗങ്ങളും പാർട്ടിയില്ലാത്തവരുമായ എല്ലാവരുംതന്നെ, ഉശിരുപിടിച്ച വാദപ്രതിവാദങ്ങൾ നടത്തിയിരിക്കുന്നു; അതുവഴി പ്രശ്നത്തിന്റെ നാനാവശങ്ങളേയും നാം പുറത്തു കൊണ്ടുവന്നിരിക്കുന്നു. അതുകൊണ്ട് നമ്മുടെ മുന്നിലുള്ള പ്രശ്നങ്ങളെന്തെല്ലാമെന്നു സുവ്യക്തമായും സ്വച്ഛമായും തെളിച്ചെടുക്കാൻ നമുക്ക് ഇന്നു സാധിച്ചിരിക്കുന്നു. നമ്മുടെ മുഴുവൻ സാഹിത്യ-കലാപ്രസ്ഥാനത്തിനും ഇതു ഗുണകരമായിരിക്കുമെന്നു ഞാൻ കരുതുന്നു.

ഏതൊരു പ്രശ്നത്തേയും സംബന്ധിച്ച വാദപ്രതിവാദത്തിൽ, വ്യക്തമായ പരമാർത്ഥങ്ങളിന്മേലായിരിക്കണം, അല്ലാതെ അവ്യക്തവും കേവലവുമായ നിർവ്വചനങ്ങളിന്മേലാകരുത്, നാം സ്വയം അടിസ്ഥാനപ്പെടുത്തി നില്ക്കുക. പാഠപുസ്തകനിർവ്വചനങ്ങളുടെ അടിസ്ഥാനത്തിലാണ് നാം സാഹിത്യത്തേയും കലയേയും വിശകലനം ചെയ്യാൻ ഭാവിക്കുന്നതെങ്കിൽ, അത്തരം നിർവ്വചനങ്ങളുടെ കണക്കുവെച്ചാണ് ഇന്നത്തെ സാഹിത്യ-കലാപ്രസ്ഥാനങ്ങളുടെ ഗതിവിഗതികളെ നാം നിർണ്ണയിക്കുന്നതെങ്കിൽ, അതുപോലെതന്നെ ഇവിടെ നടന്ന ഈ മൂന്നു സമ്മേളനങ്ങളിലും പ്രകടിപ്പിക്കപ്പെട്ട അഭിപ്രായങ്ങളെ അളക്കാനുള്ള പാരക്കോലായും നാമവയെത്തന്നെയാണ് ഉപയോഗിക്കുന്നതെങ്കിൽ, അങ്ങേയററംവരെ അബദ്ധവും ആക്ഷേപാർഹവുമായ ഒരു മാർഗ്ഗമായിരിക്കും നാമതുകൊണ്ടവലംബിക്കുന്നതു്. എന്നാൽ, നാമങ്ങനെ ചെയ്യില്ല; കാരണം നാം മാർക്സിസ്ററുകാരാണ്. പ്രശ്നങ്ങളുടെ പരിശോധന വസ്തുനിഷ്ഠതയുടെ, ശരിക്കുമുള്ള പരമാർത്ഥങ്ങളുടെ, അടിസ്ഥാനത്തിലാരംഭിക്കുക, അല്ലാതെ അവ്യക്തവും കേവലവുമായ നിർവ്വചനങ്ങളുടെ അടിസ്ഥാനത്തിലാവരുതു് എന്നാണ് മാർക്സിസം നമ്മെ പഠിപ്പിച്ചിട്ടുള്ളതു്. ഇങ്ങനെ ശരിക്കുമുള്ള പരമാർത്ഥങ്ങളെ കൃത്യമായി വിശകലനം ചെയ്യാലാകട്ടെ, ശരിയായ നേതൃത്വത്തിലും നയത്തിലും മാർഗ്ഗത്തിലുമെത്തിച്ചേരാൻ നമുക്കു കഴിയും. സാഹിത്യ-കലാപ്രസ്ഥാനത്തെക്കുറിച്ചുള്ള കൂടിയാലോചനകളിലും വാദപ്രതിവാദങ്ങളിലും നമുക്കനുസരിക്കാനുള്ളതും, മേല്പറഞ്ഞ വഴികൾതന്നെയാണ്.

എന്താണ് ഇന്നത്തെ ശരിയായ പരമാർത്ഥങ്ങൾ? ആ പരമാൎത്ഥങ്ങൾ കഴിഞ്ഞ അഞ്ചുകൊല്ലമായി ചൈന ജപ്പാനെതിരായി സമരം ചെയ്തുകൊണ്ടിരിക്കയാണെന്നതാണ്. ലോകവ്യാപകമായ തോതിൽ ഒരു ഫാസിസ്ററുവിരുദ്ധയുദ്ധം നടന്നുകൊണ്ടിരിക്കയാണെന്നതാണ്. ചൈനയിലെ വൻകിടജന്മിമാരും മുതലാളിമാരും ജാപ്പുവിരുദ്ധയുദ്ധത്തിൽ കേവലം നിഷ്ക്രിയാത്മകമായ ഒരു നയമനുസരിക്കുന്നുവെന്നുമാത്രമല്ല, ആഭ്യന്തരമായി അവർ അങ്ങേയററത്തെ മർദ്ദനം അഴിച്ചുവിടുകകൂടിച്ചെയ്യുന്നുവെന്നതാണ്. 1919 മേയ് 4 മുതൽ നമുക്കിവിടെ ഒരു വിപ്ലവസാഹിത്യ-കലാപ്രസ്ഥാനമുണ്ടായിരുന്നിട്ടുണ്ട്. എന്തു കുററവും കുറവുമുണ്ടായിരുന്നാലും, കഴിഞ്ഞ 23 കൊല്ലക്കാലത്തെ വിപ്ലവത്തിന് ഈ പ്രസ്ഥാനം വമ്പിച്ച പല സംഭാവനകളും നൽകിയിട്ടുണ്ട്. എട്ടാംറൂട്ടുസേനയും പുതിയ നാലാംപടയും എത്രയോ ജാപ്പുവിരുദ്ധജനാധിപത്യകേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ടെങ്കിൽ എണ്ണമററ എഴുത്തുകാരും കലാകാരന്മാരും ഈ സേനകളിൽ ചേൎന്നിട്ടുണ്ട്. പ്രസ്തുത വിമോചിതകേന്ദ്രങ്ങളിലെ സ്ഥിതിഗതിയും അവിടങ്ങളിലെ എഴുത്തുകാരുടേയും കലാകാരന്മാരുടേയും കടമയും ക്വമിന്താങ്ങുപ്രദേശമായ പൊതുപിന്നണിയിൽനിന്നും മൌലികമായി വ്യത്യസ്തമാണ്. യെനാനിലും മററു ജാപ്പുവിരുദ്ധകേന്ദ്രങ്ങളിലുമുള്ള സാഹിത്യ-കലാപ്രവൎത്തകർ എത്രയോ ചോദ്യങ്ങൾ ഉന്നയിച്ചിട്ടുണ്ട്. ഇന്നും ഉന്നയിക്കുന്നുമുണ്ട്. ഇവയാണ് യഥാൎത്ഥമായ, അനിഷേദ്ധ്യമായ ഇന്നത്തെ പരമാൎത്ഥങ്ങൾ; ഈ പരമാൎത്ഥങ്ങളുടെ അടിസ്ഥാനത്തിൽ വേണം, നമ്മുടെ പ്രശ്നങ്ങൾ പരിശോധിക്കുവാൻ.

ഈ നിലയ്ക്കു്, നമ്മുടെ പ്രശ്നത്തിന്റെ കാതലെന്താണ്? ബഹുജനങ്ങളുടെ ഭാഗത്തു് ഒത്തിണങ്ങി നില്ക്കുകയെന്നതെങ്ങനെയാണെന്നതാണ് നമ്മുടെ മൌലികപ്രശ്നമെന്നു ഞാൻ വിശ്വസിക്കുന്നു. ഈ പ്രശ്നം പരിഹരിക്കാത്തപക്ഷം, അല്ലെങ്കിൽ ശരിയായി പരിഹരിക്കാത്തപക്ഷം, ആഭ്യന്തരവും ബാഹ്യവുമായ നിരവധി വൈരുദ്ധ്യങ്ങളിൽപെട്ടു നമ്മുടെ എഴുത്തുകാരും കലാകാരന്മാരും നട്ടംതിരിയും; തങ്ങളുടെ ചുററുപാടുകൾക്കനുസരിച്ചു ശരിപ്പെടാൻ പററാത്തവരും കാൎയ്യനിൎവ്വഹണശേഷിയോടെ കടമകൾ നിറവേററാൻ കഴിയാത്തവരുമായി അവരധഃപതിയ്ക്കും.

ഈ മൌലികപ്രശ്നത്തെ കേന്ദ്രമാക്കിക്കൊണ്ടുവേണം എന്റെ വാദപ്രതിവാദമെന്ന് എനിക്കു തോന്നുന്നു. എന്നാൽ ഇതുമായി ബ

ന്ധപ്പെട്ട മററു പ്രശ്നങ്ങളെക്കുറിച്ചും ഞാൻ സംസാരിക്കുന്നതായിരിക്കും.

ഒന്നാമതായി നമുക്കു പരിശോധിക്കുക, നമ്മുടെ സാഹിത്യവും കലയും ആരെയുദ്ദേശിച്ചിട്ടുള്ളതാണെന്നു്. പ്രഥമദൃഷ്ടത്തിൽ നമുക്കു തോന്നും, വിവിധ ജാപ്പുവിരുദ്ധജനാധിപത്യകേന്ദ്രങ്ങളിലുള്ള നമ്മുടെ സാഹിത്യകാരന്മാരും കലാകാരന്മാരുമായ ഈ സഖാക്കൾ ഈ പ്രശ്നം എന്നോ പരിഹരിച്ചിരിക്കുന്നുവെന്നും ഇതേപ്പററി ഇനി വാദപ്രതിവാദം തുടരുന്നതിൻെറ ആവശ്യമില്ലെന്നുമൊക്കെ. വാസ്തവത്തിൽ കാര്യം അങ്ങനെയൊന്നുമല്ല. നമ്മുടെ പല സഖാക്കൾക്കും ഇതു സംബന്ധിച്ചു് സുവ്യക്തമായ ഒരു സമാധാനമില്ല. ഇതിൻെറയെല്ലാം ഫലമോ? ജനങ്ങളുടേയും യഥാർത്ഥസമരത്തിൻെറയും ആവശ്യങ്ങളുമായി അവരുടെ വികാരങ്ങളും, മുഴമിച്ച സൃഷ്ടികളും, നടപടികളും, സാഹിത്യവും കലയും സംബന്ധിച്ചുള്ള നമ്മുടെ നയത്തെപ്പററി അവരടിച്ചുവിടുന്ന അഭിപ്രായങ്ങൾ കൂടിയും പലപ്പോഴും വളരെയധികം വൈരുദ്ധ്യമുള്ളതായി കാണുന്നു. ശത്രുവും കുമിന്താങ്ങിൻെറ രഹസ്യവകുപ്പുംകൂടി താൽക്കാലികമായി കുറെ അവസരവാദികളേയും ഒററുകാരേയും നമ്മുടെ സാഹിത്യകാരന്മാരുടേയും കലാകാരന്മാരുടേയും അണിയിൽ കുത്തിത്തിരുകിയിട്ടുണ്ടെന്നതു സംശയരഹിതമാണെങ്കിലും, നമ്മുടെ മഹത്തായ വിമോചനസമരത്തിൻെറ വിജയത്തിനുവേണ്ടി കമ്മ്യൂണിസ്ററുപാർട്ടിയിലും എട്ടാംരൂട്ടുസേനയിലും പുതിയ നാലാംപടയിലും ചേർന്നിട്ടുള്ള എണ്ണമററ ബുദ്ധിജീവികൾ, സാഹിത്യകാരന്മാർ, കലാകാരന്മാർ എന്നിവരേയും മററു സാഹിത്യ-കലാപ്രവർത്തകന്മാരേയും പൊതുവേ പരിശോധിച്ചാൽ, മേല്പറഞ്ഞ ആ ചുരുക്കംപേരൊഴിച്ചു്, മററല്ലാവരും തന്നെ ഒരു പൊതുലക്ഷ്യത്തിനുവേണ്ടി അദ്ധ്വാനിക്കുന്നവരാണെന്നു കാണാൻ വിഷമമില്ല. നമ്മുടെ സാഹിത്യം, അഭിനയം, സംഗീതം എന്നിവയും മററു കലകളും, അവരുടെ ആ അദ്ധ്വാനത്തിൻെറ ഫലമായി, വളരെയധികം പുരോഗമിച്ചിട്ടുമുണ്ടു്. യുദ്ധം പൊട്ടിപ്പുറപ്പെട്ടതിനുശേഷംമാത്രം പ്രവർത്തനമാരംഭിച്ചവരാണു് അവരിൽ പലരും. മററുള്ളവരിൽ ഒരു നല്ല വിഭാഗം യുദ്ധത്തിനുമുമ്പത്തെ വിപ്ലവപ്രവർത്തനങ്ങളിൽ പങ്കെടുത്തിട്ടുള്ളവരും വളരെയധികം വേദനയനുഭവിച്ചിട്ടുള്ളവരും കടുത്ത അനുഭവങ്ങളുൾക്കൊള്ളുന്നവരുമായിരിക്കും. അവരുടെയെല്ലാം തന്നെ പ്രവർത്തനങ്ങളും സൃഷ്ടികളും ബഹുജനങ്ങളുടെമേൽ വമ്പിച്ച സ്വാധീനശക്തി ചെലുത്തിയിട്ടുമുണ്ടു്.

എന്നിട്ടും നമ്മൾ പറയുന്നതെന്താണ് ഈ സഖാക്കളിൽ പലക്കും തങ്ങളുണ്ടാക്കുന്ന സാഹിത്യവും കലയും ആരെയുദ്ദേശിച്ചുള്ളതാണെന്ന കാര്യത്തിൽ കൃത്യവും ഖണ്ഡിതവുമായ ഒരു പിടിപാടില്ലെന്ന്? ബഹുജനങ്ങൾക്ക് വേണ്ടിയല്ല, പ്രത്യുത ചൂഷകരും മർദ്ദകരുമായ വഗ്ഗങ്ങൾക്കുവേണ്ടിയാണ് നമ്മുടെ വിപ്ലവകരമായ സാഹിത്യവും കലയും സൃഷ്ടിക്കുന്നതെന്ന് അവരിൽ പലരും വിശ്വസിക്കുന്നതായി കരുതാൻ കഴിയുമോ?

ചൂഷകന്മാക്കും മർദ്ദകന്മാക്കും നാട്ടുവാഴിത്തസാഹിത്യവും കലയുമുണ്ട്; ഭൂവുടമവഗ്ഗത്തെ സേവിക്കുന്നതും ചൈനയിലെ നാട്ടുവാഴിത്ത ഘട്ടത്തിലെ ഭരണാധികാരിവർഗ്ഗങ്ങളുടേതായിരുന്നതുമായ അത് ഇന്നും ഗണ്യമായ സ്വാധീനശക്തി ചെലുത്തുന്നുമുണ്ട്. അതുപോലെ തന്നെ ബൂർഷ്വാസിയെ സേവിക്കുന്ന സാഹിത്യവും കലയുമുണ്ട് ഇവിടെ—മുതലാളിസാഹിത്യവും കലയും. ല്യൂസൂൻെറ നിശിതവിമശനത്തിനു വിധേയമായിരുന്ന ലിയാങ്ങ് ഷി-ച്യുവിനേപ്പോലുള്ള സാഹിത്യകാരന്മാർ പറഞ്ഞിരുന്നു, സാഹിത്യവും കലയും വർഗ്ഗവ്യത്യാസങ്ങൾക്കെല്ലാം അതീതമായി നില്ക്കുന്നുവെന്ന്. എന്നാൽ, ഇക്കൂട്ടർ യഥാത്ഥത്തിൽ ചെയ്യുന്നതു ബൂർഷ്വാസാഹിത്യത്തേയും കലയേയുംവളത്തുകയും തൊഴിലാളിവഗ്ഗസാഹിത്യത്തേയും കലയേയും എതിക്കുകയുമാണ്. ഇതിനും പുറമെ, സാമ്രാജ്യത്വതാല്പയ്യങ്ങളെ പരിരക്ഷിക്കുന്നതും അങ്ങനെ ഒരു അടിമസംസ്കാരത്തെ പ്രതിനിധീകരിക്കുന്നതുമായ സാഹിത്യവും കലയുമുണ്ട് ഇവിടെ; അതിനെ നമുക്ക് അടിമസ്സംസ്കാരമെന്നു വിളിക്കാം. ഈ അടിമസ്സംസ്കാരത്തിനുവേണ്ടിയാണു ചൌചോ-ജെൻ, ചേങ്ങ് ചി-പിങ്ങ് എന്നിവരേപ്പോലുള്ള സാഹിത്യകാരന്മാർ വാദിക്കുന്നതു്. ഇനിയുമുണ്ടു വേറൊരുതരം സാഹിത്യവും കലയും—രഹസ്യവകുപ്പിൻെറ സൃഷ്ടി സി. ഐ. ഡി. കളുടെ സംസ്കാരം. അതു കാഴ്ചയിൽ "വളരെ വിപ്ലവകര"മാണ്; എന്നാൽ യഥാത്ഥത്തിലതു മുകളിൽ കൊടുത്ത മൂന്നിനങ്ങളിലേതിലെങ്കിലും പെടുന്നതാണ്.

നമ്മുടെ സാഹിത്യവും കലയും മുകളിൽകൊടുത്ത വിഭാഗങ്ങൾക്കൊന്നും വേണ്ടിയല്ല, ബഹുജനങ്ങൾക്കുവേണ്ടിയാണ്, സൃഷ്ടിക്കപ്പെടുന്നതു്. നാം ഇതിനകംതന്നെ പറഞ്ഞുകഴിഞ്ഞുവല്ലോ, നമ്മുടെ പുതിയ സംസ്കാരം ഇന്നത്തെ ഘട്ടത്തിൽ തൊഴിലാളിവർഗ്ഗനേതൃത്വത്തിലുള്ളതും ബഹുജനങ്ങളുടേതുമായ സാമ്രാജ്യത്വ-നാട്ടുവാഴിത്തവിരുദ്ധസംസ്കാരമാണെന്നു്. ബഹുജനങ്ങൾക്കുവേണ്ടിയുള്ളതു മുഴുവൻ തൊഴിലാ

ളിവർഗ്ഗനേതൃത്വത്തിലായിരിക്കണമെന്നതു് അനിവാര്യമാണു്. ബൂർഷ്വാനേതൃത്വത്തിലുള്ളതൊന്നും ബഹുജനങ്ങളുടേതാവുകയുമില്ല. നമ്മുടെ പുതിയ സംസ്കാരത്തിൻെറ അഭേദ്യഭാഗമായ പുതിയ സാഹിത്യവും കലയും ഇതിൽനിന്നും വ്യത്യസ്തമല്ല. നാടുവാഴിത്ത-ബൂർഷ്വാവർഗ്ഗങ്ങളുപയോഗിച്ചിരുന്ന പഴയ രൂപങ്ങളൊന്നും ഉപയോഗിക്കാൻ കൂട്ടാക്കാതിരിക്കുകയെന്നതല്ല നമ്മുടെ നയം; നാമാരൂപങ്ങളെ ഉപയോഗപ്പെടുത്തിയേക്കും. പക്ഷെ നാമതു് ഉപയോഗിക്കാൻ തുടങ്ങുകയാണെങ്കിൽ നാമതിനെ പുതുക്കുകയും അതിന്നു പുതിയ ഉള്ളടക്കം നൽകുകയും ചെയ്യും; അങ്ങനെ അവ വിപ്ലവകരമായിത്തീരുകയും ജനങ്ങൾക്കു പ്രയോജനപ്പെടുകയും ചെയ്യും.

ആരാണു് ഈ ബഹുജനങ്ങളെന്നുവെച്ചാൽ? നമ്മുടെ ജനസംഖ്യയിൽ 90 ശതമാനവും തൊഴിലാളികൾ, കൃഷിക്കാർ, പട്ടാളക്കാർ, പെററിബൂർഷ്വാസി എന്നിവരാകുന്നു. അതുകൊണ്ടു നമ്മുടെ സാഹിത്യവും കലയും ഒന്നാമതായും സേവിക്കുന്നതു്, വിപ്ലവത്തിൻെറ നേതാക്കളായ തൊഴിലാളിവർഗ്ഗത്തെയായിരിക്കണം; രണ്ടാമതു് ഏററവും വിപുലവും വിപ്ലവത്തിൽ തൊഴിലാളിവർഗ്ഗത്തിൻെറ ഉറച്ച ബന്ധുവുമായ കർഷകവിഭാഗത്തെയായിരിക്കണം; മൂന്നാമതു്, തൊഴിലാളികളുടേയും കൃഷിക്കാരുടേയും സായുധസേനകളെ—എട്ടാംറൂട്ട്സേന, പുതിയ നാലാംപട, മററു ജനകീയസേനകൾ എന്നിങ്ങനെയുള്ള നമ്മുടെ സമരം ചെയ്യുന്നശക്തികളുടെ മുഖ്യവിഭാഗത്തെ; നാലാമതു്, നമ്മുടെ വിപ്ലവത്തിലെ മറെറാരു ബന്ധുവും ദൂരവ്യാപകലക്ഷ്യമുള്ള ഒരു പരിപാടിയുടെ അടിസ്ഥാനത്തിൽ നമ്മോടു സഹകരിക്കുന്നതുമായ, പെററിബൂർഷ്വാസിയെ. ഈ നാലു വിഭാഗങ്ങളും കൂടിയാൽ ചൈനീസ് ജനതയിലെ ബഹുഭൂരിപക്ഷമായി, ഇവരാണു നമ്മുടെ വിപുലമായ ബഹുജനങ്ങൾ, ഇതിന്നുംപുറമെ, ഇപ്പോഴും ജപ്പാനെ ചെറുത്തുകൊണ്ടിരിക്കുന്ന ജന്മിമാരും മുതലാളിമാരുമായും നാം സഹകരിക്കണം; പക്ഷേ ബഹുജനങ്ങളുടെ ജനാധിപത്യത്തിന്നെതിരാണവരെന്ന വസ്തുത തികച്ചും മനസ്സിൽ വെച്ചുകൊണ്ടുവേണം അതു ചെയ്യുക. അവർക്കു് അവരുടെ സ്വന്തം സാഹിത്യവും കലയുമുണ്ടു്; നമ്മുടേതു് അവർക്കുവേണ്ടിയുള്ളതല്ല, അവരിതു് അംഗീകരിക്കുന്നുമില്ല.

നമ്മുടെ സാഹിത്യവും കലയും മേല്പറഞ്ഞ ആ വിപുലമായ ബഹുജനങ്ങളാകുന്ന നാലു വിഭാഗങ്ങൾക്കുവേണ്ടിയാണു്. ഇതിൽ തൊഴിലാളികൾ, കൃഷിക്കാർ, പട്ടാളക്കാർ എന്നിവർക്കാണു് മുഖ്യപ്രാധാ

ന്യം. മററുള്ളവരെ അപേക്ഷിച്ച് പെററിബൂർഷ്വാസിക്ക് ഒരു ഉയന്ന സാംസ്കാരികനിലവാരമുണ്ടായിരിക്കാമെങ്കിലും, എണ്ണത്തിലും വിപ്ലവക്കരുത്തിലും ഏററവും ദുർബ്ബലമായ വിഭാഗമാണത്. അതുകൊണ്ട് നമ്മുടെ സാഹിത്യവും കലയും ഒന്നാമതായും തൊഴിലാളികൾ, കൃഷിക്കാർ, പട്ടാളക്കാർ എന്നിവരെയുദ്ദേശിച്ചുള്ളതും പെററിബൂർഷ്വാസിക്ക് രണ്ടാംസ്ഥാനംമാത്രമുള്ളതുമാകുന്നു. നേരേമറിച്ചായാൽ അത് അങ്ങേയററംവരെ തെററായിരിക്കും.

ഖണ്ഡിതമായിപ്പറഞ്ഞാൽ ഈയൊരു കാര്യത്തിലാണ്, പല സഖാക്കളും വ്യക്തമായ ഒരു പിടിപാടിലെത്തിയിട്ടില്ലാത്തത്. സിദ്ധാന്തത്തിൻെറ കാര്യത്തിൽ അവർ തെററാപ്പിക്കുന്നുവെന്നു ഞാൻ പറയുന്നില്ല. ഇതിലൊററസഖാക്കളുംതന്നെ സിദ്ധാന്തത്തിൻെറ കാൎയ്യത്തിൽ, അല്ലെങ്കിൽ വാക്കുകളിൽ, തൊഴിലാളികളും കൃഷിക്കാരും പട്ടാളക്കാരും പെററിബൂർഷ്വാസിയേക്കാൾ പ്രാധാന്യം കുറഞ്ഞവരാണെന്നു് കണക്കാക്കുന്നില്ല. എന്നാൽ, ഇവരിൽ ചിലരെല്ലാം പ്രയോഗത്തിൽ, അല്ലെങ്കിൽ പ്രവൃത്തിയിൽ, തൊഴിലാളികളെക്കാളും കൃഷിക്കാരെക്കാളും പട്ടാളക്കാരെക്കാളും പ്രാധാന്യമുള്ള മട്ടിൽ പെററിബൂഷ്വാസിയുടെ കാര്യമെടുക്കാറില്ലേ? ഉണ്ടെന്നാണ് എൻെറ വിശ്വാസം.

പല സഖാക്കളുംതന്നെ ബുദ്ധിജീവികളെ പഠിക്കാനും, അവരുടെ മനഃശാസ്ത്രത്തെ വിശകലനംചെയ്യാനും, അവരുടെ പലതിനും മാപ്പുകൊടുക്കാനും എന്തിന് അവരുടെ കുറവുകളെ ശരിയെന്നു സ്ഥാപിക്കാൻപോലുംവേണ്ടി വളരെയധികം സമയവും പ്രയത്നവും ചിലവിടാറുണ്ട്. ഇതിൻെറ ഫലമായി, ഈ സഖാക്കൾ പെററിബൂർഷ്വാബുദ്ധിജീവികളേയും തങ്ങളെത്തന്നെയും തൊഴിലാളികളും കൃഷിക്കാരും പട്ടാളക്കാരുമായി അടുത്ത ബന്ധം സ്ഥാപിക്കുന്നതിലും, തൊഴിലാളികളുടേയും കൃഷിക്കാരുടേയും പട്ടാളക്കാരുടേയും യഥാൎത്ഥസമരങ്ങളിൽ പങ്കെടുക്കുന്നതിലും, അതുവഴി അവരെ ചിത്രീകരിക്കുകയും വിദ്യാഭ്യാസം നടത്തിപ്പിക്കുകയും ചെയ്യുന്നതിലും അങ്ങേയററം പരാജയപ്പെടുന്നു. നമ്മുടെ പല സഖാക്കളുംതന്നെ ഒരു പെററിബൂർഷ്വാ പശ്ചാത്തലമുള്ളവരും സ്വയം ബുദ്ധിജീവികളുമാകുന്നു. അതിനാൽ ഇവർ തങ്ങളെപ്പോലുള്ളവരുമായി കൂട്ടുകൂടുന്നതിന് ആഹ്ളാദം കാണുന്നവരും തൽഫലമായി അത്തരം ബുദ്ധിജീവികളെ പഠിക്കുന്നതിലും ചിത്രീകരിക്കുന്നതിലും സ്വയം ഉഴിഞ്ഞിടുന്നവരുമായിപ്പോകുന്നു. തൊഴിലാളിവർഗ്ഗത്തിൻെറ നിലപാടിൽ നിന്നുകൊണ്ടാണ് ഇതു ചെ

യുള്ളതാണെങ്കിൽ ആ നിലയ്ക്കെങ്കിലും അതു വളരെയധികം പ്രാധാന്യമുള്ള ഒന്നായേനെ. എന്നാൽ അങ്ങനെയല്ല, അല്ലെങ്കിൽ തികച്ചും അങ്ങനെയല്ല, അവരിതു ചെയ്യുന്നതു്, ഈ സഖാക്കൾ പെററിബൂർഷ്വാനിലപാടിൽനിന്നാണു് പഠിക്കുന്നതും ചിത്രീകരിക്കുന്നതും; അവരുടെ സൃഷ്ടികൾ പെററിബൂർഷ്വാവീക്ഷണഗതിയുടെ പ്രകടനമായാണു് കലാശിക്കുന്നതും. പലപ്പോഴും പെററിബൂർഷ്വാപശ്ചാത്തലത്തോടുകൂടിയ ബുദ്ധിജീവികളോടു് അമിതമായ അനുഭാവം കാണിക്കുന്ന, അതല്ലെങ്കിൽ പെററിബൂർഷ്വാദൌർബ്ബല്യങ്ങളെ ശരിവെയ്ക്കുകയോ അതിനുവേണ്ടി വാദിക്കുകയോപോലുമോ ചെയ്യുന്ന, ഇത്തരം പല സാഹിത്യ-കലാസൃഷ്ടികളും നാം കണ്ടിട്ടുണ്ടു്.

അത്തരം സഖാക്കൾക്കു തൊഴിലാളികളും കൃഷിക്കാരും പട്ടാളക്കാരുമായി യഥാർത്ഥമായ ബന്ധമില്ല. അവരെ ശരിക്കു മനസ്സിലാക്കുകയും പഠിക്കുകയും ചെയ്യാതെ, അവരുടെ ഇടയിൽനിന്നുള്ള അല്പം ചില അടുത്ത സുഹൃത്തുക്കളുമായിമാത്രം ബന്ധംവെച്ചുകൊണ്ടു്, ഈ വിഭാഗങ്ങളെ സത്യസന്ധമായും വേണ്ടമാതിരിയും ചിത്രീകരിക്കാൻ കഴിയുകയില്ലല്ലോ. ഇവരുടെ കഥാപാത്രങ്ങളിൽ വലതും തൊഴിലാളികളുടേയും കൃഷിക്കാരുടേയും പട്ടാളക്കാരുടേയും വേഷം കെട്ടിയിരിക്കാമെങ്കിലും, ഫലത്തിൽ അവ സ്ഥിരമായും പെററിബൂർഷ്വാസിയായി തിരിയുകയാണു് പതിവു്.

തൊഴിലാളികൾ, കൃഷിക്കാർ, പട്ടാളക്കാർ, അവരുടെയെല്ലാമിടയിൽനിന്നുയർന്നുവരുന്ന കേഡർമാർ എന്നിവരുടെ നേരെ ഈ സഖാക്കൾ ഏതാനുംചില അവസരങ്ങളിൽ സ്നേഹാദരങ്ങൾ പ്രകടിപ്പിക്കുന്നില്ലെന്നു് ഇവിടെ പറയുന്നില്ല. എന്നാൽ മററു പല അവസരങ്ങളിലും, പല സംഗതികളിലും, അവർ സാധാരണജനങ്ങളെ ഇഷ്ടപ്പെടാറില്ല. സാധാരണജനങ്ങളുടെ വികാരവിചാരങ്ങളേയും ഇംഗിതങ്ങളേയും ചുമർപത്രങ്ങൾ, മതിൽച്ചിത്രങ്ങൾ, നാടൻപാട്ടുകൾ, പഴങ്കഥകൾ, ഗ്രാമീണഭാഷ മുതലായി ഇന്നും ശൈശവാവസ്ഥയിൽക്കഴിയുന്ന പ്രാകൃതമായ അവരുടെ സാഹിത്യകലാരൂപങ്ങളേയും ഈ സഖാക്കൾ ഇപ്പോഴും വെറുക്കുന്നു. അഥവാ ഈവക സംഗതികളോടു് ഈ സഖാക്കൾ എന്തെങ്കിലും ഇഷ്ടം കാണിക്കുന്നുണ്ടെങ്കിൽതന്നെ അതു് അവരുടെ കൌതുകംകൊണ്ടു മാത്രമാണു്; അല്ലെങ്കിൽ തങ്ങളുടെ സ്വന്തം സൃഷ്ടികൾക്കു് ഒരു താങ്ങായുപയോഗിക്കാൻ വേണ്ടി മാത്രമാണു്; അതുമല്ലെങ്കിൽ ഈ അപരിഷ്കൃതസാഹിത്യ

കലാരൂപങ്ങളുടെ ഏററവും അധഃപതിച്ച വശങ്ങൾ ആരായുന്നതുകൊണ്ടുമാത്രമാണു്. മററു പല അവസരങ്ങളിലും ഈ സഖാക്കൾ ഇത്തരം സാഹിത്യ-കലകളെ പരസ്യമായിത്തന്നെ നിന്ദിക്കുകയും നിരസിക്കുകയും, പെററിബൂർഷ്വാബുദ്ധിപ്രമാണിത്തങ്ങളും വായാടിത്തങ്ങളും ചിലപ്പോൾ ബൂർഷ്വാവേദാന്തങ്ങൾതന്നെയും കൂടുതൽ ഇഷ്ടപ്പെടുകയും ചെയ്യുന്നു. ചുരുക്കത്തിൽ ഈ സഖാക്കളിപ്പോഴും തങ്ങളുടെ പെററിബൂർഷ്വാചുററുപാടിൽത്തന്നെ മൂടുറപ്പിച്ചിരിക്കയാണു്; കുറച്ചുകൂടി വ്യക്തമായിപ്പറഞ്ഞാൽ അവരുടെ ആ വിലപ്പെട്ട ആത്മാവുകളിപ്പോഴും പെററിബൂർഷ്വാമണ്ഡലത്തിൽത്തന്നെ ഒട്ടിപ്പിടിച്ചുകിടക്കുകയാണു്.

നമ്മുടെ ആസ്വാദകരേയും വായനക്കാരേയുംകുറിച്ചുള്ള പ്രശ്നം ഈ സഖാക്കളിനിയും മനസ്സിലാക്കിക്കഴിഞ്ഞിട്ടില്ല; അതിനു വ്യക്തവും ഖണ്ഡിതവുമായ ഒരു പരിഹാരം കണ്ടെത്താൻ അവക്കൊത്തിട്ടുമില്ല. പുതുതായി യെനാനിലെത്തിയവരെമാത്രം ബാധിക്കുന്ന ഒരു പരമാർത്ഥമല്ല ഇതു്; മുന്നണിയിലും നമ്മുടെ കേന്ദ്രങ്ങളിലും, എട്ടാംറൂട്ടുസേനയിലും പുതിയ നാലാംപടയിലുമൊക്കെ, വളരെക്കൊല്ലങ്ങൾ കഴിച്ചുകൂട്ടിയിട്ടുള്ള ചിലരെക്കൂടി ബാധിക്കുന്നതാണിതു്.

ഈ പ്രശ്നം പൂർണ്ണമായും പരിഹരിക്കാൻ എട്ടോ പത്തോ കൊല്ലങ്ങൾ എടുത്തേക്കാം. അതിനുവേണ്ടി എത്രകൊല്ലം എടുക്കേണ്ടിവരുമെന്നതല്ല, ആ പ്രശ്നം. പരിഹരിക്കണമെന്നതാണു്, എന്നെന്നേക്കുമായി പരിഹരിക്കണമെന്നതാണു്, ഇവിടത്തെ പ്രശ്നം. ക്രമേണ ക്രമേണ തൊഴിലാളികളുടേയും കൃഷിക്കാരുടേയും പട്ടാളക്കാരുടേയും ഇടയിലേയ്ക്കു് നീങ്ങാൻവേണ്ടി, തങ്ങളുടെ കടവേരു് അവരിലുറപ്പിക്കാൻവേണ്ടി, നമ്മുടെ സാഹിത്യകാരന്മാരും കലാകാരന്മാരും ബോധപൂർവ്വം, അതു തങ്ങളുടെ അനുപേക്ഷണീയമായ ഒരു കടമയായെടുത്തു്, അദ്ധ്വാനിക്കണം; അവരുടെ ജീവിതത്തിലേയ്ക്കു് അങ്ങേയററം വരെ ഇറങ്ങിച്ചെന്നാൽ മാത്രമേ, അവരുടെ സമരങ്ങളിൽ സജീവമായ പങ്കു വഹിച്ചാൽമാത്രമേ, മാർക്സിസം-ലെനിനിസവും സമുദായങ്ങളും തമ്മിൽ വളരെയധികം വ്യത്യാസമുണ്ടു്. എന്തായാലും അത്തരം ദുഷിച്ച വാസനകൾ നമ്മുടെ അണിയിലുണ്ടെന്നതും, ഈ മൗലികപ്രശ്നത്തിനു ശരിയായ പരിഹാരം കണ്ടെത്താത്തപക്ഷം മററു പ്രശ്നങ്ങളൊന്നും എളുപ്പം പരിഹരിക്കാൻ സാധിക്കുന്നില്ലെന്നതും തക്കമററ സംഗതിയാണു്.

ഉദാഹരണത്തിന്ന സാഹിത്യ-കലാരംഗത്തിലെ സെക്ടേറിയനിസമെടുക്കുക: അതും നമ്മുടെ പ്രമാണമെന്തായിരിക്കണമെന്നതിനെ സംബന്ധിച്ച ഒരു പ്രശ്നമാണ്. സെക്ടേറിയനിസത്തെ തുടച്ചുനീക്കാൻ നമുക്കു കഴിയണമെങ്കിൽ നാം ഈ മുദ്രാവാക്യം ശക്തിയായുയർത്തുകയും ശരിക്കും നടപ്പിൽവരുത്തുകയുംവേണം; "തൊഴിലാളികൾക്കും കൃഷിക്കാർക്കുംവേണ്ടി അദ്ധ്വാനിക്കുക; എട്ടാംരൂട്ടപ്പട്ടാളത്തിനും പുതിയ നാലാംപടയ്ക്കുംവേണ്ടി അദ്ധ്വാനിക്കുക—ഇറങ്ങിച്ചെല്ലുക, ജനങ്ങളുടെ ഇടയിലേയ്ക്കു്!" അല്ലാത്തപക്ഷം ഒരിക്കലും നമുക്കു സെക്ടേറിയനിസത്തിൽനിന്നു രക്ഷപ്പെടാൻ കഴികയില്ല.

ല്യൂസൂൺ ഒരിക്കൽ പറയുകയുണ്ടായി, വിപ്ലവകരമായ സാംസ്കാരികമുന്നണിയിലുള്ള അനൈക്യത്തിന്നടിസ്ഥാനം, ഒരു പൊതുലക്ഷ്യത്തിൻെറ അഭാവമാണെന്നു്, തൊഴിലാളികൾക്കും കൃഷിക്കാർക്കുംവേണ്ടി അദ്ധ്വാനിക്കലാണ് ആ പൊതുലക്ഷ്യം.

അന്നു് ഷാങ്ങ്ഹായിലുണ്ടായിരുന്ന ഈ പ്രശ്നം ഇന്നു ച്വുങ്കിങ്ങിലും നിലനില്ക്കുന്നു. പ്രസ്തുത സ്ഥലങ്ങളിൽ പെട്ടെന്നു് അതിന്നു പരിഹാരം കാണുക സാദ്ധ്യമല്ല; കാരണം അവിടങ്ങളിലെല്ലാം വിപ്ലവകാരികളായ സാഹിത്യകാരന്മാരും കലാകാരന്മാരും അടിച്ചമർത്തപ്പെട്ടുകിടക്കുകയാണ്. ജനങ്ങളുടെ ഇടയിലേക്കിറങ്ങിച്ചെല്ലാൻ അവർക്കു സ്വാതന്ത്ര്യമില്ല. എന്നാൽ നമ്മുടെ പ്രദേശങ്ങളിലാകട്ടെ, സ്ഥിതിഗതികൾ തികച്ചും വ്യത്യസ്തമാണ്. തൊഴിലാളികളുടേയും കൃഷിക്കാരുടേയും പട്ടാളക്കാരുടേയും നടുവിലേക്കിറങ്ങിച്ചെല്ലുവാൻ വിപ്ലവകാരികളായ സാഹിത്യകാരന്മാരേയും കലാകാരന്മാരേയും നാം പ്രോത്സാഹിപ്പിക്കുകയാണ്. ജനങ്ങളുടെ നടുവിൽ മുഴുകിക്കഴിയാൻ ഇവിടെ അവർക്കു പൂർണ്ണസ്വാതന്ത്ര്യമുണ്ടു്; ശരിയ്ക്കും വിപ്ലവകരമായ സാഹിത്യവും കലയും സൃഷ്ടിക്കാൻ ഇവിടെ അവർക്കു തികച്ചും സ്വാതന്ത്ര്യമുണ്ടു്. അതുകൊണ്ടു് നമ്മുടെ പ്രദേശങ്ങളിൽ ആ പ്രശ്നത്തിനുള്ള പരിഹാരത്തിൻെറ വളരെ അടുത്തുവരാൻ അവർക്കു കഴിഞ്ഞിരിക്കുന്നു. പക്ഷെ പരിഹാരത്തിൻെറ അടുത്തു വരികയെന്നതും, പൂർണ്ണമായും സമഗ്രമായും ഒരു പ്രശ്നം പരിഹരിക്കുകയെന്നതും ഒന്നല്ലല്ലോ.

അതിനാൽ, ആ പ്രശ്നം എന്നെന്നേയ്ക്കുമായി പരിഹരിക്കാൻ നമുക്കു കഴിയണമെങ്കിൽ നാം മാർക്സിസം-ലെനിനിസവും സമുദായഘടനയുമെന്തെന്നു ശരിയ്ക്കും പഠിക്കണം. മാർക്സിസം-ലെനിനിസമെന്നുവെച്ചാൽ നാമിവിടെ ഉദ്ദേശിക്കുന്നതു ജനങ്ങളുടെ ജീവിതത്തി

ലും സമരത്തിലും പ്രയോഗിക്കാൻ സാധിക്കുന്ന ശരിയായ, സജീവ മായ, മാർക്സിസം-ലെനിനിസമാണ്. അല്ലാതെ കേവലം, വമ്പൻ ഗ്രന്ഥങ്ങളിൽ അട്ടിയട്ടിയായി അടക്കിവെച്ചിട്ടുള്ള മാർക്സിസം ലെനി നിസമല്ല. മാർക്സിസം-ലെനിനിസത്തെ പുസ്തകങ്ങളിൽനിന്നു ജന ങ്ങളുടെ ഹൃദയങ്ങളിലേയ്ക്കു മാററുകയാണെങ്കിൽ, പുസ്തകങ്ങളിലെ മാർക്സിസം-ലെനിനിസത്തെ സജീവമായ മാർക്സിസം-ലെനിനിസ മാക്കുകയാണെങ്കിൽ, അവിടെ പിന്നെ സെക്ടേറിയനിസത്തിനിട മുണ്ടാവുകയില്ല. അതോടുകൂടി, സെക്ടേറിയനിസം മാത്രമല്ല മററു പല പ്രശ്നങ്ങളും പരിഹരിക്കപ്പെടുന്നതുമാണ്.

# II

നമ്മുടെ പൊതുജനങ്ങളാരെല്ലാമെന്നതു സംബന്ധിച്ച പ്രശ്നം പരിഹരിക്കപ്പെട്ടശേഷമുണ്ടാകുന്ന പിന്നത്തെ പ്രശ്നമിതാണ്. ജനങ്ങൾക്കുവേണ്ടി എങ്ങനെ അദ്ധ്വാനിക്കാൻ കഴിയും? ജനങ്ങളുടെ സാംസ്കാരികനിലവാരം ഉയർത്തൽ അല്ലെങ്കിൽ അവരുടെ വിദ്യാഭ്യാസപ്രവർത്തനം എന്ന പേരിലാണ് നമ്മുടെ സഖാക്കൾ ഈ പ്രശ്നത്തെ പരിചയപ്പെടുന്നതു്.

വിദ്യാഭ്യാസത്തിന്റെ കാര്യം ഉപേക്ഷിക്കുകയോ അവഗണിക്കുകയോ ചെയ്യുക, എന്നിട്ട് സാംസ്കാരികനിലവാരം ഉയർത്തുന്നതിനെപ്പററി കണക്കിലേറെ ഊതിവീർപ്പിക്കുക—ഇതായിരുന്നു പല സഖാക്കളുടെയും ഇതുവരെയുള്ള പണി. സാംസ്കാരികനിലവാരം ഉയർത്തുന്ന കാര്യത്തിൽ നാം ശ്രദ്ധിക്കണമെന്നതു നിശ്ചയംതന്നെ; എന്നാൽ അതിൽമാത്രം കണക്കിലേറെ ഊന്നിക്കൊണ്ടിരിക്കുന്നതും ശരിയല്ല.

ഈ പുതിയ പ്രശ്നം പരിശോധിക്കുമ്പോഴും, അതാ, നമ്മുടെ ജനതയെ സംബന്ധിച്ച പ്രശ്നത്തിനു വ്യക്തവും ഖണ്ഡിതവുമായ പരിഹാരം കണ്ടെത്താൻ കഴിയായ്ക തലയുയർത്തിവരുന്നു. ആർക്കുവേണ്ടിയാണ് നാം അദ്ധ്വാനിക്കുന്നതെന്നതിനെപ്പററി നമുക്കു വ്യക്തമായ ഒരു ബോധമില്ലാത്തപക്ഷം സാംസ്കാരികനിലവാരം ഉയർത്തുന്നതിനെപ്പററിയോ പ്രചാരവേലയെക്കുറിച്ചോ നമുക്കു യാതൊരുവിധ അളവുകോലും ഉണ്ടാവാൻ കഴിയില്ല. തന്നെയുമല്ല, അവ തമ്മിലുള്ള ശരിയായ ബന്ധം മനസ്സിലാക്കാൻ അധികമധികം അസാദ്ധ്യമായിത്തീരുകകൂടി ചെയ്യുന്നു. നമ്മുടെ സാഹിത്യവും കലയും തൊഴിലാളികൾക്കും കൃഷിക്കാർക്കും പട്ടാളക്കാർക്കുംവേണ്ടിയാണ് സൃഷ്ടിക്കപ്പെടുന്നതെങ്കിൽ, നമ്മുടെ വിദ്യാഭ്യാസപ്രചരണവും നടക്കേണ്ടതു് അവരുടെ ഇടയിൽത്തന്നെയാണ്; നിലവാരമുയർത്തുകയെന്നുവെച്ചാൽ അവരുടെ നിലവാരമുയർത്തുകയെന്നാണർത്ഥം.

അവരുടെ ഇടയിൽ നാമെന്താണു പ്രചരിപ്പിക്കാൻപോകുന്നതു്? ഒരു നാടുവാഴിത്ത ആശയസമുച്ചയമാണോ? അല്ലെങ്കിൽ, ഒരു ബൂർഷ്വാ ആശയസമുച്ചയമാണോ? അതുമല്ലെങ്കിൽ ഒരു പെററിബൂർഷ്വാ ആശയസമുച്ചയമാണോ? ഇവ ഒന്നുമല്ല. നേരേമറിച്ച് തൊഴിലാളികളുടേയും കൃഷിക്കാരുടേയും പട്ടാളക്കാരുടേയും ആശയസമുച്ചയമാണു നാം പ്രച

 No: 4731

രിപ്പിക്കേണ്ടതു്. അതുകൊണ്ടു് തൊഴിലാളികളേയും കൃഷിക്കാരേയും പട്ടാളക്കാരേയും വിദ്യാഭ്യാസംചെയ്യിക്കുകയെന്ന കടമയേറെറടുക്കുന്നതിനുമുമ്പു്, ആദ്യമായി, നാമവരെ പഠിക്കേണ്ടിയിരിക്കുന്നു.

നിലവാരമുയർത്തലിനെസംബന്ധിച്ചും ഇതു ബാധകമാണു്. എവിടെനിന്നു പുറപ്പെടണമെന്നതുസംബന്ധിച്ച ഒരടിത്തറ കൂടിയേതീരൂ, നമുക്കു്. എവിടെനിന്നു തുടങ്ങേണമെന്നതിനെപ്പററി വ്യക്തമായ ഒരു പിടിപാടുണ്ടായേ മതിയാകൂ. ഉദാഹരണമായി വെള്ളംകോരാനുപയോഗിക്കുന്ന ഒരു തൊട്ടിയുടെ കാര്യമെടുക്കുക. നിലത്തുനിന്നു പൊക്കിയല്ലാതെ എങ്ങനെയാണു നാമതു മേല്പോട്ടുയർത്തുക? എന്നതുപോലെ നമ്മുടെ സാഹിത്യത്തിൻേറയും കലയുടേയും നിലവാരമുയർത്താൻ പോകുന്ന നമ്മൾ, ഏതു് അടിത്തറയിൽനിന്നാണു് അതാരംഭിക്കുക? നാടുവാഴിത്തവിതാനത്തിൽ ബൂർഷ്വാവിതാനത്തിൽ നിന്നാണോ? പെററിബൂർഷ്വാവിതാനത്തിൽനിന്നാണോ? അല്ല, നിശ്ചയമായും അല്ല. തൊഴിലാളികളുടേയും കൃഷിക്കാരുടേയും പട്ടാളക്കാരുടേയും ഇന്നത്തെ സാംസ്കാരികനിലവാരത്തിൽനിന്നുവേണം, സാഹിത്യത്തിലും കലയിലും അവർക്കുള്ള പ്രാകൃതരൂപത്തിൽനിന്നുവേണം, നാമതാരംഭിക്കുക. നാടുവാഴികളുടേയോ ബൂർഷ്വാസിയുടേയോ, പെററിബൂർഷ്വാസിയുടേയോ നിലവാരത്തിലേയ്ക്കല്ല, നാം നമ്മുടെ തൊഴിലാളികളേയും കൃഷിക്കാരേയും പട്ടാളക്കാരേയും നീക്കാൻ ഉദ്ദേശിക്കുന്നതു്. പ്രത്യുത അവരുടെ സ്വന്തമായ ഒരു വികാസത്തിൻെറ മാർഗ്ഗത്തിലൂടെയാണു് നാമവരെ മുന്നോട്ടു നയിക്കാൻ ഭാവിക്കുന്നതു്. അതുകൊണ്ടു്, തൊഴിലാളികളേയും കൃഷിക്കാരേയും പട്ടാളക്കാരേയും പഠിക്കുകയെന്നതു നമ്മുടെ ഒരു കടമയായിത്തീരുന്നു.

ഈ സംഗതി മനസ്സിലായാൽമാത്രമേ നമ്മുടെ പൊതുജനങ്ങളേയും അവരുടെ വിദ്യാഭ്യാസത്തേയും നിലവാരമുയർത്തലിനേയും സംബന്ധിച്ച വിവിധ പ്രശ്നങ്ങൾ മനസ്സിലാക്കാൻ കഴികയുള്ളൂ. എന്നാൽമാത്രമേ, അവതമ്മിലുള്ള ആന്തരികബന്ധം ശരിക്കു നിർണ്ണയിക്കാനും നമുക്കു കഴികയുള്ളൂ. പക്ഷേ ഒരുകാര്യം! വിദ്യാഭ്യാസമായാലും ശരി നിലവാരമുയർത്തലായാലും ശരി, നാമവയുടെ ഉത്ഭവസ്ഥാനം ആദ്യം കണ്ടുപിടിച്ചേ മതിയാവൂ. അവരുടെ നിലവാരമെന്തുമാകട്ടെ, ഏതു സാഹിത്യ-കലാസൃഷ്ടിയും, ജനങ്ങളുടെ ജീവിതത്തിൻെറ പ്രതിഫലനവും ചിത്രീകരണവുമെന്ന നിലയ്ക്കുള്ള മനുഷ്യമനസ്സിൻെറ കലാപരമായ അധ്വാനമാണെന്നതാണു് പ്രധാനം. അപ്പോൾ വിപ്ലവകരമായ സാ

ഹിത്യവും കലയുമെന്നുവെച്ചാൽ, വിപ്ലവകാരികളായ സാഹിത്യകാരന്മാരുടേയും കലാകാരന്മാരുടേയും മനസ്സിൽ ജനങ്ങളുടെ ജീവിതം എങ്ങനെ പ്രതിഫലിക്കുകയും രൂപമെടുക്കുകയും ചെയ്യുന്നുവെന്നതിൻെറ ഫലമാണ്.

ജനങ്ങളുടെ ജീവിതം, സാഹിത്യത്തിനും കലയ്ക്കും വേണ്ടതായ അസംസ്കൃതപദാർത്ഥങ്ങളുടെ ഒരു വമ്പിച്ച കലവറയാണ്. ആ അസംസ്കൃതപദാർത്ഥങ്ങൾ, അവയുടെ സ്വാഭാവികവും പ്രാകൃതവുമായ രൂപത്തിലായിരിക്കാം ഇന്നു സ്ഥിതിചെയ്യുന്നത്; പക്ഷേ ഏററവും സജീവവും അമൂല്യവും മൌലികവുമാണ് അവ. കേവലം കെട്ടിച്ചമയ്ക്കപ്പെട്ട പൊള്ളയായ സാഹിത്യത്തേയും കലയേയും അവ തള്ളിനീക്കുന്നു. ക്രിയാത്മകമായ സാഹിത്യത്തിനും കലയ്ക്കും വേണ്ടതായ വസ്തുക്കൾ വിതരണംചെയ്യുന്ന അക്ഷയപാത്രമായിരിക്കുന്ന ഉറവിടങ്ങൾ ജനങ്ങളുടെ ജീവിതമൊന്നുമാത്രമാണ്. അതുകൊണ്ട് ജനങ്ങളുടെ ജീവിതമാണ്, അതുതന്നെയാണ്, എല്ലാററിൻെറയും ഉറവിടം.

ഇതു കേൾക്കുമ്പോൾ ചിലരാക്ഷേപിച്ചേക്കാം. "സാഹിത്യത്തിലും കലയിലും ഇതിനകം പുറത്തുകൊണ്ടുവരപ്പെട്ട പഴയ സൃഷ്ടികൾ വിദേശിയസാഹിത്യവും കലയും, ഇതിഹാസം ഇവയും നമ്മുടെ ഉറവിടങ്ങളല്ലേ." അതിനുള്ള മറുപടി, അവയും ഉത്ഭവസ്ഥാനവസ്തുക്കളായി പരിഗണിക്കാമെങ്കിലും, അവ രണ്ടാംതരം ഉത്ഭവസ്ഥാനവസ്തുക്കളാണ്, ഒന്നാംതരമല്ല, എന്നതാണ്. അവയെ ഒന്നാംതരം ഉത്ഭവസ്ഥാനവസ്തുക്കളായാണ് നിങ്ങൾ കണക്കാക്കാൻ പോകുന്നതെങ്കിൽ, നിങ്ങൾ സംഗതികളെ തലകീഴായി തിരിച്ചുപിടിക്കാൻ ശ്രമിക്കുന്നുവെന്നർത്ഥമാണ്. പുസ്തകങ്ങളും മററു പ്രസിദ്ധീകൃതസൃഷ്ടികളും ഉറവിടങ്ങളല്ല; പ്രത്യുത ഉറവിടത്തിൽനിന്നു വരുന്ന നീർച്ചാലുകളാണ്. തങ്ങൾ ജീവിച്ചിരുന്ന സമുദായത്തിൻേറയും കാലത്തിൻേറയും തങ്ങളുടെ സമകാലീനരുടേയും ജീവിതത്തിൽ സാഹിത്യവും കലയും തേടുകയും കണ്ടുപിടിക്കുകയും ചെയ്ത നമ്മുടെ പിതാമഹന്മാരും വിദേശസാഹിത്യകാരന്മാരും കലാകാരന്മാരും നിരൂപിക്കുകയും ഉല്പാദിപ്പിക്കുകയും ചെയ്തതാണ്, അവയെല്ലാംതന്നെ. ഇന്നത്തെ ജനതയുടെ ജീവിതം ചിത്രീകരിക്കുന്ന നമ്മുടെ ഇന്നത്തെ സാഹിത്യത്തിൻെറയും കലയുടേയും സാങ്കേതികമാർഗ്ഗത്തി ടെക്ക്നിക്ക്) ൻെറ മാതൃകകളായോ മറേറാ നമുക്കവരുടെ സൃഷ്ടികളെ ഉപയോഗിക്കാം; പക്ഷെ, വ്യക്തമായും വിമർശനപരമായ മനോഭാവത്തോടുംകൂടി വേണം നാമതുചെ

യ്യുക. നാമതു് ഉപയോഗിക്കുകയോ ഉപയോഗിക്കാതിരിക്കുക യോ ചെയ്യുന്നതിൽത്തന്നെ വ്യക്തമായും ചില വ്യത്യാസങ്ങളുണ്ടു്. പരിഷ്കൃതവും അപരിഷ്കൃതവുമെന്നു, അശുദ്ധവും വിശുദ്ധവു മെന്നു, മുന്നേറിയതും മുമ്പത്തേതുമെന്നു, ശീഘ്രവും മന്ദവുമെന്ന വ്യത്യാസമാണതു്. നമ്മുടെ പിതാമഹന്മാരുടേയും വിദേശസാഹി ത്യകാരന്മാരുടേയും മാതൃകകളെ, അവ നാടുവാഴിബൂർഷ്വാവർഗ്ഗങ്ങളിൽ നിന്നു വരുന്നതായാൽ കൂടിയും നമുക്കു് ഉപയോഗിക്കാതിരിക്കാൻ നി വൃത്തിയില്ല. എന്നാൽ മാതൃകകളെന്നതിലുപരിയായി അവയെ പരി ഗണിക്കാൻ നിർവ്വാഹമില്ല; നിശ്ചയമായും അവയെ ഇന്നു വേണ്ടതിന്നു പകരമുള്ള ഒന്നെന്നനിലയ്ക്കു് ഉപയോഗിക്കാൻ പാടില്ല, അവയ്ക്കതിന്നു ള്ള അർഹതയുമില്ല. വിദേശസാഹിത്യത്തേയും കലയേയും നമ്മുടെ ക്ലാസ്സിക്കുകളേയും വിമർശനപരമായല്ലാതെ അംഗീകരിക്കുന്നതും അനുക രിക്കുന്നതും ബദലായി ഉപയോഗിക്കുന്നതും, പട്ടാള-രാഷ്ട്രീയ-തത്വ ശാസ്ത്ര-സാമ്പത്തികരംഗങ്ങളിലെന്നപോലെ സാഹിത്യത്തിലും കലയി ലും ഏററവും വിലകെട്ടതും വിപൽക്കരവുമായ ഒരു പ്രമാണോദ്ധാരണ വാദത്തിലേക്കായിരിക്കും നമ്മെ നയിക്കുക.

വിപ്ലവകാരികളും, ചൈനയിലെ യഥാർത്ഥ സാഹിത്യകാരന്മാ രും കലാകാരന്മാരുമെന്ന പേരിനർഹരുമായ നമ്മുടെ സാഹിത്യകാര ന്മാരും കലാകാരന്മാരും, അതുകൊണ്ടു്, തികച്ചും ജനങ്ങളുടെ ഇടയി ലേക്കിറങ്ങിച്ചെല്ലണം; നിരുപാധികമായും പൂർണ്ണമനസ്സോടുകൂടിയും ആത്മാർത്ഥമായും സ്വയം തങ്ങളെ ജനങ്ങൾക്കർപ്പണംചെയ്യണം; ഒരു നീണ്ടകാലത്തേക്കു ജനങ്ങളുടെ ഇടയിൽത്തന്നെ ജീവിക്കണം. ഇരമ്പി ക്കയറുകയും ആളിപ്പിടിക്കുകയും ചെയ്യുന്ന സമരങ്ങളിൽ അവർ പങ്കു ചേരണം. വിവിധതരം വ്യക്തികൾ, വിവിധ മാർഗ്ഗങ്ങൾ, വിവിധ സാമൂഹ്യവിഭാഗങ്ങൾ, ജീവിതത്തിൻേറയും സമരത്തിൻേറയും വിവിധ ജാതി സജീവരൂപങ്ങൾ ഇങ്ങനെ സാഹിത്യത്തിനും കലയ്ക്കും വേണ്ടാ തായ എല്ലാവിധ സ്വാഭാവികമായ ഉത്ഭവസ്ഥാനങ്ങളേയും പരിശോ ധിക്കാനും നിരീക്ഷിക്കാനും പഠിക്കാനും വിശകലനംചെയ്യാനുമൊക്കെ യായി അവർ സാഹിത്യത്തിൻേറയും കലയുടേയും ഇന്നു നിലവിലുള്ള ഏക അക്ഷയകേന്ദ്രവും ഉറവിടവുമായ ജനങ്ങളിൽ അലിഞ്ഞുചേര ണം. അപ്പോൾമാത്രമേ അവക്കു തങ്ങളുടെ ക്രിയാത്മകമായ പ്രവൎത്ത നം, അല്ലെങ്കിൽ ഉല്പാദനക്രിയ ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ. അങ്ങനെയായാലേ ആ അസംസ്കൃതവസ്തുക്കളെ ഉല്പന്നങ്ങളായി മാററാനും, പഠനപ്രവൎത്തനവും സൃഷ്ടിപ്രവൎത്തനവും തമ്മിൽ കൂട്ടിയിണ

ക്കാനും അവർക്കു കഴിയൂ. മറിച്ചാണ് ഭാവമെങ്കിലോ, നമ്മുടെ സാഹിത്യകാരന്മാരുടേയും കലാകാരന്മാരുടേയും പ്രവൃത്തികൾക്കു യാതൊരുവിധ ഉദ്ദേശമോ ലക്ഷ്യമോ ഉണ്ടാവാൻപോകുന്നില്ലതന്നെ; അസംസ്കൃതമോ, അല്ലെങ്കിൽ പകുതി പണിതീരാനുള്ളതോ ആയ വസ്തുക്കളില്ലാതെ അവക്കെന്തു് ഉല്പാദിപ്പിക്കാൻ കഴിയും?

അങ്ങനെയല്ലാത്തവർ കേവലം തലതിരിഞ്ഞ എഴുത്തുകാരും കലാകാരന്മാരുമായിരിക്കും; മകനയച്ച തന്റെ അന്ത്യസന്ദേശംവഴി ല്യൂസ്സൂണിന്റെ കർശനമായ താക്കീതിന്നിരയായ പൊള്ളത്തലയന്മാരായിരിക്കും.

സാഹിത്യത്തിനും കലയ്ക്കും വേണ്ടതായ ഉത്ഭവസ്ഥാനവസ്തുക്കൾ മാത്രം അവയുടെ പണിതീർന്ന രൂപത്തിൽ പ്രദർശിപ്പിക്കുകയാണ്, പ്രപഞ്ചം ചെയ്യുന്നതു്. കലയേക്കാൾ അവ അവയുടെ ഉള്ളടക്കത്തിൽ താരതമ്യേന കൂടുതൽ വിലപ്പെട്ടതും മൂർച്ചയേറിയതുമായിരിക്കാമെങ്കിലും, പ്രപഞ്ചത്തിൽ കാണുന്നതുകൊണ്ടു തൃപ്തിപ്പെടാതെ ജനങ്ങൾ കലയ്ക്കുവേണ്ടി കൈനീട്ടുകയാണു ചെയ്യുന്നതു്. എന്തുകൊണ്ടാണതു്? രണ്ടും സുന്ദരമാണെങ്കിലും, കൂടുതൽ ക്രമീകൃതവും കൂടുതൽ സംക്ഷിപ്തവും കൂടുതൽ പ്രാതിനിധ്യാത്മകവും കൂടുതൽ ആദർശപരവും അതുകൊണ്ടുതന്നെ കൂടുതൽ സാർവത്രികവുമാണെന്നതിനാൽ സാഹിത്യത്തിന്റേയും കലയുടേയും ക്രിയാത്മകരൂപങ്ങൾ പ്രപഞ്ചരൂപങ്ങളെ കവച്ചുവയ്ക്കുന്നു.

ഉദാഹരണമായി, യഥാർത്ഥത്തിൽ ജീവിച്ചിരിക്കുന്ന ലെനിൻ ഒരു നോവലിലോ നാടകത്തിലോ സിനിമയിലോ വരുന്ന ലെനിനേക്കാൾ നിശ്ചയമായും ഊർജ്ജസ്വലവും ആകർഷണീയവുമായിരിക്കും. എന്നാൽ, ജീവിച്ചിരുന്ന ലെനിന് നാം സവിസ്തരം അറിഞ്ഞിരിക്കേണ്ടതും എന്നാൽ അവയിൽ ചിലതു മററുള്ളവരുടെ ദൈനംദിനകൃത്യങ്ങളിൽനിന്നു വ്യത്യസ്തമല്ലാത്തതുമായ എത്രയോ കാര്യങ്ങൾ, പ്രഭാതംമുതൽ പ്രദോഷംവരെ, ചെയ്തുകൊണ്ടിരിക്കേണ്ടതുണ്ടായിരുന്നു. തന്നെയുമല്ല, അദ്ദേഹം ജീവിച്ചിരിക്കുന്നകാലത്തുതന്നെ വളരെ ചുരുക്കംപേർക്കുമാത്രമേ ലെനിനെ നേരിട്ടുകാണാനുള്ള ഭാഗ്യമുണ്ടായിട്ടുള്ളു; ഇന്നാണെങ്കിൽ അദ്ദേഹം ജീവിച്ചിരിപ്പില്ലാത്തതുകൊണ്ടു്, ഇനി അദ്ദേഹത്തെ കാണാൻ കഴിയുകയില്ല. അതുകൊണ്ടു മാംസത്തിനുള്ളിലായിരുന്ന ലെനിനെ അപേക്ഷിച്ച്, നോവലിലേയോ നാടകത്തിലേയോ സിനിമയിലേയോ ലെനിന് എത്രയോ അധികം മെച്ചങ്ങളുണ്ടു്.

വിപ്ലവകരമായ ഒരു നോവലിന്നോ നാടകത്തിന്നോ സിനിമയ്ക്കോ ചരിത്രത്തെ മുന്നോട്ടുനീക്കാൻ ബഹുജനങ്ങൾക്കാവേശം നൽകുത്തക്കവിധത്തിൽ നാനാതരം പാത്രസൃഷ്ടികളെ ജീവിതത്തിൽനിന്നുയർത്തിക്കാണിക്കാൻ കഴിയും. ഉദാഹരണമായി, പട്ടിണിയും മർദ്ദനവുംമൂലം എത്രയോ അധികം ജനങ്ങൾ ഇന്നു കഷ്ടപ്പെടുമ്പോൾത്തന്നെ ഒരുപിടി ആളുകൾ തങ്ങളുടെ സഹജീവികളുടെ മേലുള്ള മർദ്ദനവും ചൂഷണവുംകൊണ്ടു് തടിച്ചുകൊഴുക്കുന്ന ഇന്നത്തെ വ്യവസ്ഥിതിയെ എടുക്കുക. ജനങ്ങൾക്കിതിൽ യാതൊരുവിധ പ്രത്യേകതയും തോന്നാത്തവിധം ഈ സ്ഥിതി ഇന്നത്രമാത്രം സർവ്വസാധാരണവും പരന്നുപിടിക്കപ്പെട്ടതുമായിരിക്കുന്നു. സംഘടിതവും ക്രമാനുകൂലവുമായവിധത്തിൽ, ഈ ദൈനംദിനാനുഭവത്തെ വ്യക്തവും പ്രകാശോജ്ജ്വലവുമായി എടുത്തുകാട്ടുകയെന്നതാണു് സാഹിത്യത്തിൻേറയും കലയുടേയും പ്രവൃത്തി. അങ്ങനെയുള്ള സാഹിത്യത്തിനും കലയ്ക്കും ജനങ്ങളെ പ്രവർത്തനോന്മുഖരാക്കാൻ കഴിയും; അവരെ ഉൽബുദ്ധരാക്കി ഉയിർത്തെഴുന്നേല്പിക്കാൻ കഴിയും; ഭാവിയെ സ്വന്തമാക്കാൻ സഹായിക്കുന്ന സംഘടിതസമരങ്ങളിലേക്കു ജനങ്ങളെ ഇളക്കിവിടാൻ കഴിയും. ഇങ്ങനെ ഒരു ക്രിയാത്മകമായ രൂപത്തിലല്ലാതെ പ്രപഞ്ചത്തിൽ കാണുന്ന അതേ പാട്ടതന്നെയാണു് സാഹിത്യവും കലയും കഴിഞ്ഞുകൂട്ടുന്നതെങ്കിൽ അവയ്ക്കു് അവയുടെ പ്രവൃത്തി നടത്താൻ സാധിക്കില്ല; ഫലപ്രദമായി നമുക്കു നമ്മുടെ ലക്ഷ്യത്തിലെത്താൻ കഴിയില്ലെന്നു മാത്രമല്ല, അതിലൊട്ടുംതന്നെ നമുക്കു കിട്ടാൻ കഴിയില്ലെന്ന നിലകൂടി അസംഭാവ്യമല്ല.

വിദ്യാഭ്യാസാവശ്യങ്ങൾക്കു വേണ്ടിയുള്ള സാഹിത്യവും കലയും നിലവാരമുയർത്താനുള്ള സാഹിത്യവും കലയുമുള്ളതിൽ ഇവരണ്ടും, ക്രിയാത്മകമാണു്. അവതമ്മിലുള്ള വ്യത്യാസം തോതിൻേറതായ വ്യത്യാസം മാത്രമാണു്. വിദ്യാഭ്യാസാവശ്യങ്ങൾക്കു വേണ്ടിയുള്ള സാഹിത്യവും കലയും മോടിപിടിപ്പിക്കപ്പെട്ടതല്ല, അല്ലെങ്കിൽ വളരെയൊന്നും പരിഷ്കരിക്കപ്പെട്ടതല്ല; അതിനാൽ ഇന്നത്തെ വിപുലമായ ബഹുജനങ്ങൾക്കു് അവ എളുപ്പത്തിലും വേഗത്തിലും മനസ്സിലാക്കാൻ കഴിയുന്നു. എന്നാൽ, നിലവാരമുയർത്തുന്നതിനുള്ള സാഹിത്യവും കലയുമാകട്ടെ, വളരെയധികം ശ്രദ്ധാപൂർവ്വം തേച്ചുമിനുക്കപ്പെട്ടതും പരിഷ്കരിച്ചതുമായിരിക്കും; അതിനാൽ ഇന്നത്തെ ബഹുജനങ്ങൾക്കതു പെട്ടെന്നോ പൂർണ്ണമായോ ഉൾക്കൊള്ളാൻ കഴിഞ്ഞുവെന്നു വരില്ല.

ഇന്നത്തെ ഈ ഘട്ടത്തിൽ, ശത്രുവിനെതിരായ ഒരു കടുത്ത സമരത്തിലേർപ്പെട്ടിരിക്കുന്ന ഈയവസരത്തിൽ, തൊഴിലാളികളേയും

കൃഷിക്കാരേയും പട്ടാളക്കാരേയും അഭിമുഖീകരിക്കുന്ന അടിയന്തിരപ്രശ്നം സാക്ഷരതാപ്രചരണമാണ്. കഴിഞ്ഞ എത്രയോ കൊല്ലങ്ങളായുള്ള നാടുവാഴിത്ത-ബൂർഷ്വാമേധാവിത്വത്തിന്റെ ഫലമായി അവർ നിരക്ഷരകുക്ഷികളും സംസ്കാരവിഹീനരുമായിരിക്കയാണ്. തങ്ങളുടെ അടിയന്തിരാവശ്യങ്ങൾ സാധിക്കുന്നതും തങ്ങൾക്ക് എളുപ്പം ഉൾക്കൊള്ളാവുന്നതുമായ സാംസ്ക്കാരികവിജ്ഞാനവും സാഹിത്യ-കലാസൃഷ്ടികളും ഉപയോഗപ്പെടുത്തിക്കൊണ്ട് എത്രയുംവേഗം ഒരു വിദ്യാഭ്യാസപ്രസ്ഥാനം തങ്ങളുടെ ഇടയിൽ അഴിച്ചുവിടണമെന്നതു് ഇന്ന് അവരുടെ അത്യന്താപേക്ഷിതമായ ഒരാവശ്യമാണ്. അത്തരമൊരു പ്രസ്ഥാനം, സമരത്തിലേക്കുള്ള അവരുടെ ഇളകിച്ചാട്ടത്തെ കൂടുതൽ ഉശിരുപിടിപ്പിക്കുകയും അവസാനവിജയത്തിലുള്ള അവരുടെ വിശ്വാസത്തെ അധികമധികം അരക്കിട്ടുറപ്പിക്കുകയും ചെയ്യും. മാത്രമല്ല, അവരുടെ സൌഹൃദബോധത്തെ കൂടുതൽ ശക്തിപ്പെടുത്തും; ശത്രുവെതുരത്തുന്നതിൽ അവരെ ഒററഹൃദയവും മനസ്സുപോലെ ഒന്നിച്ചുചേർക്കും.

അതുകൊണ്ടു്, നമ്മുടെ ആദ്യത്തെ കടമ "ചിത്രപ്പണിത്തരത്തിൽ കൂടുതൽ പൂക്കൾ കൂട്ടിത്തുന്നുകയല്ല", നേരേമറിച്ച് "ഹിമവർഷത്തിൽപ്പെട്ടു വിറച്ചുതുള്ളുന്നവർക്ക് കല്ക്കരിയെത്തിച്ചുകൊടുക്കലാണ്." ഈ സ്ഥിതിക്ക് പ്രഥമവും പ്രധാനവുമായി നാം ശ്രദ്ധിക്കേണ്ടതു്, നിലവാരം ഉയർത്താനെന്നതിനേക്കാളേറെ അവരെ വിദ്യാഭ്യാസം ചെയ്യിക്കാനാണ്; വിദ്യാഭ്യാസപ്രവർത്തനത്തിൻെറ പ്രാധാന്യം കുറച്ചുമതിയ്ക്കലും അതിൻെറ നേരെ കണ്ണടയ്ക്കലും അങ്ങേയററത്തെ അപരാധമായിരിക്കും.

ഇതൊക്കെയാണെങ്കിലും, വിദ്യാഭ്യാസത്തിൻേറയും സാംസ്കാരികനിലവാരമുയർത്തലിൻേറയും ഇടയ്ക്കു വിഭജനരേഖയൊന്നും വരയ്ക്കാൻ നമുക്കു കഴികയില്ല. വിദ്യാഭ്യാസപ്രവർത്തനത്തിലേപ്പെട്ടിട്ടുള്ളവർക്ക് തങ്ങളുടെ അനുവാചകരേക്കാളും ഉയർന്ന നിലവാരങ്ങളില്ലെന്നിരുന്നാൽ വിദ്യാഭ്യാസപ്രവർത്തനം അർത്ഥശൂന്യമായിത്തീരും. മാസക്കണക്കായും കൊല്ലക്കണക്കായും വിദ്യാഭ്യാസം ഒരേ അളവിൽതന്നെ നിലകൊള്ളുകയാണെങ്കിൽ, അതു് ഒരിക്കലുംതന്നെ ആ "കൊച്ചുആട്ടിടയ" (ആയിരക്കണക്കിനു് കൊല്ലങ്ങൾക്കുമുമ്പുള്ള ഒരാട്ടിടയൻെറ പ്രേമകഥയെക്കുറിച്ചുള്ള ഒരു ഗ്രാമീണനാടകം)ക്കഥയുടേയോ "ആൾ, കൈ, വായ്, കത്തി, പശു, ചെമ്മരിയാട്" (ചൈനയിലെ ഒന്നാംപാഠപുസ്തകത്തിൽ നിന്നുള്ള ഒരു ഉദ്ധരണി) എന്നീ ശിശുപാഠത്തിൻേറയോ അപ്പുറം കട

ക്കാൻ ഭാവമില്ലെങ്കിൽ, വിദ്യയഭ്യസിപ്പിക്കുന്നവരും അതഭ്യസിക്കുന്നവരുമെല്ലാം എന്നും ഒരേ ലവലിൽത്തന്നെ കിടക്കും. എങ്കിൽപ്പിന്നെ വിദ്യാഭ്യാസത്തിന്നു വല്ല പ്രാധാന്യവുമുണ്ടോ?

വിദ്യാഭ്യാസം ലഭിക്കണമെന്നാവശ്യപ്പെടുന്നതോടൊപ്പംതന്നെ തങ്ങളുടെ നിലവാരമുയർത്തണമെന്നും ജനങ്ങൾ നിർബന്ധിക്കുന്നുമുണ്ട്. കൊല്ലംതോറുമല്ല, മാസംതോറുംതന്നെ അതു് ഉയർത്തണമെന്ന് അവരാവശ്യപ്പെടുന്നു. എപ്പോഴെല്ലാം നാം ജനങ്ങളുടെ ഇടയിൽ വിദ്യാഭ്യാസം സംഘടിപ്പിക്കുന്നുണ്ടോ, അപ്പോഴെല്ലാം ജനങ്ങളുടെ നിലവാരം ഉയരുന്നുണ്ട്. അടഞ്ഞ വാതിലുകൾക്കകത്തോ അനക്കമില്ലാത്ത അന്തരീക്ഷത്തിലോഅല്ല ഇതുണ്ടാവുന്നതു്. വിദ്യാഭ്യാസപ്രവർത്തനം കെട്ടിപ്പടുത്തുകൊടുക്കുന്ന അടിത്തറയുടെ അടിസ്ഥാനത്തിലായിരിക്കും ഇതു സംഭവിക്കുക. അതേസമയംതന്നെ, വിദ്യാഭ്യാസപ്രവർത്തനംവഴി നിലവാരം ഉയരുന്നുവെന്നു മാത്രമല്ല, ആ പ്രവർത്തനത്തിലൂടെ, വിദ്യാഭ്യാസംതന്നെ ഏതു ലക്ഷ്യത്തിലേക്കു നീങ്ങണമെന്നതുകൂടി നിശ്ചയിക്കപ്പെടുന്നുണ്ട്.

ചൈനയിൽ വിപ്ലവവും വിപ്ലവകരമായസംസ്കാരവും എല്ലാ സ്ഥലങ്ങളിലും ഒരേ അടിയല്ല വളൎന്നുവന്നിട്ടുള്ളതു്, പ്രത്യുത, ക്രമേണക്രമേണ വിപുലമാവുകയാണുണ്ടായിട്ടുള്ളതു്. ചില സ്ഥലങ്ങളിൽ വിദ്യാഭ്യാസം സംഘടിപ്പിക്കപ്പെടുകയും തൽഫലമായി നിലവാരം ഉയരുകയും ചെയ്തിട്ടുണ്ടെങ്കിൽ, മററുചില സ്ഥലങ്ങളിൽ വിദ്യാഭ്യാസപ്രവർത്തനം ആരംഭിച്ചിട്ടുപോലുമില്ല. അതുകൊണ്ടു് ഈ പ്രവർത്തനത്തിൽ ഒരിടത്തുണ്ടാവുന്ന അനുഭവങ്ങൾ മററു സ്ഥലങ്ങളിൽ പ്രയോഗിക്കാവുന്നതും അങ്ങനെ പററിയ തെററുകൾ പിന്നേയുംപിന്നേയും ആവർത്തിക്കുന്നതിൽനിന്നു രക്ഷപ്പെടാവുന്നതുമാണ്. അതുപോലെ സോവിയററുയൂണിയൻെറ പല അനുഭവങ്ങളും നമ്മുടെ വിദ്യാഭ്യാസപ്രവർത്തനത്തിലും നിലവാരമുയർത്തുന്നതിലും വിലപ്പെട്ട ഒരു നേതൃത്വമാണു നൽകുന്നതു്.

ചുരുക്കിപ്പറഞ്ഞാൽ, നമ്മുടെ നിലവാരമുയരൽ വിദ്യാഭ്യാസത്തെ ആശ്രയിച്ചിരിക്കുന്നു: വിദ്യാഭ്യാസം നടത്തുന്നതു് നിലവാരമുയർത്തത്തക്ക നിലയിലാകേണ്ടിയുമിരിക്കുന്നു. എന്നാൽ, നിലവാരമുയർത്തുന്നതു സംബന്ധിച്ച നമ്മുടെ എല്ലാ പ്രവർത്തനത്തിൻേറയും നേതൃത്വപരമായ പ്രമാണങ്ങൾ മററുള്ളവരുടെ അനുഭവങ്ങളെ അതേപടി കണ്ണടച്ചനുകരിക്കലാവാൻ പാടില്ല; അങ്ങനെയായാൽ അതു വിനാശകരമായ ഫലങ്ങളായിരിക്കും ഉളവാക്കുക.

പ്രത്യക്ഷമായി തങ്ങളുടെ നിലവാരം ഉയർത്തണമെന്നാവശ്യപ്പെടുന്നതോടൊപ്പംതന്നെ, തങ്ങളുടെ ഇടയിൽനിന്നുള്ള കേഡർമാരുടെ നി

ലവാരമുയർത്തുന്നതുവഴി, പരോക്ഷമായും തങ്ങളുടെ നിലവാരമുയർത്തണമെന്നും ജനങ്ങളാവശ്യപ്പെടുന്നുണ്ട്. ജനങ്ങളുടെ ഇടയിൽനിന്നുള്ള ഏററവും പുരോഗമിച്ച വിഭാഗമാണ് കേഡർമാർ. ഇന്നു നാം ബഹുജനങ്ങളുടെ ഇടയിൽ പരത്താൻ ശ്രമിക്കുന്നതരം വിദ്യാഭ്യാസം അവർ ഇതിനകംതന്നെ നേടിക്കഴിഞ്ഞിരിക്കുന്നു. അതിനാൽ അവർ അധികം വളർച്ചയെത്തിയ കൂട്ടത്തിലാണുൾപ്പെടുക; ബഹുജനനിലവാരത്തിലുള്ള വിദ്യാഭ്യാസംകൊണ്ട് അവക്ക് മതിയാവുകയില്ല; കൊച്ചാട്ടിടയൻേറതുപോലുള്ള കഥകൾകൊണ്ട് അവർ തൃപ്തിപ്പെടുകയില്ല. അതുകൊണ്ട്, താരതമ്യേന ഉയൎന്ന നിലവാരത്തിലുള്ള സാഹിത്യവും കലയും അവക്കു നൽകണമെന്നത് അത്യന്താപേക്ഷിതമാണ്; ഇക്കാൎയ്യം അവഗണിക്കുന്നത് അങ്ങേയററത്തെ ഒരു തെററുമാണ്.

എന്തായാലും തൽക്കാലത്തേക്ക് ഈയാവശ്യം കേഡർമാക്കു മാത്രമേ അനുഭവപ്പെടുകയുള്ളൂ. മുഴുവൻ ജനങ്ങളെസ്സംബന്ധിച്ചിടത്തോളവും സാൎവ്വത്രികമായുമില്ല. ഈ ആവശ്യം നിറവേററണമെന്നതു നമ്മുടെ കടമകളിലൊന്നാണ്; എന്നാൽ നമ്മുടെ മുഴുവൻ പരിപാടിയോ, നമ്മുടെ ഇന്നത്തെ പരിപാടിയുടെ സത്തുതന്നെയുമോ, ഇതല്ല. കേഡർമാക്കുവേണ്ടി നാമെന്തുചെയ്യുന്നതും ബഹുജനങ്ങളുടെ താല്പൎയ്യമുദ്ദേശിച്ചാണെന്നും, കാരണം കേഡർമാരായിരിക്കും ബഹുജനങ്ങളെ വിദ്യാഭ്യാസം ചെയ്യിക്കുന്നതും നയിക്കുന്നതുമെന്നും നാം മനസ്സിലാക്കണം. ഈ പ്രമാണം നാം അവഗണിക്കുകയാണെങ്കിൽ, ജനങ്ങളെ വിദ്യാഭ്യാസം ചെയ്യിക്കുന്നതിലും നയിക്കുന്നതിലും നാം കേഡർമാരെ സഹായിക്കുന്നില്ലെങ്കിൽ, നിലവാരമുയർത്താൻവേണ്ടിയുള്ള നമ്മുടെ പ്രവൎത്തനം ഉന്നമില്ലാതെ അമ്പെയ്യുന്നതിനു തുല്യമായിരിക്കും. ബഹുജനങ്ങൾക്കുവേണ്ടി അദ്ധ്വാനിക്കുകയെന്ന നമ്മുടെ അടിസ്ഥാനസിദ്ധാന്തത്തിൽനിന്നുതന്നെയും വിട്ടുപോകയായിരിക്കും നാമതുചെയ്യാതിരിക്കുന്നതിൻേറ ഫലം.

ചുരുക്കിപ്പറഞ്ഞാൽ:—നമ്മുടെ വിപ്ലവകാരികളായ സാഹിത്യകാരന്മാക്കും എഴുത്തുകാക്കുംവേണ്ടതായ സാഹിത്യത്തിൻേറയും കലയുടേയും അസംസ്കൃതപദാൎത്ഥങ്ങൾ ജനങ്ങളുടെ ജീവിതത്തിലാണുള്ളത്. നമ്മുടെ സാഹിത്യകാരന്മാരും കലാകാരന്മാരും അതു കണ്ടെടുത്ത് തേച്ചുമിനുക്കുകയും രൂപപ്പെടുത്തുകയും ചെയ്തു. ബഹുജനങ്ങൾക്കുവേണ്ടിത്തന്നെയുള്ള ക്രിയാത്മകമായ സാഹിത്യവും കലയുമായി മാററിത്തീർക്കുകയാണു ചെയ്യുന്നത്. ഈ സാഹിത്യത്തിലേയും കലയിലേയും ഒരു വിഭാഗം, താഴ്ന്നതോതിലുള്ള ബഹുജനസാഹിത്യകലാനിലവാര

ത്തിലൂടെ വളൎന്നുവന്നു്, ഇന്നു വളൎച്ചയുടെ ഒരു ഉയൎന്ന പരിധിയിലെത്തിയിട്ടുള്ളവരുടെ, വിശേഷിച്ചും ബഹുജനങ്ങളുടെ ഇടയിലുള്ള കേഡർമാരുടെ, ആവശ്യം നിവ്വഹിക്കത്തക്ക ഒരു ഉയൎന്ന നിലവാരത്തിലെത്തിയിരിക്കുന്നു. അതുപോലെ ഉയൎന്നതരത്തിലുള്ള ബഹുജനസാഹിത്യവും കലയും വിപുലമായ ബഹുജനങ്ങളുടെ ഇടയിൽ ഇന്നാവശ്യമായ താഴ്ന്നതരത്തിലുള്ള (എന്നുവെച്ചാൽ താഴ്ന്ന വാസനയെന്നൎത്ഥമില്ല) സാഹിത്യത്തേയും കലയേയും നയിക്കുന്നു. പക്ഷെ, നമ്മുടെ സാഹിത്യത്തിൻേറയും കലയുടേയും നിലവാരങ്ങൾ എങ്ങിനേയുമിരിക്കട്ടെ. അവയുടെ നിലവാരം എത്രമാത്രം ഉയർന്നതോ താഴ്ന്നതോ ആകട്ടെ, അവയുടെ ഉദ്ദേശം വിപുലമായ ബഹുജനങ്ങളെ, വിശേഷിച്ചും തൊഴിലാളികളേയും കൃഷിക്കാരേയും പട്ടാളക്കാരേയും സേവിക്കലാണു്. നമ്മുടെ സാഹിത്യവും കലയും ജനങ്ങൾക്കുവേണ്ടി, ജനങ്ങളെക്കൊണ്ടു് ഉപയോഗിപ്പിക്കുന്നതിനുവേണ്ടി സൃഷ്ടിച്ചിട്ടുള്ളതാണു്.

നിലവാരമുയൎത്തലും വിദ്യാഭ്യാസം ചെയ്യിക്കലും തമ്മിലുള്ള പരസ്പരബന്ധം സംബന്ധിച്ച പ്രശ്നം പരിഹരിക്കുന്നതോടുകൂടി ഒരുവശത്തു സാഹിത്യകാരന്മാരും കലാകാരന്മാരും മറുവശത്തു വിദ്യാഭ്യാസപ്രവൎത്തകരും തമ്മിലുണ്ടാവേണ്ട ശരിയായ ബന്ധം സംബന്ധിച്ച പ്രശ്നത്തിൻേറ പരിഹാരവും എളുപ്പമായിത്തീരുന്നു.

നമ്മുടെ സാഹിത്യകാരന്മാരും കലാകാരന്മാരും ഒന്നാമതായും അദ്ധ്വാനിക്കുന്നതു് ബഹുജനങ്ങളെ ഒന്നാകെ ഉദ്ദേശിച്ചാണു്; അല്ലാതെ കേവലം കേഡർമാരെമാത്രം ഉദ്ദേശിച്ചല്ല. അതുകൊണ്ടാണു് മാർക്സിംഗോക്കി ഫാക്ടറികളുടെ ചരിത്രങ്ങൾ ശരിപ്പെടുത്തിക്കൊടുത്തുകൊണ്ടിരുന്നതും വില്ലേജുദിനപ്പത്രലേഖകരെ പരിശീലിപ്പിച്ചുകൊണ്ടിരുന്നതും യുവാക്കളെ പഠിപ്പിച്ചിരുന്നതും മററും. ല്യൂസൂണും തൻേറ സമയത്തിൽ നല്ല ഒരുഭാഗം ചിലവഴിച്ചതു് യുവവിദ്യാൎത്ഥികളുമായി എഴുത്തുകുത്തുകൾ നടത്തുന്നതിലാണു്.

നമ്മുടെ സാഹിത്യവിദഗ്ദ്ധന്മാരും, ഇങ്ങനെ ബഹുജനങ്ങളുടെ ചുമർപ്പത്രങ്ങൾ നടത്തുന്നതിലും, സൈന്യത്തിലും നാട്ടിൻപുറങ്ങളിലും വാർത്തകൾ എത്തിക്കുന്നതിലും, തങ്ങളുടെ ശ്രദ്ധ തിരിച്ചുവിടണം. നമ്മുടെ നാടകവിദഗ്ദ്ധന്മാരാകട്ടെ, സൈന്യത്തിലും നാട്ടിൻപുറങ്ങളിലും കൂടെക്കൂടെ തുടൎന്നു നടത്തേണ്ടതായ കൊച്ചുനാടകഗ്രൂപ്പുകളുടെ കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കണം; നമ്മുടെ സംഗീതവിദഗ്ദ്ധന്മാർ ബഹുജനങ്ങളുടെ ഇടയിൽ പാട്ടുകളും കൂട്ടായ പാട്ടുപാടലും സംഘടിപ്പിക്കണം; നമ്മുടെ കലാവിദഗ്ദ്ധന്മാർ കല പ്രചരിപ്പിക്കണം. ഈ

വിദഗ്ദ്ധന്മാരെല്ലാംതന്നെയും, ബഹുജനങ്ങളുടെ ഇടയിൽ താഴ്ന്ന തോതുകളിലുള്ള സാഹിത്യവും കലയും പ്രചരിപ്പിക്കുന്ന സഖാക്കളുമായി അടുത്ത ബന്ധം വെക്കണം. വിദഗ്ദ്ധന്മാർ പ്രസ്തുത സഖാക്കളെ സഹായിക്കുകയും നയിക്കുകയും മാത്രം ചെയ്താൽപോരാ; അതേസമയംതന്നെ, സ്വന്തം അനുഭവങ്ങളെ കൂടുതൽ വിലപ്പെട്ടതാനും തുടർച്ചയായി വളരാനും സഹായകമായവിധത്തിൽ, അവരിൽനിന്നു പഠിക്കുകയും, ബഹുജനങ്ങളെസ്സംബന്ധിച്ച പുതിയ വസ്തുക്കൾ സമ്പാദിക്കുകയും ചെയ്യണം. ഇങ്ങനെയായാൽ മാത്രമേ, അവരുടെ ഈ സവിശേഷ പ്രവർത്തനം ബഹുജനങ്ങളിൽനിന്നും യാഥാർത്ഥ്യങ്ങളിൽനിന്നും ഒററപ്പെട്ട ദന്തഗോപുരങ്ങളിൽനിന്നു വരുന്നതല്ലാതാവൂ; ഉള്ളടക്കത്തിലും ഓജസ്സിലും ശുഷ്കമല്ലാതിരിക്കൂ.

വിദഗ്ദ്ധന്മാരുടെ സേവനങ്ങൾ നമുക്കു വിലപ്പെട്ടതാകകൊണ്ട് നാമവരെ ബഹുമാനിക്കുന്നു. അതോടൊപ്പംതന്നെ നാമവരെ ഓർമ്മപ്പെടുത്തുന്നു, ബഹുജനങ്ങളുമായി ഒന്നിച്ചുചേർന്നാൽ മാത്രമേ, ബഹുജനങ്ങളുടെ വിശ്വസ്തവക്താക്കളായാൽ മാത്രമേ, പ്രാധാന്യമർഹിക്കുന്ന സൃഷ്ടികൾ സംഭാവനചെയ്യാൻ വിപ്ലവകാരികളായ സാഹിത്യകാരന്മാർക്കും കലാകാരന്മാർക്കും കഴികയുള്ളുവെന്ന്.

ബഹുജനങ്ങളുടെ പ്രതിനിധികളായാൽ മാത്രമേ നിങ്ങൾക്കവരെ വിദ്യാഭ്യാസംചെയ്യിക്കാൻ കഴിയൂ. ബഹുജനങ്ങളുടെ വിദ്യാർത്ഥികളായി മാത്രമേ, നിങ്ങൾക്കവരെ പഠിപ്പിക്കാൻ സാധിക്കൂ. ബഹുജനങ്ങളുടെ മൂത്താശാന്മാരും "താഴ്ന്നകൂട്ട"രുടെ തലയിൽ കൂടാരമടിച്ചുകൂടുന്ന പ്രഭുക്കന്മാരുമായാണ് നിങ്ങൾ വേഷംകെട്ടുകയും വേലയിറക്കുകയും ചെയ്യുന്നതെങ്കിൽ, നിങ്ങളുടെ കഴിവുകൾ എന്തുമാത്രം മഹത്തരമായാലും ശരി, നിങ്ങളെക്കൊണ്ട് ബഹുജനങ്ങൾക്കാവശ്യമില്ല; നിങ്ങളുടെ സൃഷ്ടികൾക്കു ഭാവിയുമില്ല.

ഈ നിലപാടിനെ കേവലം "ഉപയോഗപ്പെടുത്തൽവാദ"മെന്നു പറയാമോ? (കഴിഞ്ഞുപോയ ചില യോഗങ്ങളിൽ ചിലർ ഇതേപ്പററി വാദിക്കുകയുണ്ടായി, ഇത്തരം പ്രവർത്തനം "കല"യേക്കാളേറെ "വിദ്യാഭ്യാസ"മാണെന്നും ഇതു കേവലം "ഉപയോഗപ്പെടുത്തൽവാദ"മാണെന്നുമൊക്കെ.)

ഭൗതികവാദികൾ തങ്ങളുടേതായ ഉപയോഗപ്പെടുത്തൽവാദത്തെ എതിർക്കുന്നില്ല; പക്ഷേ നാടുവാഴിത്ത-ബൂർഷ്വാ-പെററിബൂർഷ്വാ വർഗ്ഗങ്ങളുടെ ഉപയോഗപ്പെടുത്തൽവാദത്തെ കഠിനമായെതിർക്കും.

ച്ചുണ്ടിൽ ഉപയോഗപ്പെടുത്തൽവാദത്തെ എതിക്കലും, ഹൃദയത്തിൽ മുരത്ത സ്വാർത്ഥവും സങ്കുചിതമായ ഉപയോഗപ്പെടുത്തൽവാദവും വെച്ചുപുലത്തലുമായിക്കഴിയുന്ന കപടഭക്തന്മാരെ ഭൗതികവാദികൾ കരുണയില്ലാതെ എതിക്കും.

"പരമമായ ഉപയോഗപ്പെടുത്തൽവാദ"മെന്നോ, വർഗ്ഗവ്യത്യാസങ്ങൾക്കുപരിയായ ഉപയോഗപ്പെടുത്തൽവാദമെന്നോ ഉള്ള യാതൊന്നുമില്ല. ഒരു വർഗ്ഗസമുദായത്തിലുണ്ടാവുന്ന ഉപയോഗപ്പെടുത്തൽവാദം ഒരു വർഗ്ഗത്തിൻെറയല്ലെങ്കിൽ മററൊന്നിൻെറയാവാനേ തരമുള്ളൂ. നാം തൊഴിലാളിവർഗ്ഗത്തിൻെറ വിപ്ലവകരമായ ഉപയോഗപ്പെടുത്തൽവാദികളാണ്. നമ്മുടെ ആരംഭകേന്ദ്രംതന്നെയും, ചൈനയിലെ ജനസംഖ്യയിലെ 90 ശതമാനത്തിലധികംവരുന്ന വിപുലമായ ബഹുജനങ്ങളുടെ ഇന്നത്തേയും നാളത്തേയും താല്പര്യങ്ങൾ തമ്മിലുള്ള ഏകീകരണമാണ്. അതുകൊണ്ട് നമ്മുടെ വിപ്ലവകരമായ ഉപയോഗപ്പെടുത്തൽവാദത്തിനു വളരെയധികംവിശാലവും ഏററവും ദൂരവ്യാപകവുമായ ഒരു ലക്ഷ്യമാണുള്ളത്. നാം, അടിയന്തിരവും ഭാഗികവുമായ താല്പര്യങ്ങളിൽ മാത്രം ശ്രദ്ധിക്കുന്ന പുരാതന വ്യാപാരിസംഘ (ഗിൽഡ്)ക്കാരുടെ കൂട്ടത്തിൽപ്പെട്ട ഉപയോഗപ്പെടുത്തൽവാദികളല്ല.

ഉദാഹരണമായി, ഒരു ഗ്രന്ഥകാരനും അയാളുടെ സുഹൃത്തുക്കളും ഒരുപക്ഷെ അയാൾക്ക് ഏററവും അടുത്തുള്ള ഒരു ചെറിയ വിഭാഗവും മാത്രം വാഴ്ത്തുന്നതായ ഒരു സാഹിത്യസൃഷ്ടിയെടുക്കുക. ജനങ്ങൾക്കതാവശ്യമില്ലായിരിക്കാം; അവക്കതു ദ്രോഹകരംകൂടിയായിരുന്നേക്കാം. എന്നിരുന്നിട്ടും ബഹുജനങ്ങളെ ഉപയോഗപ്പെടുത്തൽവാദികളെന്നാക്ഷേപിക്കവേതന്നെ തന്റേയോ തന്റേതായ ചെറിയ വിഭാഗത്തിൻേറയോ സ്വന്തം താല്പര്യംമാത്രംവെച്ചു ബഹുജനങ്ങളുടെ ഇടയിലുള്ള പ്രചരണപ്രവത്തനങ്ങൾക്കായി അതു പൊതുജനങ്ങളുടെമേൽ അടിച്ചേല്പിക്കണമെന്നതാണ് അയാളുടെ നിർബ്ബന്ധമെങ്കിൽ, അതിന്നർത്ഥം അയാൾ ബഹുജനങ്ങളെ അതിനീചമായി അപമാനിക്കാൻനോക്കുന്ന ആളാണെന്നാണ്; തന്നെപ്പററിത്തന്നെ ശരിയായി വിലയിരുത്താൻ കഴിയാത്തവനാണെന്നാണ്. ബഹുഭൂരിപക്ഷം ജനങ്ങളുടേയും സ്ഥിതിയെ അധികമധികം നന്നാക്കാൻവേണ്ടിയുള്ള എന്തു സാഹിത്യ-കലാസൃഷ്ടിയും മികച്ചതുതന്നെയായി കണക്കാക്കണം. നിങ്ങളുടെ കലാസൃഷ്ടി കുലീനവർഗ്ഗജാതരായവക്കുമാത്രം ആസ്വദിക്കുവാൻ കഴിയുന്ന "യാങ്ച്ചുയിൻ പായ്ഹ്സൈ"പോലെയിരുന്നാൽ, ജനങ്ങളിന്നും

പാടിക്കൊണ്ടുനടക്കുന്നതു വസന്തകാലത്തെ മഞ്ഞുവീഴ്ച്ചയെക്കുറിച്ച് 2000 കൊല്ലം മുമ്പെഴുതിയ "ഹ്സാലിപാജെൻ" ഏറെക്കുറെ അതേ കാലത്തുതന്നെ താഴ്‌വരകളിൽ താമസിക്കുന്ന ഒരു സൂച്ചിപാൻകാരനെക്കുറിച്ചെഴുതിയിട്ടുള്ളതു് ആയിരിക്കുന്നതും, ബഹുജനങ്ങളുടെ സാംസ്കാരികനിലവാരം ഉയർത്താതെ, പകരം അവരുടെ അധഃപതിതാവസ്ഥയ്ക്കു് അവരെ കുററംപറയലാണ് നിങ്ങളുടെ ഏകതൊഴിലെങ്കിൽ, നിങ്ങളുടെ ആ വിമർശനം തികച്ചും ദ്രോഹകരമായ ഒരു വിമർശനമായിരിക്കും.

നമ്മുടെ പ്രശ്നം നിലവാരമുയർത്തലും വിദ്യാഭ്യാസവും തമ്മിലുള്ള ഏകീകരണമാണ്. ഈ ഏകീകരണമില്ലാത്തപക്ഷം ഉയർന്ന നിലവാരത്തിലുള്ള ഏതൊരു സാഹിത്യ-കലാസൃഷ്ടിയും അനിവാര്യമായും ഏററവും സങ്കുചിതമായ ഉപയോഗപ്പെടുത്തൽ വാദത്തിൽച്ചെന്നുവീഴും. നിങ്ങളുടെ സൃഷ്ടി പരിശുദ്ധവും പരമവുമായ കലയാണെന്നു നിങ്ങളവകാശപ്പെട്ടാലും ജനങ്ങളതപ്പടി അംഗീകരിക്കാൻപോകുന്നില്ല; അവ സ്വയം വിമ്പിളക്കൽകലാസൃഷ്ടിയായല്ലാതെ കലാശിക്കാനുംപോണില്ല.

മൗലികമായ നയത്തിനു പരിഹാരം കാണുന്നതോടൊപ്പംതന്നെ, തൊഴിലാളികൾക്കും കൃഷിക്കാർക്കും പട്ടാളക്കാർക്കുംവേണ്ടി എങ്ങനെയാണധ്വാനിക്കേണ്ടതെന്നു നിശ്ചയിക്കുന്നതോടൊപ്പ തന്നെ, നമ്മുടെ നിലപാടും നമ്മുടെ മനോഭാവവും നമ്മുടെ പൊതുജനങ്ങളും നമ്മുടെ പ്രതിപാദ്യവിഷയവും സംബന്ധിച്ചും, ശോഭനവും ഇരുണ്ടതുമായ വശങ്ങളെ ചിത്രീകരിക്കുന്നതെങ്ങനെയെന്നതിനെപ്പററിയും, ഐക്യമോ അനൈക്യമോ എന്നതിനെക്കുറിച്ചും, ഉപയോഗപ്പെടുത്തൽവാദമോ പരമമായ ഉപയോഗപ്പെടുത്തൽവാദമോ അതോ സംകുചിതമായ ഉപയോഗപ്പെടുത്തൽവാദമോ ദൂരവ്യാപകമായ ഉപയോഗപ്പെടുത്തൽ വാദമോ എന്നതിനെ പുരസ്കരിച്ചുമൊക്കെയുള്ള മററു പല പ്രശ്നങ്ങളും നാമിവിടെ കൈകാര്യം ചെയ്യുകയുണ്ടായി.

ആ ഒരു മൌലികപ്രശ്നത്തിൻെറ കാര്യത്തിൽ നാം യോജിക്കുകയാണെങ്കിൽ, അതോടുകൂടി നമ്മുടെ സംസ്കാരികപ്രവർത്തകരും നമ്മുടെ സാഹിത്യ കലാകേന്ദ്രങ്ങളും നമ്മുടെ സാംസ്കാരികപ്രസിദ്ധീകരണങ്ങളും സംസ്കാരത്തിൻേറയും കലയുടേയും രംഗത്തിലുള്ള നമ്മുടെ മുഴുവൻ പ്രവർത്തനങ്ങളും ആ മൌലികനയത്തിൽ മുറുകെപ്പിടിക്കണം. ആ മൌലികനയത്തിൽനിന്നുള്ള ഏതൊരു നിസ്സാരമായ വിട്ടുപോക്കും വമ്പിച്ച തെററാണ്; ആ നയത്തിനെതിരായ ഏതൊരു പ്രവൃത്തിയും ഉടനെ തിരുത്തേണ്ടതുമാണ്.

# III

അപ്പോൾ നമ്മുടെ സാഹിത്യത്തിൻേറയും കലയുടേയും കടമ ബഹുജനങ്ങളെ സേവിക്കുകയെന്നതാണെന്നു നാം കണ്ടുകഴിഞ്ഞസ്ഥിതിക്കു്, ഇനി നമുക്കു കുറേക്കൂടി മുമ്പോട്ടുകടന്നു താഴെപ്പറയുന്ന പ്രശ്നങ്ങളെക്കുറിച്ചു പരിശോധിക്കാം: (1) പാർട്ടിയുടെ സാഹിത്യ-കലാപ്രവർത്തനവും പൊതുവെ പാർട്ടിപ്രവർത്തനവും തമ്മിലുള്ള ബന്ധം സംബന്ധിച്ച ആഭ്യന്തരപാർട്ടിപ്രശ്നം; (2) പാർട്ടിക്കു പുറത്തുള്ളവരും നാമും തമ്മിലുള്ള, അതായതു്, പാർട്ടിസാഹിത്യകാരന്മാരും കലാകാരന്മാരും പാർട്ടിയിൽപ്പെടാത്ത സാഹിത്യകാരന്മാരും കലാകാരന്മാരും തമ്മിലുള്ള, ബന്ധംസംബന്ധിച്ച പ്രശ്നം—മററു വാക്കുകളിൽപ്പറഞ്ഞാൽ സാഹിത്യത്തിലേയും കലയിലേയും ഐക്യമുന്നണിയെ സംബന്ധിച്ച പ്രശ്നം.

ഒന്നാമതായി നമുക്കു് ഇതിലൊന്നാമത്തെ പ്രശ്നംതന്നെ പരിശോധിക്കുക. എല്ലാവിധ സംസ്കാരവും, അല്ലെങ്കിൽ ഇന്നത്തെ എല്ലാവിധ സാഹിത്യവും കലയും, ഏതെങ്കിലുമൊരു വർഗ്ഗത്തിൻേറ ഏതെങ്കിലുമൊരു പാർട്ടിയുടെ, അല്ലെങ്കിൽ ഏതെങ്കിലുമൊരു രാഷ്ട്രീയ ലൈനിൻേറയാണു്. കല കലയ്ക്കുവേണ്ടിയെന്ന ഒരു സംഗതി ലോകത്തില്ല. അല്ലെങ്കിൽ വർഗ്ഗവ്യത്യാസങ്ങൾക്കോ കക്ഷിപരമായ (പാർട്ടിസാൻ) താൽപര്യങ്ങൾക്കോ ഉപരിയായ സാഹിത്യവും കലയുമില്ല. അതുപോലെതന്നെ രാഷ്ട്രീയകാര്യങ്ങളിൽനിന്നു സ്വതന്ത്രമോ വിഭിന്നമോ ആയി സാഹിത്യവും കലയുമെന്നൊന്നില്ല. യാഥാർത്ഥ്യമണ്ഡലത്തിൽ അങ്ങനെയൊന്നു നിലനില്ക്കുന്നില്ല.

വർഗ്ഗ-പാർട്ടിവ്യത്യസ്തതകളോടുകൂടിയ ഒരു സമുദായത്തിൽ സാഹിത്യവും കലയും ഏതെങ്കിലുമൊരു വർഗ്ഗത്തിൻേറയോ പാർട്ടിയുടേയോ ആയിരിക്കും; എന്നുവെച്ചാൽ ഏതെങ്കിലുമൊരു വർഗ്ഗത്തിൻേറയോ പാർട്ടിയുടേയോ രാഷ്ട്രീയാവശ്യങ്ങൾക്കും അന്നത്തെ വിപ്ലവഘട്ടത്തിൻേറ വിപ്ലവകരമായ കടമകൾക്കും വിധേയമായിരിക്കും ഓരോ അവസരത്തിലേയും സാഹിത്യവും കലയുമെന്നർത്ഥം. എപ്പോഴെപ്പോൾ ഈ പ്രമാണത്തിൽനിന്നു സാഹിത്യവും കലയും വ്യതിചലിക്കപ്പെടുന്നുവോ, അപ്പോഴെല്ലാം ജനങ്ങളുടെ മൌലികാവശ്യങ്ങളിൽനിന്നു് അവ സ്വയം ഒററപ്പെടുന്നു.

തൊഴിലാളിവർഗ്ഗസാഹിത്യവും കലയും തൊഴിലാളിവർഗ്ഗവിപ്ലവപരിപാടിയുടെ ഒരു ഭാഗമാണ്. ലെനിൻ ചൂണ്ടിക്കാണിച്ചതുപോലെ അവ "യന്ത്രത്തിന്റെ ഒരാണിയാണ്." അങ്ങനെ, സാഹിത്യത്തിലും കലയിലുമുള്ള പാർട്ടിപ്രവർത്തനത്തിന്റെ പങ്കുനിർണ്ണയിക്കുന്നത്, പാർട്ടിയുടെ പൊതുവേയുള്ള വിപ്ലവപ്പരിപാടിയാണ്. ഈ സിദ്ധാന്തത്തിൽനിന്നുള്ള ഏതു വ്യതിയാനവും അനിവാര്യമായും ദ്വിത്വാവസ്ഥയിലും നാനാത്വത്തിലും ഒടുക്കം, മാർക്സിയൻരാഷ്ട്രീയകാര്യവും എന്നാൽ ബൂർഷ്വാകലയും എന്ന ട്രോട്സ്കിയൻവാദത്തിലുമാണ് ചെന്നെത്തുക.

സാഹിത്യത്തിന്റേയും കലയുടേയും പ്രാധാന്യത്തെ ഉള്ളതിലേറെ ഊന്നുന്നതിനു നാമൻകൂലികളല്ലെന്നതുപോലെതന്നെ, അവയുടെ പ്രാധാന്യത്തെക്കുറിച്ചു മതിക്കുന്നതിനെ നാം എതിർക്കുകയുംചെയ്യും. സാഹിത്യവും കലയും രാഷ്ട്രീയകാര്യങ്ങൾക്കു കീഴ്‌വഴങ്ങിക്കൊണ്ടാണിരിക്കുന്നതെങ്കിലും, അവ അവയുടെ മുറയനുസരിച്ച്, രാഷ്ട്രീയകാര്യങ്ങളുടെമേൽ വമ്പിച്ച സ്വാധീനശക്തി ചെലുത്തുന്നുണ്ട്. വിപ്ലവകരമായ സാഹിത്യവും കലയും വിപ്ലവപ്പരിപാടിയുടെ ഭാഗമാണ്. അവ, മുമ്പുപറഞ്ഞ ആണികൾപോലെയാണ്. യന്ത്രത്തിന്റെ മററു ഭാഗങ്ങളുമായി താരതമ്യപ്പെടുത്തിനോക്കുമ്പോൾ അവയുടെ പ്രാധാന്യം കൂടിയോ കുറഞ്ഞോ ഇരിക്കാമെങ്കിലും, അവയുടെ ആവശ്യം മുൻപന്തിയിലോ പിൻപന്തിയിലോ ആയിരിക്കാമെന്നിരുന്നാലും, അവയും യന്ത്രത്തിന്റെ ഒരവിഭാജ്യഘടകമാണ്; അതുപോലെ അവ മുഴുവൻ വിപ്ലവപ്രസ്ഥാനത്തിന്റേയും അഭേദ്യഭാഗമാണ്. ഏററവും സാമാന്യരൂപത്തിലുള്ളതായിരുന്നാൽക്കൂടിയും, സാഹിത്യവും കലയും നമുക്കില്ലായിരുന്നുവെങ്കിൽ വിപ്ലവം തുടന്നു നടത്തിക്കൊണ്ടിരിക്കുവാനോ വിജയംനേടുവാനോ കഴിയുകയില്ല. ഈ പരമാത്ഥം കാണാതിരിക്കുന്നതു് ഒരു വലിയ തെററായിരിക്കും.

തന്നെയുമല്ല, സാഹിത്യവും കലയും രാഷ്ട്രീയ കാര്യങ്ങൾക്കു വിധേയമാണെന്നു് ഇവിടെ സൂചിപ്പിക്കുമ്പോൾ നാമതുകൊണ്ടുദ്ദേശിക്കുന്നതു വർഗ്ഗരാഷ്ട്രീയത്തേയും ബഹുജനരാഷ്ട്രീയത്തേയുമാണ്; അല്ലാതെ ഒരുപിടിവ്യക്തികളുടെ രാഷ്ട്രീയമെന്നു പറയപ്പെടുന്നതിനെയല്ല രാഷ്ട്രീയകാര്യം, അവ വിപ്ലവകരമോ എതിർവിപ്ലവകരമോ ആയിക്കൊള്ളട്ടെ, വിവിധ വർഗ്ഗങ്ങൾതമ്മിലുള്ള സമരത്തിന്റെ പ്രതിനിധാനമാണ്; അല്ലാതെ ഒററപ്പെട്ട വ്യക്തികളുടെ

വെറുമാററത്തെയല്ല പ്രതിനിധീകരിക്കുന്നതു്. ആശയപരമായ യുദ്ധവും സാഹിത്യ-കലാസംബന്ധിയായ യുദ്ധവും, വിശേഷിച്ചും വിപ്ലവകരമായ ആശയങ്ങളുടെ യുദ്ധവും വിപ്ലവകരമായ സാഹിത്യ-കലാസംബന്ധിയായ യുദ്ധവും, രാഷ്ട്രീയയുദ്ധത്തിനു കീഴ്‌വഴങ്ങിക്കൊണ്ടുള്ളതായിരിക്കും; എന്തുകൊണ്ടെന്നാൽ, വർഗ്ഗത്തിന്റേയും ബഹുജനങ്ങളുടേയും ആവശ്യങ്ങളെ കേന്ദ്രീകൃതരൂപത്തിൽ പ്രകടിപ്പിക്കുക രാഷ്ട്രീയകാര്യങ്ങളിലൂടെ മാത്രമേ സാധിക്കൂ.

വിപ്ലവകരമായ രാഷ്ട്രീയകാര്യങ്ങളുടെ കലയിലും ശാസ്ത്രത്തിലും പ്രാവീണ്യം സമ്പാദിച്ചിട്ടുള്ള വിപ്ലവരാഷ്ട്രീയവിദഗ്ദ്ധന്മാർ, ബഹുജനങ്ങളുടെ ഇടയിലുള്ള ന്യൂറായിരക്കണക്കായ രാഷ്ട്രീയവിദഗ്ദ്ധന്മാരുടെ നേതാക്കന്മാർ മാത്രമാണു്. ബഹുജനങ്ങളുടെ ഇടയിലുള്ള രാഷ്ട്രീയവിദഗ്ദ്ധന്മാരുടെ ആശയങ്ങൾ അംഗീകരിക്കുകയും അവയ്ക്കു വ്യക്തമായ രൂപം നൽകുകയുംചെയ്തു്, എളുപ്പം മനസ്സിലാക്കാനും പ്രയോഗിക്കുവാനും സാധിക്കുന്ന ഒരു രൂപത്തിൽ അതു ബഹുജനങ്ങളുടെ അടുത്തെത്തിക്കുകയെന്നതാണു് അവരുടെ കടമ അല്ലാതെ, "അടഞ്ഞ മുറിക്കകത്തു വണ്ടി പൂട്ടുക"യും വിജ്ഞാനത്തിന്റെ ആപ്തവക്താക്കളെന്നു സ്വയം ഞെളിയുകയും തങ്ങളുടെ സ്വന്തമായ ചില ലോകകുത്തകകളുണ്ടെന്നു തന്നത്താൻ നടിക്കുകയുമൊക്കെ ചെയ്യുന്ന പ്രഭുജാത "രാഷ്ട്രീയ വിദഗ്ദ്ധന്മാരെ" പ്പോലെയല്ല, അവരാരുംതന്നെ.

ഇതാണു് തൊഴിലാളിവർഗ്ഗരാഷ്ട്രീയവിദഗ്ദ്ധന്മാരും ധനികവർഗ്ഗരാഷ്ട്രീയവിദഗ്ദ്ധന്മാരും തമ്മിലുള്ള മൗലികവ്യത്യാസം. തൊഴിലാളിവർഗ്ഗരാഷ്ട്രീയവും ധനികവർഗ്ഗരാഷ്ട്രീയവും തമ്മിലുള്ള വ്യത്യാസവും ഇതുതന്നെയാണു്. ഇക്കാര്യം മറക്കുന്നതും തൊഴിലാളിവർഗ്ഗരാഷ്ട്രത്തേയും രാഷ്ട്രീയവിദഗ്ദ്ധരേയും സങ്കുചിതവും ഹീനവുമായി കണക്കാക്കുന്നതും അങ്ങേയററം തെററാണു്.

ഇനി നമുക്കു സാഹിത്യ-കലാരംഗത്തിലെ ഐക്യമുന്നണിയുടെ പ്രശ്നമെടുക്കാം. കലയും സാഹിത്യവും രാഷ്ട്രീയത്തിനു വിധേയവും, ചൈനീസുരാഷ്ട്രീയപ്രവർത്തനത്തിന്റെ ഇന്നത്തെ മൗലികപ്രശ്നം ജാപ്പുവിരുദ്ധമെട്ടുത്തുനില്പുമായിരിക്കെ, സാഹിത്യ-കലാരംഗത്തിലെ നമ്മുടെ പാർട്ടിപ്രവർത്തകരുടെ ഇന്നത്തെ പ്രഥമവും പ്രധാനവുമായ കടമ, പാർട്ടിക്കുപുറമെയുള്ള സാഹിത്യകാരന്മാരും കലാകാരന്മാരുമായി (പാർട്ടി അനുഭാവികളും പെററി

ബൂർഷ്വാസാഹിത്യകാരന്മാരും കലാകാരന്മാരും തൊട്ട് ബൂർഷ്വാ-ഭൂവുടമവർഗ്ഗസാഹിത്യകാരന്മാരും കലാകാരന്മാരുംവരെ) ഒരു ജാപ്പു വിരുദ്ധമുന്നണി കെട്ടിപ്പടുക്കുകയെന്നതാണ്.

ജനാധിപത്യപ്രശ്നത്തിൻെറ കാര്യത്തിലും നാമവരെ അണിനിരത്തണം. ഇവരിൽ ഏതാനുംചില സാഹിത്യകാരന്മാരും കലാകാരന്മാരും ഈ ആവശ്യത്തെ അത്രതന്നെ അനുകൂലിച്ചില്ലെന്നു വരാവുന്നതുകൊണ്ട്, ഈ രംഗത്തിലുള്ള ഐക്യം അനിവാര്യമായും ഒരതിർത്തിവരെ പരിമിതമായിരുന്നേക്കാമെന്നതു ശരിയാണ്. അതോടൊപ്പംതന്നെ പ്രയോഗം, സമീപനരീതി തുടങ്ങി സാഹിത്യകാരന്മാരേയും കലാകാരന്മാരേയും പ്രത്യേകം ബാധിക്കുന്ന പ്രശ്നങ്ങളുടെ കാര്യത്തിൽ ഐക്യം കെട്ടിപ്പടുക്കാനും നാം പ്രത്യേകം ശ്രദ്ധിക്കണം. നാമാകട്ടെ, തൊഴിലാളിവർഗ്ഗറിയലിസത്തിനുവേണ്ടി വാദിക്കുന്നവരാണല്ലോ; ഇക്കാര്യത്തിലും പലരും വിയോജിച്ചുവെന്നു വരാം. അതുകൊണ്ട് ഇക്കാര്യത്തിലുള്ള ഐക്യത്തിൻെറ പരിധി ജനാധിപത്യത്തിൻെറ പ്രശ്നത്തിനേക്കാൾ പരിമിതമായിരിക്കും.

ഒരു പ്രശ്നത്തിൽ സമരവും വിമർശനവും ആവശ്യമായിരിക്കെത്തന്നെ മറെറാരു പ്രശ്നത്തിന്മേൽ ഐക്യം സാദ്ധ്യമാണ്. ഈ ഓരോ പ്രശ്നവും വെവ്വേറെയെന്നു തോന്നാമെങ്കിലും യഥാർത്ഥത്തിൽ അവയെല്ലാം പരസ്പരം ബന്ധപ്പെട്ടതാണ്. അതിനാൽ ജപ്പാനെ ചെറുക്കുകയെന്നതുപോലുള്ള പ്രശ്നത്തിന്മേൽ ഐക്യം സാധിതമായാൽത്തന്നെയും സമരവും വിമർശനവും തുടർന്നു നടത്തേണ്ടിയിരിക്കുന്നു. ഐക്യമുന്നണിയിൽ ഐക്യം മാത്രമേയുള്ളു സമരമില്ല, അല്ലെങ്കിൽ സമരം മാത്രമേയുള്ളു ഐക്യമില്ല. ഇതാണു നമ്മുടെ നിലയെങ്കിൽ വലതുപക്ഷ 'അടിപണിയ'ലും 'വാലിൽ തൂങ്ങ'ലുമെന്നതും അല്ലെങ്കിൽ ഇടതുപക്ഷ ഒററപ്പെടലും സെക്ടേറിയനിസവുമെന്ന പേരുകളിലറിയപ്പെടുന്നതും കഴിഞ്ഞ കാലത്ത് നമ്മുടെ പല സഖാക്കളുമനുവർത്തിച്ചിരുന്നതുമായ ആ ഗുരുതരമായ തെററുകളാവർത്തിക്കുകയായിരിക്കും നാം ചെയ്യുന്നതു്. ഇതിനെയാണ് വഴവഴപ്പൻനയമെന്നു ലെനിൻ വിളിക്കുന്നതു്. ഇതു രാഷ്ട്രീയകാര്യത്തിലും സാഹിത്യകലാരംഗത്തിലും ഒരുപോലെ വാസ്തവമാണ്.

പെററിബൂർഷ്വാസാഹിത്യകാരന്മാരും കലാകാരന്മാരും സാഹിത്യ-കലാരംഗത്തിലെ ഐക്യമുന്നണിയിലെ ഒരു പ്രധാന ശക്തി

യാണ്. തങ്ങളുടെ ചിന്താഗതിയിലും പ്രവർത്തനത്തിലും അവർ പല ദൌർബല്യങ്ങളും പ്രകടിപ്പിക്കുമെങ്കിലും, അവർ മററു ഗ്രൂപ്പുകളേക്കാൾ വിപ്ലവത്തോട് അധികം അനുഭാവംകാണിക്കുന്നവരും തൊഴിലാളികളും കൃഷിക്കാരും പട്ടാളക്കാരുമായി ഏറെക്കുറെ അടുത്തുനിൽക്കുന്നവരുമാണ്. തങ്ങളുടെ ഈ ദൌർബ്ബല്യങ്ങൾ നീക്കാൻ നാമവരെ സഹായിക്കണം; തൊഴിലാളികൾക്കും കൃഷിക്കാർക്കും പട്ടാളക്കാർക്കും വേണ്ടി അധ്വാനിക്കുകയെന്ന നിലയിലേക്കു നാമവരെ കൊണ്ടുവരണം. പ്രത്യേക പ്രാധാന്യമുള്ള കടമകളാണ്; ഇവ.

# IV

സാഹിത്യ-കലാകേന്ദ്രങ്ങളിൽ അവശ്യം ആവശ്യമായ ഒരു സമരത്തിന്റെ ഏററവും പ്രധാനപ്പെട്ട ഒരായുധമാണ് സാഹിത്യ-കലാവിമർശനം. പല സഖാക്കളും ശരിയ്ക്കും ചൂണ്ടിക്കാണിച്ചിട്ടുള്ളതുപോലെ, ഇക്കാര്യത്തിൽ നമ്മുടെ ഇതുവരെയുള്ള പ്രവർത്തനം വളരെയധികം അപര്യാപ്തമായിരുന്നു.

സാഹിത്യ-കലാവിമർശനമെന്നത് ഒരു പ്രത്യേകപഠനംകൊണ്ടു മാത്രം പരിഹരിക്കാവുന്നതായ ഒരു കുഴഞ്ഞുമറിഞ്ഞ പ്രശ്നമാണ്. ഇവിടെ ഞാൻ വിമർശനത്തിന്റെ മൗലികനിലവാരം സംബന്ധിച്ച പ്രശ്നംമാത്രമേ എടുക്കുന്നുള്ളൂ. എന്നിരുന്നാലും സഖാക്കളുന്നയിക്കുന്ന മററു പ്രശ്നങ്ങളെക്കുറിച്ചും വേറെ ചിലരുന്നയിച്ച തെററായ വീക്ഷണഗതികളെപ്പററിയും ഞാനിവിടെ പരാമർശിക്കുന്നതാണ്.

സാഹിത്യ-കലാവിമർശനത്തിൽ രണ്ടു നിലവാരങ്ങളുണ്ട്. ഒന്നു രാഷ്ട്രീയനിലവാരവും മറെറാന്നു കലാനിലവാരവും. രാഷ്ട്രീയനിലവാരമനുസരിച്ച്, ഏതെങ്കിലുമൊരു കലാസൃഷ്ടി, നമ്മുടെ ചെറുത്തുനിൽപുയുദ്ധത്തിന്റേയും ഐക്യത്തിന്റേയും താല്പര്യങ്ങളെ സഹായിക്കുന്നപക്ഷം, ബഹുജനങ്ങൾ തമ്മിലുണ്ടാവേണ്ട സാഹോദര്യത്തെ ഉശിരുപിടിപ്പിക്കുകയും തിരിഞ്ഞോട്ടത്തെ എതിർക്കുകയും പുരോഗതിയെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നപക്ഷം അതു നല്ലതോ താരതമ്യേന നല്ലതോ എന്നു പറയാൻ കഴിയും. നേരേമറിച്ച് ഏതെങ്കിലുമൊരു കലാസൃഷ്ടി, ജനങ്ങളുടെ ഇടയിലുള്ള വിഭജനത്തേയും വിരോധത്തേയുമാണ് പ്രോത്സാഹിപ്പിക്കുന്നതെങ്കിൽ പുരോഗതിയെ തടയുകയും ജനങ്ങളെ പുറകോട്ടുവലിക്കുകയുമാണ് ചെയ്യുന്നതെങ്കിൽ അത് കൊള്ളരുതാത്തതോ താരതമ്യേന കൊള്ളരുതാത്തതോ ആണെന്നു കാണാൻ കഴിയും.

എങ്ങനെയാണ് നാമൊരു സൃഷ്ടി നല്ലതോ കൊള്ളരുതാത്തതോ എന്നു നിശ്ചയിക്കുക? വ്യക്തികളുടെ ഉദ്ദേശത്തിന്റെ (വ്യക്തിനിഷ്ഠമായ അഭിലാഷത്തിന്റെ) അടിസ്ഥാനത്തിലോ, അതോ ഉളവാകുന്ന ഫലത്തിന്റെ (സമുദായത്തിലുണ്ടാവുന്ന ശരിയായ അനുഭവത്തിന്റെ) അടിസ്ഥാനത്തിലോ? ആത്മീയവാദികൾ ഉദ്ദേശത്തിൽ ഊന്നുകയും ഉളവാക്കുന്ന ഫലത്തെ നിഷേധിക്കുകയുംചെയ്യുന്നു. യാന്ത്രിക

ഭൗതികവാദികൾ ഫലത്തിൽ ഊന്നുകയും ഉദ്ദേശത്തെ നിഷേധിക്കുകയും ചെയ്യുന്നു. ഈ പറഞ്ഞ രണ്ടുതരം സമീപനസമ്പ്രദായങ്ങൾക്കും നമ്മൾ എതിരാണ്.

നാം വൈരുദ്ധ്യാധിഷ്ഠിതഭൗതികവാദികളാണ്; നാമാവശ്യപ്പെടുന്നത് ഉദ്ദേശവും ഫലവും തമ്മിലുള്ള സംയോജനമാണ്. ജനങ്ങൾക്കുവേണ്ടി അധ്വാനിക്കണമെന്ന ഉദ്ദേശത്തെ ബഹുജനങ്ങളാഹ്ളാദപൂർവ്വം സ്വീകരിക്കുന്ന ഫലത്തിൽനിന്നും വേർപെടുത്തുകവയ്യ. ഉദ്ദേശവും ഫലവും അന്യോന്യം കൂട്ടിയിണക്കണം. വ്യക്തിപരമായ സ്വാർത്ഥതാല്പര്യത്തിൽനിന്നും സങ്കുചിതമായ ഗ്രൂപ്പുതാല്പര്യത്തിൽനിന്നും ഉളവാകുന്ന ഉദ്ദേശം നല്ലതല്ല. അതുപോലെതന്നെ, ബഹുജനങ്ങൾ ആഹ്ളാദപൂർവ്വം സ്വീകരിക്കുന്നതും അവക്കു ഗുണപ്രദവുമായ ഫലമുളവാക്കാൻ കഴിയാത്തപക്ഷം ജനങ്ങൾക്കുവേണ്ടി അധ്വാനിക്കണമെന്ന നല്ല ഉദ്ദേശത്തിനും യാതൊരു വിലയുമില്ല.

ഒരെഴുത്തുകാരൻെറ വ്യക്തിനിഷ്ഠമായ അഭിലാഷം പരിശോധിക്കുന്ന കാര്യത്തിൽ, അതായത് അയാളുടെ ഉദ്ദേശം ശരിയോ നല്ലതോ അല്ലയോ എന്നു നിശ്ചയിക്കുന്ന കാര്യത്തിൽ, തൻെറ അഭിലാഷത്തെക്കുറിച്ചുള്ള അയാളുടെ സ്വന്തം പ്രഖ്യാപനത്തെ ആധാരമായെടുക്കുകവയ്യ; പ്രത്യുത, അയാളുടെ പെരുമാററം, അതായത് അയാളുടെ ക്രിയാത്മകമായ ഉല്പാദനം, സമുദായത്തിൻെറയും ബഹുജനങ്ങളുടേയുംമേൽ എന്തുഫലമാണുളവാക്കിയതെന്നു നാം വിശകലനംചെയ്യണം. വ്യക്തിനിഷ്ഠമായ ഉദ്ദേശത്തെ പരിശോധിക്കുന്നതിനുള്ള നിലവാരം സാമൂഹ്യപ്രയോഗമാണ്; ഉദ്ദേശം പരിശോധിക്കുന്നതിനുള്ള അളവുകോൽ അതുളവാക്കുന്ന ഫലമാണ്.

നമ്മുടെ സാഹിത്യ-കലാവിമർശനം സെക്ടേറിയൻരീതിയിലാകരുത്. ചെറുത്തുനിൽപുയുദ്ധത്തിൻെറയും ദേശീയൈക്യത്തിൻെറയും പൊതുസിദ്ധാന്തങ്ങൾ മനസ്സിൽവെച്ചുകൊണ്ട് എല്ലാതരത്തിലും എല്ലാരൂപത്തിലുംപെട്ട രാഷ്ട്രീയമനോഭാവങ്ങൾ പ്രകടിപ്പിക്കുന്ന എല്ലാവിധ സാഹിത്യ-കലാസൃഷ്ടികളേയും നാം സഹിഷ്ണുതയോടെ വീക്ഷിക്കേണ്ടതാണ്. അതേസമയംതന്നെ അവയെ വിമർശിക്കുന്ന കാര്യത്തിൽ നാം നമ്മുടെ സിദ്ധാന്തത്തിലും നിലപാടിലും ഉറച്ചുനിൽക്കേണ്ടതുമാണ്. എന്നുവെച്ചാൽ, ദേശീയവും ശാസ്ത്രീയവുമായ താല്പര്യങ്ങൾക്കും ബഹുജനങ്ങളുടേയും കമ്മ്യൂണിസത്തിൻെറയും താല്പര്യങ്ങൾക്കും എതിരായ വീക്ഷണഗതികൾ പ്രകടിപ്പിക്കുന്ന എല്ലാവിധ സാ

ഹിത്യ-കലാസൃഷ്ടികളേയും നാം കർശനമായി വിമർശിക്കണം; എന്തു കൊണ്ടെന്നാൽ സാഹിത്യവും കലയുമെന്നപേരിലിറക്കപ്പെടുന്ന പ്രസ്തുത സൃഷ്ടികളുടെ ഉദ്ദേശവും ഫലവും നമ്മുടെ ചെറുത്തുനില്പുയുദ്ധത്തെ തുരങ്കംവയ്ക്കുന്നവയും നമ്മുടെ ദേശീയൈക്യത്തെ തകക്കുന്നവയുമാണ്.

കലാനിലവാരംവച്ചു നോക്കുകയാണെങ്കിൽ ഉയന്ന കലാമേന്മയോടുകൂടിയ സൃഷ്ടികളെല്ലാം നല്ലതോ താരതമ്യേന നല്ലതോ ആയിരിക്കും; താഴ്ന്ന കലാമേന്മയോടുകൂടിയവ ചീത്തയോ താരതമ്യേന ചീത്തയോ ആയിരിക്കും. പക്ഷേ, ഈ അളവുകോലിൻെറ തന്നെയും ആധാരം, ഓരോ കലാസൃഷ്ടിയും സമുദായത്തിൻെറ മേൽ എന്തുഫലമുളവാക്കുന്നുവെന്നതുതന്നെയാണ്. തങ്ങളുടെ സ്വന്തം സൃഷ്ടികൾ അതിശ്രേഷ്ഠമെന്ന അഹന്തയില്ലാത്ത സാഹിത്യകാരന്മാരും കലാകാരന്മാരും നന്നേ കുറവായിരിക്കുമല്ലോ.

അതേസമയംതന്നെ നാം, കലാസൃഷ്ടികളുടെ വിവിധരീതികളും രൂപങ്ങളും തമ്മിൽ സ്വതന്ത്രമായ മത്സരം നടത്താൻ അനുവദിക്കണം. എന്നാൽ അതോടൊപ്പംതന്നെ, താഴ്ന്നനിലവാരത്തിലുള്ള കലാസൃഷ്ടികളെ ഉയന്ന നിലവാരത്തിലേക്കുയത്തുവാനും ബഹുജനസമരങ്ങൾ ഏററവും ഉയന്ന മണ്ഡലത്തിലിട്ടും ആ സമരങ്ങളുടെ ആവശ്യം സാധിച്ചുകൊടുക്കാൻ കഴിയാത്ത കലാസൃഷ്ടികളെ അങ്ങനെയല്ലാതാക്കുവാനും സഹായകമായതോതിൽ ശാസ്ത്രീയവും കലാപരവുമായി നാം ഓരോ സൃഷ്ടിയേയും ശരിക്കു വിമർശിക്കുകയും ചെയ്യണം.

ഇങ്ങനെ, സാഹിത്യ-കലാവിമർശനത്തിൻെറ കാര്യത്തിൽ ഒരു രാഷ്ട്രീയനിലവാരവും ഒരു കലാനിലവാരവുമുണ്ടെന്ന് നാം കണ്ടുകഴിഞ്ഞു. അപ്പോൾ ഇവതമ്മിലുള്ള ശരിയായ ബന്ധമെന്താണ്? രാഷ്ട്രമീമാംസയെന്നതു്, അതേസമയംതന്നെ, ഒരു കലയല്ല. അതുപോലെ പൊതുവെ ലോകവീക്ഷണവും, അതേസമയംതന്നെ, കലാനിർമ്മാണസമ്പ്രദായമല്ല. കേവലവും അചഞ്ചലവുമായ കലാനിലവാരങ്ങളെയെന്നപോലെതന്നെ കേവലവും അചഞ്ചലവുമായ കലാനിലവാരങ്ങളേയും നാം നിരസിക്കുന്നു. വിവിധവർഗ്ഗസമുദായങ്ങൾക്ക് അവയുടേതായ വ്യത്യസ്തരാഷ്ട്രീയ-കലാനിലവാരങ്ങളുമുണ്ട്. അതുപോലെതന്നെ ഒരു പ്രത്യേക സമുദായത്തിലെ വിവിധവർഗ്ഗങ്ങളെ സംബന്ധിച്ചിടത്തോളവും അതു വിഭിന്നമായിരിക്കും. എന്നാൽ, ഏതു വർഗ്ഗസമുദായത്തിലായാലും പ്രസ്തുത സമുദാ

യത്തിലെ ഏതു വഗ്ഗത്തിലായാലും കൊള്ളാം, രാഷ്ട്രീയനിലവാരമാണ് ആദ്യം വരുന്നതെന്നും കലാനിലവാരത്തിനു രണ്ടാംസ്ഥാനമാണുള്ളതെന്നും നാം കാണണം.

തൊഴിലാളിവർഗ്ഗസാഹിത്യവും കലയും കഥാമേന്മയുടെ കാര്യത്തിൽ എന്തുമാത്രം ഉന്നതമായിരുന്നാലും ബൂർഷ്വാസി അവയെ കണ്ണടച്ചുപേക്ഷിക്കുന്നു. അതുപോലെ, തൊഴിലാളിവർഗ്ഗം ബൂർഷ്വാസാഹിത്യത്തിന്റേയും കലയുടേയും പിന്തിരിപ്പൻ രാഷ്ട്രീയസത്തയെ നിശ്ശേഷം നിരസിക്കുകയും അതോടൊപ്പം അവയുടെ കലാമേന്മയെ വകതിരിവോടെ ചോത്തിയെടുക്കുകയും ചെയ്യണം. അങ്ങേയററം പിന്തിരിപ്പനായ സാഹിത്യത്തിനും കലയ്ക്കുംപോലും, ഉദാഹരണത്തിനു ഫാസിസ്ററുകാരുടെ ക്രിയാത്മകമായ സൃഷ്ടികൾക്കുകൂടിയും, ഒരതിർത്തിവരെ കലാമേന്മയുണ്ടാവാമെന്നതു സാധാരണമാണ്. അങ്ങനെ, അധികരിച്ച കലാമേന്മയോടുകൂടിയ പിന്തിരിപ്പൻസൃഷ്ടികൾക്ക് ജനങ്ങളുടെമേൽ അധികമധികം നാശംചെയ്യാൻകഴിയുമെന്നതുകൊണ്ട് അവയെ തികച്ചും നിശ്ചയമായും വലിച്ചെറിയണം. ചൂഷകവർഗ്ഗങ്ങളുടെ സാഹിത്യത്തിനും കലയ്ക്കും, അവരുടെ അധഃപതനഘട്ടത്തിൽ, പൊതുവായ ഒരു സവിശേഷതയുണ്ട്—അവരുടെ പിന്തിരിപ്പൻ രാഷ്ട്രീയ ഉള്ളടക്കവും അവരുടെ കലാരൂപവും തമ്മിലുള്ള പൊരുത്തക്കേട്.

രാഷ്ട്രീയകാര്യവും കലയും തമ്മിലുള്ള ഐക്യമാണു നമ്മുടെ ആവശ്യം; ഉള്ളടക്കവും രൂപവുംതമ്മിലുള്ള ഇണക്കമാണ്, വിപ്ലവകരമായ രാഷ്ട്രീയ ഉള്ളടക്കവും ഏററവും ഉയർന്ന നിലവാരത്തിലുള്ള കലാരൂപവും തമ്മിലുള്ള സങ്കല്പമാണ് നമ്മുടെ ആവശ്യം. കലാമേന്മയില്ലാത്ത കലാസാഹിത്യസൃഷ്ടികൾ, രാഷ്ട്രീയമായി അവ എത്രതന്നെ പുരോഗമനപരമായാലും ഉപയോഗശൂന്യമാണ്.

അതുകൊണ്ട്, നാശകാരിയായ പിന്തിരിപ്പൻ ഉള്ളടക്കത്തോടുകൂടിയ കലാസൃഷ്ടികളെപ്പോലെതന്നെ, രൂപത്തിൽനിന്ന് ഉള്ളടക്കത്തെ ഒഴിച്ചുനിർത്താൻ ശ്രമിക്കുന്നതും "വാൾപോസ്ററർ—മുദ്രാവാക്യമട്ടി"ലുന്നയിക്കപ്പെടുന്നതുമായ സൃഷ്ടികളേയും നാം എതിർക്കുന്നു. സാഹിത്യ-കലാരംഗത്തിൽ ഈ രണ്ടു മുന്നണികളിലാണു നമുക്ക് സമരം ചെയ്യാനുള്ളതു്.

നമ്മുടെ പല സഖാക്കൾക്കും ഈ രണ്ടു തെററുകളുമുണ്ട്. കലാമേന്മയുടെ കാര്യത്തിൽ അങ്ങേയററത്തെ ശ്രദ്ധചെലുത്തേണ്ട പല

അവസരങ്ങളിലും അവരിൽ പലരും അക്കാര്യത്തിൽ അങ്ങേയററത്തെ ഉപേക്ഷ വരുത്തുന്നതായിക്കാണാം. എന്നാൽ, ഇന്ന് ഇതിലും പ്രധാനമായതു് അവരുടെ രാഷ്ട്രീയമേന്മകളാവാണ്. പല സഖാക്കൾക്കും അടിസ്ഥാനപരമായ രാഷ്ട്രീയസാമാന്യബുദ്ധിപോലുമില്ല; അതിൻെറ ഫലമായി ലോകത്തിലുള്ള സകലവിധ ആശയക്കുഴപ്പങ്ങളും തെററായ അഭിപ്രായങ്ങളും അവരുടെ തലയിൽ കുടികെട്ടിയിരിക്കുന്നു. യെനാനിൽത്തന്നെ നിലനിന്നുവരുന്ന തെററായ നിഗമനങ്ങളുടെ ചില ഉദാഹരണങ്ങൾ ഞാനിവിടെ എടുത്തുപറയാം.

1. "മനുഷ്യപ്രകൃതസിദ്ധാന്തം—മനുഷ്യപ്രകൃതമെന്ന ഒന്നുണ്ടോ?" നിശ്ചയമായും ഉണ്ട്. പക്ഷെ വ്യക്തമായ മനുഷ്യപ്രകൃതമാണതു്. വർഗ്ഗസമുദായത്തിൽ വർഗ്ഗസവിശേഷതകളോടുകൂടിയതായിരിക്കും മനുഷ്യപ്രകൃതം; വർഗ്ഗവ്യത്യാസങ്ങൾക്കതീതമായ, കേവലമായ മനുഷ്യപ്രകൃതമെന്നൊന്നില്ല.

ബൂർഷ്വാസിയും പെററിബൂർഷ്വാസിയും താന്താങ്ങളുടെ വർഗ്ഗത്തിൻേറതായ മനുഷ്യപ്രകൃതത്തിനുവേണ്ടിയാണ വാദിക്കുന്നതെങ്കിൽ, നമുക്കുമുണ്ട് നമ്മുടേതായ മനുഷ്യപ്രകൃതം—തൊഴിലാളിവർഗ്ഗത്തിൻെറ മനുഷ്യപ്രകൃതം. അത്രയധികമൊന്നും വിസ്തരിച്ചുപറയാൻ അവക്കു കെല്പില്ലെങ്കിലും, ബൂർഷ്വാ-പെററിബൂർഷ്വാവർഗ്ഗങ്ങളുടെ നാട്യം അവരുടേതു മാത്രമാണ് ഇന്നു നിലവിലുള്ള മനുഷ്യപ്രകൃതമെന്നതാണ്. യെനാനിലുമുണ്ട്, ഇജ്ജാതി ചില ആളുകൾ; തങ്ങളുടെ സാഹിത്യ-കലാസിദ്ധാന്തത്തിനെല്ലാം അടിസ്ഥാനമാക്കി അവർ തങ്ങളുടെ ആ മനുഷ്യപ്രകൃതമെന്നു പറയപ്പെടുന്നതിനെയാണു താങ്ങിക്കൊണ്ടുവരുന്നതു്. ഇതു തികച്ചും തെററാണ്.

2. "എല്ലാവിധ സാഹിത്യത്തിൻേറയും കലയുടേയും മൂലം സ്നേഹമാണ്, മനുഷ്യരാശിയോടുള്ള സ്നേഹമാണ്." സ്നേഹവും ഒരു ആരംഭകേന്ദ്രമാകാം; എന്നാൽ അതിനേക്കാളും മൌലികമായ മറെറാരു ആരംഭകേന്ദ്രമുണ്ട്. വസ്തുനിഷ്ഠമായ അനുഭവങ്ങളുടെ ഉല്പാദനമായ ഒരു വിശ്വാസമാണു സ്നേഹം. മൌലികമായി, ആശയങ്ങളിൽനിന്ന് ആരംഭിക്കാൻ നമുക്കു കഴിയുകയില്ല; വസ്തുനിഷ്ഠമായ അനുഭവങ്ങളിൽ നിന്നായിരിക്കും നമുക്കതു കഴിയുക.

ബുദ്ധിജീവികളുടെ പശ്ചാത്തലത്തോടുകൂടിയ സാഹിത്യകാരന്മാരും കലാകാരന്മാരുമായ നമുക്കു തൊഴിലാളിവർഗ്ഗത്തോടുള്ള സ്നേഹം, തൊഴിലാളിവർഗ്ഗത്തിൻെറമേൽ അടിച്ചേല്പിക്കപ്പെട്ടിട്ടുള്ള ഇന്നത്തെ

ദുർവിധികരം നമ്മളും ഇരയാവുകയും തൊഴിലാളിവർഗ്ഗത്തിന്റേയും നമ്മളുടേയും ജീവിതം ഒന്നായി സംയോജിക്കുകയും ചെയ്യുതിന്റെ ഫലമായുള്ളവാകുന്നതാണ്. നേരേമറിച്ചു ജാപ്പുസാമ്രാജ്യവാദികളുടെനേക്കു നമുക്കുള്ള വെറുപ്പിന്റെ അടിസ്ഥാനമാകട്ടെ, ജാപ്പുസാമ്രാജ്യവാദികരം നമ്മുടെമേലടിച്ചേല്പിക്കുന്ന മർദ്ദനത്തിൽനിന്നും ഉത്ഭവിക്കുന്നതുമാണ്. കാര്യവും കാരണവുംകൂടാതെ സ്നേഹമോ വെറുപ്പോ ലോകത്തിലൊരിടത്തും കാണുകയില്ല.

മനുഷ്യരാശിയോടു പൊതുവേയുള്ള സ്നേഹത്തെക്കുറിച്ചാണെങ്കിൽ, മനുഷ്യരാശി എന്നു വിവിധവർഗ്ഗങ്ങളായി വിഭജിക്കപ്പെട്ടുവോ അന്നുമുതൽ അങ്ങനെയൊരു സമഗ്രമായ സ്നേഹമില്ലാതായിക്കഴിഞ്ഞിരിക്കുന്നു. ഭരണാധികാരിവർഗ്ഗങ്ങളുടെ പണിയായിരുന്നു, വിശ്വവ്യാപകമായ സ്നേഹത്തെക്കുറിച്ചുള്ള നെടുനീളൻപ്രസംഗങ്ങരംനടത്തൽ. കോൺഫ്യൂഷസ്സും ടോൾസ്റ്റോയിയും അതിനുവേണ്ടി വാദിച്ചുനോക്കുകയുണ്ടായി. എന്നാൽ അതിൽ ആരുംതന്നെ ജയിച്ചിട്ടില്ല. ആക്കുംതന്നെ അതു പ്രായോഗികമാക്കാൻ കഴിഞ്ഞിട്ടില്ല. കാരണം ഒരു വർഗ്ഗസമുദായത്തിൽ അതു സാദ്ധ്യമല്ലതന്നെ.

മനുഷ്യരാശിയോട് പൊതുവേയുള്ള ഒരു യഥാൎത്ഥസ്നേഹം നിശ്ചയമായും സാദ്ധ്യമാണ്. പക്ഷേ അതു് ഇന്നല്ല; ലോകമാസകലം വർഗ്ഗവ്യത്യാസം ഇല്ലായ്മചെയ്യപ്പെട്ടശേഷമായിരിക്കും. വർഗ്ഗങ്ങരം സമുദായത്തെ വിഭജിക്കുന്നു; വർഗ്ഗങ്ങരം ഇല്ലാതാവുന്നതോടുകൂടി സമുദായം വീണ്ടും ഒന്നാകുന്നു. അന്നു മനുഷ്യരാശിയോടു പൊതുവെയുള്ള സ്നേഹം പൂവിട്ടുനില്ക്കും; ഇന്നതു സാദ്ധ്യമല്ല. നമ്മുടെ ശത്രുക്കളെ, ഫാസിസ്റ്റുകളെ, നമുക്കു സ്നേഹിക്കാൻ കഴിയുകയില്ല. സമുദായത്തിലെ കെടുതികളേയും കൊള്ളരുതായ്മകളേയും നമുക്കു സ്നേഹിക്കാൻ സാദ്ധ്യമല്ല. എന്നാൽ ഈ ദുരിതങ്ങളെയെല്ലാം തുടച്ചുനീക്കുവാനാണ് നാം പാടുപെടുന്നതു്. നമ്മുടെ ജനങ്ങരംക്കതു് അറിയുകയുംചെയ്യാം. എന്നിട്ടും നമ്മുടെ സാഹിത്യകാരന്മാക്കും കലാകാരന്മാക്കും അതു മനസ്സിലാകുന്നില്ലെന്നോ?

3. "എല്ലായ്പോഴും ശോഭനവും ഇരുണ്ടതുമായ വിവിധവശങ്ങരംക്കു തുല്യപ്രാധാന്യം നൽകിക്കൊണ്ടു് നിഷ്പക്ഷമായാണ് സാഹിത്യവും കലയും പ്രത്യക്ഷപ്പെട്ടിട്ടുള്ളതു്."

ചളിനിറഞ്ഞ ഒരുപാട്ട് ആശയങ്ങളുടെ ഒരയ്യർ കളിയിൽനി ന്നാണ് ഈ അഭിപ്രായം പൊന്തിവരുന്നത്. സാഹിത്യവും കല യും, ശോഭനവും ഇരുണ്ടതുമായ വശങ്ങളെ എല്ലായ്പ്പോഴും തുല്യമായല്ല മുന്നോട്ടു കൊണ്ടുവന്നിട്ടുള്ളതു്. പല പെററിബൂർ ഷ്വാ എഴുത്തുകാരും ഇനിയും ആ ശോഭനമായ വശം കണ്ടെത്തി ക്കഴിഞ്ഞിട്ടില്ല; "അനാചരാമനസാഹിത്യ"മെന്ന നെററിപ്പട്ടവുംകെ ട്ടിയ അവരുടെ ദൃഷ്ടികളിൽ ഇരുണ്ട വശങ്ങൾമാത്രമേ ഉൾപ്പെടുന്നു ള്ളു. പലപ്പോഴും അവർ തികച്ചും പരാജയമനോഭാവവും നിരാ ശാവാദവും 'പരത്താൻ മാത്രം പര്യാപ്തമായ സൃഷ്ടികൾപോലും ഉ ല്പാദിപ്പിക്കുന്നുണ്ടു്.

സോഷ്യലിസ്റ്റ് പുനർനിമ്മാണഘട്ടത്തിൽ സോവിയററു യൂണിയനിലെ സാഹിത്യം പ്രധാനമായും ശോഭനമായ വശങ്ങളെ യാണു പ്രതിഫലിപ്പിച്ചിരുന്നതു്. അററകുററങ്ങളുണ്ടെന്ന കാര്യം അവർ അംഗീകരിച്ചിരുന്നുവെങ്കിലും, അവയെത്തന്നെയും പ്രതിനി ധാനം ചെയ്തിരുന്നതു ശോഭനമായ വശങ്ങളുടെ പശ്ചാത്തല ത്തിലെ നിഴലെന്നപോലെയാണ്. ശോഭനവും ഇരുണ്ടതുമായ വശങ്ങൾക്കു തുല്യസ്ഥാനം അവിടെയുണ്ടായിരുന്നില്ല.

പിന്തിരിപ്പത്തത്തിൻെറ ഘട്ടത്തിൽ, ബൂർഷ്വാസാഹിത്യകാര ന്മാരും കലാകാരന്മാരും വിപ്ലവകാരികളായ ബഹുജനങ്ങളെ പി ടിച്ചുപറിക്കാരും അക്രമികളുമായും തങ്ങളെ സ്വയം പുണ്യവാള ന്മാരായും ചിത്രീകരിച്ചു. അങ്ങനെ ശോഭനവും ഇരുണ്ടതുമായ വശ ങ്ങളെ അവർ വളരെയധികം കോട്ടിവളച്ചു.

യഥാത്ഥവിപ്ലവകാരികളായ എഴുത്തുകാക്കും കലാകാരന്മാക്കും മാത്രമേ വാഴ്ത്തലും തുറന്നുകാട്ടലും തമ്മിലുള്ള ശരിയായ നില യുടെ പ്രശ്നം സത്യസന്ധമായും കൃത്യമായും പരിഹരിക്കാൻ കഴി യുകയുള്ളൂ. ജനങ്ങൾക്കുപദ്രവകരമായ എല്ലാ ഇരുണ്ടശക്തിക ളേയും അങ്ങേയററം തുറന്നുകാട്ടുകയും ബഹുജനങ്ങളുടെ എല്ലാവിധ വിപ്ലവപ്രവത്തനങ്ങളേയും വാഴ്ത്തുകയും ചെയ്യുക—ഇതാണ്, വിപ്ലവകാരികളായ എഴുത്തുകാരുടേയും കലാകാരന്മാരുടേയും മൌ ലികമായ കടമ.

4. "അനാചരാദനമാണു സാഹിത്യത്തിൻേറയും കലയുടേയും എല്ലായ്പോഴുമുള്ള പ്രവത്തനം." മുൻപു കാണിച്ച സംശയം

പോലെ ഇതും ശാസ്ത്രത്തിന്റെ ചരിത്രവും ചരിത്രപരമായ ഭൗതികവാദവും മനസ്സിലാക്കാൻ കഴിയാത്തതിന്റെ പ്രതിഫലനമാണ്.

ഞാൻ ഇതിനുമുമ്പു വ്യക്തമാക്കിയതുപോലെ, കൊള്ളരുതാത്തതെന്തോ അതിനെ തുറന്നുകാട്ടുക മാത്രമല്ല സാഹിത്യത്തിന്റേയും കലയുടേയും കടമ. വിപ്ലവകാരികളായ സാഹിത്യകാരന്മാരും കലാകാരന്മാരും തങ്ങളുടെ തുറന്നുകാട്ടലിന്റെ പ്രതിപാദ്യവിഷയത്തെ മർദ്ദകരുടേയും അക്രമികളുടേയും ചൂഷകരുടേയും നേക്കായിരിക്കണം തിരിച്ചുവിടുന്നതു്. സ്വാഭാവികമായും ജനങ്ങൾക്കുമുണ്ടായേക്കും, ചില അററകുററങ്ങൾ; മർദ്ദകരുടേയും അക്രമികളുടേയും ചൂഷകരുടേയും വാഴ്ച്ചയാണ് ആ വീഴ്ച്ചകൾക്കു കാരണം. അപ്പോൾ നമ്മുടെ വിപ്ലവകാരികളായ സാഹിത്യകാരന്മാരുടേയും കലാകാരന്മാരുടേയും കടമ, ബഹുജനങ്ങളെ കുററംപറയലല്ല; പ്രത്യുത അവരുടെ ആ അററകുററങ്ങൾക്കുള്ള മുഴുവൻ ഉത്തരവാദിത്വവും മർദ്ദകരും അക്രമികളും ചൂഷകരും ബഹുജനങ്ങളുടെമേൽ അനുവർത്തിച്ചിട്ടുള്ള കൊടുംപാതകങ്ങളുടെ പിടലിയിൽ ഏല്പിക്കലാണ്. ബഹുജനങ്ങളെ സംബന്ധിച്ചിടത്തോളം നമ്മുടെ കടമ അവരെ വിദ്യാഭ്യാസംചെയ്യിക്കലും അവരുടെ നിലവാരം ഉയർത്തലുമാണ്. എതിർവിപ്ലവകാരികളായ സാഹിത്യകാരന്മാരും കലാകാരന്മാരും മാത്രമേ ജനങ്ങളെ "ആജന്മവിഡ്ഢിക"ളായി കണക്കാക്കുകയുള്ളു; അവർ മാത്രമേ വിപ്ലവകാരികളായ ബഹുജനങ്ങളെ "മൃഗതുല്യലഹളക്കൂട്ട"മായി ചിത്രീകരിക്കുകയുള്ളു.

5. "ഇന്നും ഉപന്യാസങ്ങളുടെ കാലഘട്ടമാണ്. ല്യൂസൂൺ തുടന്നുവന്ന ആ ശൈലിയാണ് ഇന്നും ശരിയായ സമീപനരീതി."

ജനദ്രോഹികളുമായി ഏററുമുട്ടുമ്പോൾ മാത്രം ഉപയോഗിക്കാവുന്ന ഏററവും നല്ല ഒരു ഉപകരണമെന്ന നിലയ്ക്കു വേണം ല്യൂസൂണിന്റെ ആ ആക്ഷേപഹാസശൈലിയെ പരിഗണിക്കുക. ഇരുണ്ട ശക്തികളുടെ ആക്രമണത്തിന്റെ അടിയിലാണ് ല്യൂസൂൺ ജീവിച്ചിരുന്നതു്; അന്നദ്ദേഹത്തിനു മിണ്ടാനുള്ള സ്വാതന്ത്ര്യമുണ്ടായിരുന്നില്ല. അതുകൊണ്ടു തന്റെ ആക്ഷേപഹാസോപന്യാസങ്ങൾ വഴി അദ്ദേഹം തിരിച്ചടിച്ചു; അതിലദ്ദേഹം തികച്ചും ശരിയായിരുന്നുതാനും.

ചൈനയിലെ ഫാസിസ്ററുകളേയും പിന്തിരിപ്പൻ കൂട്ടാളികളേയും കടുത്ത ആക്ഷേപഹാസത്തോടുകൂടി നാം കയറിയടിക്കണമെന്നതിൽ ഇവിടെ സംശയമൊന്നുമില്ല; എന്നാൽ, ഷാൻ-കാൻ-നിങ്ങ അതിർത്തിപ്രദേശത്തും ശത്രുവിൻെറ പുറകിലുള്ള ജാപ്പുവിരുദ്ധസങ്കേതങ്ങളിലും എതിർവിപ്ലവകാരികളും ഒററുകാരുമൊഴികെ മററെല്ലാവരും പരിപൂർണ്ണസ്വാതന്ത്ര്യവും ജനാധിപത്യവും അനുഭവിക്കുന്ന സ്ഥിതിക്ക് ഉപന്യാസകൃത്തുക്കൾ ല്യൂസ്യൂണിൻെറ രീതിതന്നെ അംഗീകരിക്കണമെന്നില്ല. ഇവിടെ നിങ്ങൾക്കു സകല കാര്യങ്ങളും തുറന്നടിക്കാം; ആരും നിങ്ങളെ തടയാനില്ല. അങ്ങനെ ബഹുജനങ്ങൾക്കെല്ലാം എളുപ്പം മനസ്സിലാക്കാം. ജനദ്രോഹികളുടെ നേരെയല്ലാതെ, ജനങ്ങളെ ചിത്രീകരിക്കുന്ന യാതൊരവസരത്തിലും, തൻെറ ഉപന്യാസകാലഘട്ടത്തിൽപോലും വിപ്ലവകാരികളായ ബഹുജനങ്ങളുടേയോ വിപ്ലവപ്പാർട്ടികളുടേയോ കാര്യത്തിൽ ല്യൂസ്യൂൺ തൻെറ ഈ ആക്ഷേപഹാസശൈലി ഉപയോഗിച്ചിട്ടില്ല. ശത്രുക്കളെ എതിക്കാനുപയോഗിച്ച രീതിയിൽനിന്നും തികച്ചും വ്യത്യസ്തമായിരുന്നു അദ്ദേഹം ജനങ്ങളെക്കുറിച്ചു ചിത്രീകരിക്കാനുപയോഗിച്ച രീതി. ഞാനാദ്യം പറഞ്ഞപോലെ, നാം ബഹുജനങ്ങളുടെ അററകുററങ്ങളെ വിമർശിക്കുന്നതു ജനങ്ങളുടെ നിലപാടിൽനിന്നുകൊണ്ടായിരിക്കണം; അകംനിറഞ്ഞ ആത്മാർത്ഥതയോടുകൂടിയായിരിക്കണം; ജനങ്ങളെ കാത്തുരക്ഷിക്കുകയും വിദ്യാഭ്യാസം ചെയ്യിക്കുകയുമെന്ന ലക്ഷ്യത്തോടെയായിരിക്കണം. ശത്രുവിൻെറ നേക്കെടുക്കുന്ന നിർദ്ദയമായ തോതിലാണ് നിങ്ങൾ നിങ്ങളുടെ സഖാവിനോടു പെരുമാറുന്നതെങ്കിൽ, നിങ്ങളും ശത്രുവിൻെറ അതേനിലപാടുതന്നെയാണെടുക്കുന്നതാണെന്നർത്ഥം.

അതുകൊണ്ട് ആക്ഷേപഹാസത്തെ നാം പൂർണ്ണമായും ഉപേക്ഷിക്കണമെന്നാണോ ഇപ്പറഞ്ഞതിന്നർത്ഥം? അല്ലതന്നെ. ആക്ഷേപഹാസം പലജാതിയുണ്ട്—ശത്രുവിൻെറനേരെ പ്രയോഗിക്കുവാനുള്ളതു്; ബന്ധുക്കളുടെ ഇടയിൽ പ്രയോഗിക്കുവാനുള്ളതു്; സ്വന്തക്യാമ്പിൽത്തന്നെയുള്ള ജനങ്ങളുടെ കാര്യത്തിൽ പ്രയോഗിക്കുവാനുള്ളതു്. ഈ മൂന്നുതരം ആക്ഷേപഹാസങ്ങളും ഒന്നു മറെറാന്നുമായി തികച്ചും വ്യത്യസ്തമാണ്. അതുകൊണ്ട് ആക്ഷേപഹാസത്തെ ഒന്നോടെ ഉപേക്ഷിക്കുന്നതിനു പകരം അതിലെ നിന്ദാവശം തിരസ്കരിക്കുകയാണ് നാം ചെയ്യേണ്ടിയിരിക്കുന്നതു്.

6. "നന്മയുടേയും ഗുണവിശേഷങ്ങളുടേയും സ്തുതിഗീതങ്ങളാലാപിക്കാനല്ല ഞാൻ വന്നിരിക്കുന്നതു്. നല്ല വശങ്ങളെ പാടിപ്പുകഴ്ത്തണമെന്നൊന്നുമില്ല ഒരു മഹത്തായ കലാസൃഷ്ടിക്കു്; അതുപോലെതന്നെ കൊള്ളരുതാത്ത വശങ്ങളെ തുറന്നുകാട്ടുന്നതുകൊണ്ടു് ഒരു കലാസൃഷ്ടി തരംതാഴണമെന്നുമില്ല."

നിങ്ങളൊരു ബൂർഷ്വാസാഹിത്യകാരനോ ബൂർഷ്വാകലാകാരനോ ആണെങ്കിൽ നിങ്ങൾ തൊഴിലാളിവർഗ്ഗത്തെ ശ്ലാഘിക്കുകയില്ലെന്നതു സ്വാഭാവികമാണു്. പകരം നിങ്ങൾ നിങ്ങളുടെ ബൂർഷ്വാസിയെയായിരിക്കും സ്തുതിച്ചുപാടുക. എന്നതുപോലെ, നിങ്ങളൊരു തൊഴിലാളിവർഗ്ഗസാഹിത്യകാരനോ കലാകാരനോ ആണെങ്കിൽ നിങ്ങൾ തൊഴിലാളിവർഗ്ഗത്തേയും അദ്ധ്വാനിക്കുന്ന ജനങ്ങളേയും മാത്രമേ വാഴ്ത്തുകയുള്ളുവെന്നതും തികച്ചും സ്വാഭാവികമാണു്. ഒരുകാര്യം, ഇതിലേതെങ്കിലും ഒരുവശത്തു് ഉറച്ചുനിന്നേ മതിയാവൂ.

ബൂർഷ്വാസമുദായത്തിന്റെ ശോഭനമായ വശങ്ങളെ പാടിപ്പുകഴ്ത്തുന്ന കൃതികൾ മെച്ചപ്പെട്ടതായിരിക്കണമെന്നോ, അല്ലെങ്കിൽ അതിന്റെ ഇരുവശങ്ങളെ തുറന്നുകാട്ടുന്നവ താഴ്ന്നിരിക്കണമെന്നോ ഇല്ല. അതുപോലെ തൊഴിലാളിവർഗ്ഗത്തിന്റെ ശോഭനമായ വശങ്ങളെ വാഴ്ത്തുന്നതായ കൃതികൾ അനുപേക്ഷമായും താഴ്ന്നതരത്തിൽപ്പെട്ടതായിരിക്കണമെന്നില്ലല്ലോ; എന്നാൽ ഒരു കാര്യം വളരെ തീർച്ചയാണു്. തൊഴിലാളിവർഗ്ഗത്തിന്റെ "ഇരുണ്ട"വശങ്ങളെന്നു പറയപ്പെടുന്നതിൽതന്നെ ഊന്നംവെച്ചുകൊണ്ടിരിക്കുന്നതു നിശ്ചയമായും ആക്ഷേപാർഹമാണു്. സാഹിത്യത്തിന്റേയും കലയുടേയും ചരിത്രത്തിൽ ഈ വാസ്തവം തികച്ചും സ്ഥാപിതമായിക്കാണുന്നില്ലേ? എങ്കിൽ എന്തുകൊണ്ടു നാം ജനങ്ങളെ, ചരിത്രത്തിന്റേയും പരിഷ്കാരത്തിന്റേയും സൃഷ്ടികർത്താക്കളെ, വാഴ്ത്തിക്കൂടാ? എന്തുകൊണ്ടു തൊഴിലാളിവർഗ്ഗത്തേയും കമ്യൂണിസ്റ്റുപാർട്ടിയേയും പുതിയ ജനാധിപത്യത്തേയും സോഷ്യലിസത്തേയും വാഴ്ത്തിക്കൂടാ?

ജനങ്ങളുടെ മഹത്തായ ലക്ഷ്യങ്ങളുടെപേരിൽ യാതൊരാവേശവുമില്ലാത്ത ചിലരുണ്ടു്. ബഹുജനങ്ങളുടേയും അവരുടെ മുന്നണിപ്പടയുടേയും സമരങ്ങളുടേയും വിജയങ്ങളുടേയും നേരെ കേവലം അകന്നുനിൽക്കുന്ന കാണികളെപ്പോലെയാണു് അവർ വർത്തിക്കുന്നതു്. തങ്ങളെത്തന്നെയോ അല്ലെങ്കിൽ തങ്ങളുടെ അല്പംചില ആരാധകന്മാരെ

യോ തങ്ങളുടെ മണ്ഡലത്തിലുള്ള ഒരുപിടി ആളുകളേയോ വാഴ്ത്തുകയെന്നതിലാണ് അവരുടെ പ്രധാന ശ്രദ്ധ; അതിലൊട്ടുംതന്നെ അവക്കു മടുപ്പുമില്ല. ജനങ്ങളുടെ ഗുണവിശേഷങ്ങളേയും നേട്ടങ്ങളേയും വാഴ്ത്തുന്നതും വിപ്ലവകാരികളായ ബഹുജനങ്ങളുടെ സമരവീര്യത്തെ ശക്തിപ്പെടുത്തുകയും അവരുടെ ശുഭാപ്തിവിശ്വാസം വർദ്ധിപ്പിക്കുകയും ചെയ്യുന്നതും ഇത്തരം പെററിബൂർഷ്വാവ്യക്തിഗതവാദികൾക്കു സമ്മതമല്ല. ഇത്തരം ആളുകൾ വിപ്ലവമച്ചരിയിലെ കൃമികളാണ്; ഇവരുടെ ഈ "ഗുണസ്തുതി"കൊണ്ടു് വിപ്ലവകാരികളായ ബഹുജനങ്ങൾക്കു യാതൊരാവശ്യവുമില്ല.

7. "ഇതു നമ്മുടെ നിലപാടിനെക്കുറിച്ചുള്ള ഒരു പ്രശ്നമല്ല; നമ്മുടെ നിലപാടു ശരിയാണ്; ഉദ്ദേശം നല്ലതാണ്; വേണ്ടപ്പെട്ട ആശയം ഉൾക്കൊണ്ടിട്ടുമുണ്ടു്. നമ്മുടെ ചിത്രീകരണോപാധികൾ മാത്രം കൊള്ളുകില്ല; അതുകൊണ്ടു ഫലവും നല്ലതല്ല."

ഉദ്ദേശവും ഫലവുമെന്ന പ്രശ്നത്തെ വൈരുദ്ധ്യാധിഷ്ഠിതഭൌതികവാദത്തിൻെറ വെളിച്ചത്തിൽ ഞാനിതിനകംതന്നെ വ്യാഖ്യാനിച്ചുകഴിഞ്ഞു. എന്നാൽ ഇവിടെ നമുക്കു ഫലത്തിൻെറ പ്രശ്നം നിലപാടിൻെറ പ്രശ്നം കൂടെയല്ലേ എന്നു് ഒന്നു പരിശോധിച്ചുനോക്കാം. ഉളവാകുന്ന ഫലമെന്തായിരിക്കുമെന്നുറപ്പിക്കാതെ, ഉദ്ദേശംമാത്രംവെച്ചു് ഒരു കടമ നിറവേററാൻ പുറപ്പെടുന്ന ആൾ, രോഗിയുടെ രോഗം മാറുമോ, അതോ ആ പാവം മരിക്കുമോ എന്നു നിശ്ചയമില്ലാതെ മരുന്നുകുറിക്കുന്ന ഒരു ഡാക്ടർക്കു തുല്യമാണ്. മറെറാരു ഉദാഹരണംകൂടി, നടപ്പിൽവരുത്താൻ കഴിയുമോ ഇല്ലയോ എന്നു പിടിയില്ലാതെ ഒരു പ്രകടനപത്രിക പുറത്തുവിടുകയെന്നതു് ഒരു രാഷ്ട്രീയപാർട്ടിക്കു ചേർന്നതാണോ? ഇതിനെയാണോ നിങ്ങൾ നല്ല ഉദ്ദേശം എന്നു പറയുന്നതു്? ഫലങ്ങളെന്തെല്ലാമെന്നും അവ എങ്ങനെയിരിക്കുമെന്നും മതിക്കുന്നതിൽ നമുക്കു പിശകു പററിയേക്കാം; എന്നാൽ, അനാശാസ്യമായ ഫലങ്ങളാണുണ്ടാവുകയെന്നു തെളിഞ്ഞുകഴിഞ്ഞതശേഷവും അതിനിടയാക്കിയ അതേ പഴയ മാർഗ്ഗംതന്നെ പിന്തുടരണമെന്നു ശഠിക്കുന്നതു നല്ല ഉദ്ദേശമാണെന്നു പറയാമോ?

ഒരു രാഷ്ട്രീയപാർട്ടിയേയോ അല്ലെങ്കിൽ ഒരു ഡാക്ടരേയോ കുറിച്ചു നാം വിധിപറയുന്നതു് അവരുണ്ടാക്കുന്ന പ്രായോഗികാനുഭവങ്ങളുടെ, ഫലങ്ങളുടെ അടിസ്ഥാനത്തിലായിരിക്കുമല്ലോ. അതുപോ

ലെവേണം, നാമൊരു സാഹിത്യകാരനേയോ കലാകാരനേയോകുറിച്ച് ഒരു തീരുമാനത്തിലെത്തുക.

യഥാർത്ഥമായും നല്ല ഉദ്ദേശങ്ങളുള്ള ഏതൊരാളും അതുളവാക്കുന്ന ഫലമെന്തായിരിക്കുമെന്നു ശരിക്കും പരിചിന്തനംചെയ്യേണ്ടതാണ്; അതിനുമുമ്പത്തെ എല്ലാ അനുഭവങ്ങളേയും പരിഗണിക്കുകയും തങ്ങളുടെ വഴികളെ, അതായത് അവരുടെ ചിത്രീകരണോപാധികളെ, സശ്രദ്ധം പരിശോധിക്കുകയും ചെയ്യേണ്ടതാണ്. പരമാർത്ഥമായും അവക്കു പരിശുദ്ധമായ ഉദ്ദേശങ്ങളാണുള്ളതെങ്കിൽ, നിശ്ചയമായും അവർ തങ്ങളുടെ അററകുററങ്ങളും തെററുകളും മനസ്സിലാക്കാൻ തയ്യാറാവണം; സത്യസന്ധമായ സ്വയംവിമർശനം പരിശീലിക്കണം; ആ തെററുകളെയെല്ലാം ശരിക്കും തിരുത്താനുള്ള ദൃഢചിത്തത കാണിക്കണം. ഈയൊരു സ്പിരിട്ടോടുകൂടിയാണ് കമ്മ്യൂണിസ്റ്റ്പാർട്ടിയംഗങ്ങൾ സ്വയം വിമർശനംനടത്തുന്നത്. അങ്ങനെയായാൽ മാത്രമേ, അപ്പോൾ മാത്രമേ, നിങ്ങളുടെ നിലപാടു ശരിയാണെന്നു പറയാൻ നിവ്വാഹമുള്ളു. അതേസമയ തന്നെ, യഥാർത്ഥമായ അനുഭവങ്ങളുടെനേരേ ഗുരുതരവും ഉത്തരവാദപരവുമായ ഒരു മനോഭാവം കൈക്കൊണ്ടാൽ മാത്രമേ ശരിയായ നിലപാടേതെന്നറിയാനും ശരിയായ വീക്ഷണഗതിയുൾക്കൊള്ളാനും കഴിയുകയുള്ളൂ. ശരിയായ അനുഭവത്തിലൂടെയുള്ള ഈ ലക്ഷ്യത്തിലേക്ക് നീങ്ങാൻ നിങ്ങൾ തയ്യാറില്ലെങ്കിൽ, നേരേമറിച്ച് എല്ലായ്പോഴും ശരിയാണ് നിങ്ങൾ എന്ന നിർബ്ബന്ധമാണ് നിങ്ങൾക്കുള്ളതെങ്കിൽ, നിങ്ങൾ പറയുന്നതെന്തുതന്നെയായാലും നിങ്ങൾക്കു യാതൊന്നും ശരിക്കു മനസ്സിലാകുന്നില്ലെന്നതാണ് ചുരുക്കം.

8. “വൈരുദ്ധ്യാധിഷ്ഠിതഭൗതികവാദത്തിൻെറ യാന്ത്രികമായ ഒരാവത്തനമാണ് മാർക്സിസം. ലെനിനിസത്തിൻെറ പഠനം; അതു കലാകാരൻെറ ക്രിയാത്മകചൈതന്യത്തെ ശ്വാസംമുട്ടിച്ചു കൊല്ലും.”

മാർക്സിസം-ലെനിനിസം പഠിക്കുകയെന്നതിന്നത്ഥം, ലോകത്തേയും സമുദായത്തേയും സാഹിത്യത്തേയും കലയേയും, വൈരുദ്ധ്യാധിഷ്ഠിതവും ചരിത്രപരവുമായ വീക്ഷണഗതിയിലൂടെ നിരീക്ഷിക്കുകയും പഠിക്കുകയും ചെയ്യുകയെന്നുമാത്രമാണ്. തൻെറ ഓരോ സാഹിത്യ-കലാസൃഷ്ടിയിലും ഏതൊരാളും ഓരോ തത്വശാസ്ത്രരൂപരേഖ ഉൾക്കൊള്ളിക്കണമെന്നൊന്നും അതിനാർത്ഥമില്ല.

മാർക്സിസം-ലെനിനിസത്തിനു പ്രകൃതിശാസ്ത്രത്തിലെ അണുക്കളേയും എലക്ട്രോണുകളേയും സംബന്ധിച്ച സിദ്ധാന്തത്തെ ആശ്ലേഷിക്കുവാനല്ലാതെ അതിനു പകരമാവാൻ കഴിയാത്തതുപോലെതന്നെ, ക്രിയാത്മകമായ സാഹിത്യ-കലകളിലെ റിയലിസത്തെ ആശ്ലേഷിക്കുകയല്ലാതെമാർക്സിസം-ലെനിനിസം അതിനും സ്വയം പകരംചമയുന്നില്ല. പൊള്ളയായ വരണ്ട പ്രമാണോദ്ധാരണവാദം പരമാർത്ഥമായും ക്രിയാത്മകചൈതന്യത്തെ ശ്വാസംമുട്ടിച്ചു കൊല്ലും; മാത്രമല്ല അവർ മാർക്സിസം-ലെനിനിസത്തെത്തന്നെ നശിപ്പിക്കുന്നു. പ്രമാണോദ്ധാരണവാദ മാർക്സിസം-ലെനിനിസം യഥാർത്ഥ മാർക്സിസം-ലെനിനിസമല്ല; അതു മാർക്സിസം-ലെനിനിസത്തിന്നെതിരാണ്.

അപ്പോൾ, മാർക്സിസം-ലെനിനിസം ക്രിയാത്മകചൈതന്യത്തെ നശിപ്പിക്കുന്നുണ്ട്. നശിപ്പിക്കുന്നില്ലെന്നാണോ പറയുന്നതു്? അല്ല. അതു നശിപ്പിക്കുന്നുണ്ട്. നാടുവാഴിത്ത ബൂർഷ്വാ-പെററിബൂർഷ്വാ ക്രിയാത്മകചൈതന്യത്തെ അതു നശിപ്പിക്കുന്നുണ്ട്; മിതവാദിത്വത്തിലും വ്യക്തിപ്രമാണവാദത്തിലും പ്രായോഗികോപയോഗമില്ലാത്ത കേവലത്വത്തിലും അടിയുറച്ചതും, കുലീനവർഗ്ഗാധിപത്യപരവും നിരാശാജനകവും പരാജയമനോഭാവപരവുമായതും 'കല കലയ്ക്കുവേണ്ടി'യെന്നു വാദിക്കുന്നതുമായ അവരുടെ ക്രിയാത്മകചൈതന്യത്തെ അതു നശിപ്പിക്കുന്നുണ്ട്. ബഹുജനങ്ങളുടേതും തൊഴിലാളിവർഗ്ഗത്തിൻേറതുമല്ലാത്ത ഏതുതരം ക്രിയാത്മകചൈതന്യത്തേയും അതു നശിപ്പിക്കുകതന്നെ ചെയ്യും. അപ്പോൾ തൊഴിലാളിവർഗ്ഗസാഹിത്യകാരന്മാരെ സംബന്ധിച്ചിടത്തോളം ഇത്തരം ക്രിയാത്മകചൈതന്യത്തെ നശിപ്പിക്കണമെന്നതു തികച്ചും ശരിയല്ലേ? ആണെന്നാണ് എൻെറ അഭിപ്രായം. പുതിയതിന്നിടംകൊടുക്കാൻവേണ്ടി അവയുടെ ഉന്മൂലനാശംവരുത്തുകതന്നെവേണം.

# V

മേല്പറഞ്ഞ പ്രശ്നങ്ങളെല്ലാംതന്നെ യെനാനിലെ സാഹിത്യ-കലാകേന്ദ്രങ്ങളിൽ ഉന്നയിക്കപ്പെട്ടിട്ടുണ്ടു്. എന്താണതു സൂചിപ്പിക്കുന്നതു്? പാർട്ടിപ്രശ്നങ്ങളും സാഹിത്യകാര്യവും ഗുരുതരമായി മനസ്സിലാക്കുന്നതിൽ പ്രസ്തുത സാഹിത്യ-കലാകേന്ദ്രങ്ങൾ ദുഷിച്ച വാസനകൾക്കും തെററായ സ്വഭാവങ്ങൾക്കും ഇരയായിരിക്കുന്നുവെന്നതാണു് അതു കാണിക്കുന്നതു്. നമ്മുടെ സഖാക്കൾ ഇന്നും ആദ്ധ്യാത്മികവാദം, വൈദേശികപ്രമാണോദ്ധാരണമനോഭാവം, മിഥ്യാബോധങ്ങൾ, പൊള്ളവാക്കുകൾ, യഥാർത്ഥഅനുഭവങ്ങളെ നിസ്സാരമാക്കൽ, ജനങ്ങളിൽ നിന്നൊളിച്ചോടൽ എന്നിവയ്ക്കും മററു് അററകുററങ്ങൾക്കും വിധേയരായിക്കഴിയുന്നുവെന്നതാണു് അതു തെളിയിക്കുന്നതു്.

തൊഴിലാളിവർഗ്ഗവും പെററിബൂർഷ്വാസിയും തമ്മിലുള്ള വ്യത്യാസം വ്യക്തമായി തിരിച്ചറിയാൻപോലും ഇന്നും നമ്മുടെ പല സഖാക്കൾക്കും സാധിക്കുന്നില്ല. നമ്മുടെ പല അംഗങ്ങളും സംഘടനാപരമായി നോക്കിയാൽ പാർട്ടിയിൽ ചേന്നിട്ടുണ്ടാകാം. എന്നാൽ ആശയപരമായി നോക്കിയാൽ അവരിൽ പലരും പാർട്ടിയിലൊട്ടുംതന്നെ ചേൎന്നുകഴിഞ്ഞിട്ടില്ലെന്നോ അല്ലെങ്കിൽ ആ ചേരൽ കേവലം ഭാഗികംമാത്രമാണെന്നോ കാണാൻകഴിയും. അവർ ഇന്നും ചൂഷകവൎഗ്ഗങ്ങളിളക്കിവിട്ട കൊള്ളരുതായ്മകളിലധികവും വിട്ടുകളഞ്ഞിട്ടില്ല; അവൎക്കിന്നും തൊഴിലാളിവർഗ്ഗത്തിൻെറ ആശയസമുച്ചയമെന്തെന്നറിയില്ല; അവൎക്കിന്നും കമ്മ്യൂണിസമെന്തെന്നോ കമ്മ്യൂണിസ്ററുപാർട്ടിയെന്തെന്നോ അറിയില്ല. തൊഴിലാളിവർഗ്ഗ ആശയസമുച്ചയവും ഒരു "സാധാരണച്ചരക്കു"തന്നെയാണെന്നാണു് അവരുടെ ധാരണ. ഈ "സാധാരണച്ചരക്കു്" തലയിലാക്കുകയെന്നതു് അത്ര എളുപ്പമുള്ള പണിയല്ലെന്നു അവൎക്കറിഞ്ഞുകൂടാ. യഥാർത്ഥ കമ്മ്യൂണിസ്ററുകാരുടെ ഒരു നേരിയ സാമ്യംപോലും അവർ വഹിക്കുന്നില്ല; അങ്ങനെയുള്ളവർ ക്രമേണ പാർട്ടിയിൽനിന്നു വിട്ടുപോകാതിരിക്കുകയുമില്ല. ഇതിലും വഷളായ മറെറാരു വിഭാഗമുണ്ടു്. ജാപ്പുസംഘടനയിലോ, വേങ്ങ് ചിങ്ങ്-വേയ് പാർട്ടിയിലോ, വൻകിടബൂർഷ്വാഭൂവുടമവർഗ്ഗങ്ങളുടെ രഹസ്യവകുപ്പിലോ അംഗങ്ങളായിരുന്നവരാണു് ആ വിഭാഗം. ഇന്നവരിൽ പലരും കമ്മ്യൂണിസ്ററുപാർട്ടിയിലും പാർട്ടിയുടെ നേതൃത്വത്തിൻകീഴിലുള്ള

മററു സംഘടനകളിലും നുഴഞ്ഞുകയറി നെഞ്ചത്തു വിപ്ലവനാട കുത്തിയിരിക്കുകയാണ്.

നമ്മുടെ സഖാക്കളിൽ ഭൂരിപക്ഷവും ശുദ്ധരും നേരസ്ഥരുമാണെന്നിരുന്നാൽക്കൂടിയും, നമ്മുടെ വിപ്ലവപ്രസ്ഥാനത്തെ അധികമധികം പുരോഗതിയിലേക്കും അതിശീഘ്രമുള്ള നേട്ടങ്ങളിലേക്കും നയിക്കാൻ കഴിയത്തക്കവണ്ണം, നമ്മുടെ പാർട്ടിയിലും അണികളിലും സമഗ്രവും ദൂരവ്യാപകവുമായ ഒരു പുനഃപരിശോധന ആവശ്യമായിരിക്കുന്നു.

സംഘടനാപരമായ പുനഃപരിശോധനയ്ക്കു് അത്യാവശ്യമായും ആശയപരമായ പുനഃപരിശോധന കൂടിയേ തീരൂ; ആശയപരമായ പുനഃപരിശോധനയാകട്ടെ, അതിൻെറ മുറയനുസരിച്ച്, തൊഴിലാളിവർഗ്ഗപരവും തൊഴിലാളിവർഗ്ഗേതരവുമായ ആശയസമുച്ചയങ്ങളുടെ ഒരു തുറന്ന പ്രകടനം കൂടിയേ തീരൂ എന്നും നിർബ്ബന്ധിക്കുന്നു. അതുകൊണ്ടു്, ഇയ്യിടെ, യെനാനിലെ സാഹിത്യ-കലാകേന്ദ്രങ്ങളിലാരംഭിച്ചമാതിരിയുള്ള ഒരാശയസമരം അങ്ങേയററംവരെ അത്യാവശ്യമാണ്.

പെററിബൂർഷ്വാ പശ്ചാത്തലത്തോടുകൂടിയ ആളുകൾ, സാഹിത്യത്തിലും കലയിലുമടക്കം തങ്ങളുടെ സ്വന്തമായ എത്രയോ സ്വയം വീമ്പിളക്കൽസമ്പ്രദായങ്ങൾ വച്ചുപുലർത്താൻ നിരന്തരം പരിശ്രമിക്കുന്നവരാണ്. ആ പെററിബൂർഷ്വാ ബുദ്ധിജീവികൾ തങ്ങളുടെ സ്വന്തം വീക്ഷണഗതികൾ പ്രചരിപ്പിക്കുകയും അതനുസരിച്ചുവണ്ണം കമ്മ്യൂണിസ്ററുപാർട്ടിയും ലോകം മുഴുവൻതന്നെയും പരിഷ്ക്കരിക്കുകയെന്നു നിർബന്ധിക്കുകയും ചെയ്യുന്നു. അവരെ വിളിച്ചുനിർത്തി നമുക്കു് ഉറച്ചുപറയാം: ചങ്ങാതിമാരെ, ഇവിടെവേണ്ട നിങ്ങളുടെ ആ ആശയങ്ങൾ; തൊഴിലാളിവർഗ്ഗവും ബഹുജനങ്ങളുമില്ല, നിങ്ങളുടെ ആ ആശയങ്ങൾക്കു് ഇരയാവാൻ; നിങ്ങളുടെ ആ ആശയങ്ങൾക്കിരയാവുകയെന്നതിന്നർത്ഥം വൻകിടബൂർഷ്വാ-ഭൂവുടമവർഗ്ഗങ്ങൾക്കിരയാവലല്ലാതെ മറെറാന്നുമല്ല. അങ്ങനെയായാൽ ഞങ്ങളുടെ പാർട്ടിയും തുലയും, നാടും തുലയും, ഏറിയകൂറും നിങ്ങളുടേതന്നെ തലയും തുലയും. അപ്പോൾ നാം ശരിയായ ആശയങ്ങൾക്കുവേണ്ടി ആരുടെ നേരെയാണു തിരിയേണ്ടതു്? തൊഴിലാളിവർഗ്ഗത്തിൻേറയും അതിൻെറ മുന്നണിപ്പടയുടേയും നേർക്കു്. അവയുടെ നിലപാടിൽനിന്നുകൊണ്ടു മാത്രമേ നമുക്കു പാർട്ടിയേയും ലോകത്തേയും ആവശ്യത്തിനനുസരിച്ചു മാററിപ്പണിയാൻ കഴിയുകയുള്ളൂ.

സാഹിത്യ-കലാകേന്ദ്രങ്ങളിലുള്ള നമ്മുടെ സഖാക്കളെല്ലാംതന്നെ ഈ വാദപ്രതിവാദത്തിൻെറ ഗൗരവം ശരിക്കു മനസ്സിലാക്കുകയും, ശത്രുവിനെതിരായ സമരത്തിൽ തങ്ങളുടെ മററു സുഹൃത്തുക്കളും സഖാക്കളുമായി വീറോടെ സഹകരിക്കുകയും ചെയ്യുമെന്നു നമുക്കു വിശ്വസിക്കാം. ഇങ്ങനെ മാത്രമേ നമ്മുടെ എല്ലാ അംഗങ്ങളും അണികളും സംഘടനാപരമായി, ശക്തിപ്പെടുത്തുകയുള്ളു; ഏകീകരിക്കപ്പെടുകയും അരക്കിട്ടുറപ്പിക്കപ്പെടുകയും ചെയ്യുകയുള്ളു.

ആശയപരമായി അങ്ങേയററം കുഴഞ്ഞുമറിഞ്ഞുകിടക്കുന്നതുകൊണ്ട്, നമ്മുടെ പല സഖാക്കൾക്കും ഇന്നും, നമ്മുടെ ജാപ്പുവിരുദ്ധകേന്ദ്രങ്ങളും ചൈനയുടെ മററുഭാഗങ്ങളും തമ്മിലുള്ള വ്യത്യാസമെന്തെന്നുപോലും അറിഞ്ഞുകൂടാ. അവരുടെ ഈ ആശയക്കുഴപ്പം പല തെററുകൾക്കും ഇടയാക്കുന്നു. നിങ്ങളിൽ പല സഖാക്കളും തന്നെ ഷാങ്ഹായിലെ മേലറകളിൽനിന്നാണിവിടെ വന്നിട്ടുള്ളത്. ആ മേലറകളിൽനിന്നു നിങ്ങളിങ്ങോട്ടുവന്നുവെന്നതിന്നർത്ഥം, ഒരു പ്രദേശത്തുനിന്നു മറെറാന്നിലേയ്ക്കു മാറിയെന്നതു മാത്രമല്ല, ഒരു പഴയ യുഗത്തിൽനിന്നു ചരിത്രപ്രധാനമായ മറെറാരു യുഗത്തിലേക്കു മാറിയെന്നതുകൂടിയാണ്. വൻകിട ബൂർഷ്വാ-ഭൂവുടമവർഗ്ഗങ്ങളുടെ ഭരണത്തിൻകീഴിലുള്ള അർദ്ധനാടുവാഴിത്ത-അർദ്ധകൊളോണിയൽ സമുദായത്തിൽനിന്ന്, നിങ്ങൾ, തൊഴിലാളിവർഗ്ഗനേതൃത്വത്തിലുള്ള വിപ്ലവകരമായ ഒരു പുതിയ ജനാധിപത്യസമുദായത്തിലെത്തിയിരിക്കുന്നു. ഞങ്ങളുടെ ഈ സങ്കേതങ്ങളിലേക്കു നീങ്ങിയതോടുകൂടി, തൊഴിലാളികളുടേയും കൃഷിക്കാരുടേയും പട്ടാളക്കാരുടേയും മററു വിപുലമായ ബഹുജനങ്ങളുടേയും യുഗത്തിലേക്ക്, അതായത് ചൈനയുടെ ചരിത്രത്തിലിതുവരെയുണ്ടായിട്ടില്ലാത്ത ഒരു പുതുയുഗത്തിലേക്ക്, നിങ്ങൾ നീങ്ങിക്കഴിഞ്ഞിരിക്കുന്നു. ഞങ്ങളുടെ ജനങ്ങൾ മാറിയിരിക്കുന്നു; ഞങ്ങളുടെ അനുവാചകരും ആസ്വാദകരും മാറിയിരിക്കുന്നു. പഴയ യുഗങ്ങൾ എന്നെന്നേക്കുമായി, ഇങ്ങിനി മടങ്ങിവരാത്തവണ്ണം പറന്നുപോയി. ഈ പുതിയ ജനതതിയുടെകൂടെ യാതൊരു വൈമനസ്യവുംകൂടാതെ, തുറന്ന ഹൃദയത്തോടെ, നാം അണിനിരക്കണം.

ഈ പുതിയ ജനതയുടെ ഇടയിൽ ജീവിക്കുന്ന നമ്മുടെ സഖാക്കളിലാരെങ്കിലും, യുദ്ധക്കളമില്ലാത്ത ധീരോദാത്തരെപ്പോലെ, ഇന്നും കാര്യങ്ങളുടെ കാതലറിയാതെ കഴിയുകയാണെങ്കിൽ അവർ എവിടെപ്പോ

യാലും, ഗ്രാമങ്ങളിൽപ്പോയാലും, യെനാനിൽത്തന്നെ താമസിച്ചാലും, എന്നുമാററ വിഷമങ്ങളായിരിക്കും അവക്കഭിമുഖീകരിക്കുക.

നമ്മുടെ ചില സഖാക്കൾ കരുതിയേക്കാം. ഞാൻ "പൊതുപിന്നണി (വിമോചിതപ്രദേശങ്ങളല്ലാത്ത സ്ഥലങ്ങൾ) യിലെ വായനക്കാർക്കുവേണ്ടി എഴുതിക്കൊണ്ടിരിക്കാം. എനിക്കവരെ പഴക്കമുള്ളതാണ്; അങ്ങനെ എൻെറ കൃതികൾക്ക് ദേശീയപ്രാധാന്യം സമ്പാദിക്കാവുന്നതുമാണ്." ഇത്തരം വിചാരവും അബദ്ധമാണ്. പൊതുപിന്നണിയിലെ സ്ഥിതിഗതികളും മാറിക്കൊണ്ടിരിക്കുന്നുണ്ട്.

ജാപ്പുവിരുദ്ധസങ്കേതങ്ങളിൽ കഴിയുന്ന എഴുത്തുകാരിൽനിന്ന് അവിടെയുള്ള ജനങ്ങളിന്നാവശ്യപ്പെടുന്നത്, മുമ്പത്തെ ആ പഴയ കഥകളുടെ ആവത്തനമല്ല. ഈ എഴുത്തുകാർ പുതിയ ജനതയേയും പുതിയ ലോകത്തേയും കുറിച്ചു പുതുമനിറഞ്ഞ എന്തെങ്കിലും പറയണമെന്നാണ് അവർ പ്രതീക്ഷിക്കുന്നത്. അതുകൊണ്ട്, ജാപ്പുവിരുദ്ധ സങ്കേതങ്ങളിലുള്ള ജനങ്ങളെസ്സംബന്ധിച്ച സൃഷ്ടികൾമാത്രമേ യഥാത്ഥ ദേശീയപ്രാധാന്യമർഹിക്കുന്നവയാകുകയുള്ളു. ഉദാഹരണമായി നമുക്ക് എ. ഫെഡയേവിൻെറ "പത്താമ്പതു" എന്ന കഥയെടുക്കാം. അതു് ഒരു ചെറിയ ഗറില്ലാവിഭാഗത്തെ മാത്രം പററിയുള്ള ഒരു കഥയാണ്. അതു ലോകത്തിലെ പഴയ വായനക്കാരുടെ രുചിക്കവേണ്ടി എഴുതിയതായിരുന്നില്ലതാനും. എന്നിട്ടും അതിൻെറ സ്വാധീനശക്തി ലോകമാകെ വ്യാപിച്ചിരിക്കുന്നു.

ചൈന—മുന്നോട്ടുപോവുകയാണ്; പിന്നോട്ടല്ല! നമ്മുടെ വിപ്ലവസങ്കേതങ്ങളാണ്, അല്ലാതെ ചൈനയിലെ പിന്നോട്ടുനോക്കുന്ന പിന്നണിപ്രദേശങ്ങളല്ല, ചൈനയെ മുന്നോട്ടു നയിക്കുന്നത്! സഖാക്കളെ, നമ്മുടെ തെററു തിരുത്തണമെങ്കിൽ, ശരിയായവഴിക്കു പോവണമെങ്കിൽ, ആദ്യമായി നാം ഈ അടിസ്ഥാനവാസ്തവം അംഗീകരിച്ചേ മതിയാവൂ.

പുതിയ ജനതതിയുടേതായ ഈ പുതുയുഗത്തിനനുസരിച്ച് നാമുപയോഗപ്പെടണമെങ്കിൽ, നാമതിന്നർഹരാകണമെങ്കിൽ, വ്യക്തിയും ബഹുജനങ്ങളും തമ്മിലുള്ള ബന്ധം നാം വ്യക്തമായും മനസ്സിലാക്കണം. ഈയവസരത്തിൽ ല്യൂസ്യൂണിൻെറ ഒരു കവിതയിലെ രണ്ടുവരി ഞാനിവിടെ ഉദ്ധരിക്കട്ടെ. "ആ ആയിരക്കാരുടെ ചൂണ്ടുവിരലുകളുടെ നേരെ വെറുപ്പോടും ദൃഢചിത്തതയോടും

കൂടി നിങ്ങൾ നിങ്ങളുടെ പുരികമുയർത്തണം; എന്നാൽ നമ്മുടെ ആ യുവത്വത്തിൻെറ മുമ്പിൽ സബഹുമാനം നിങ്ങൾ ശിരസ്സുകുനിക്കുകയും കാളയെപ്പോലെ അതിനുവേണ്ടി അദ്ധ്വാനിക്കുകയും ചെയ്യുക!" ഇതായിരിക്കണം നമ്മുടെ നീതിവാക്യം.

"ആയിരക്കാരെ"ന്നിവിടെ പറയുന്നതു നമ്മുടെ ശത്രുക്കളെക്കുറിച്ചാണ്; അവരെത്രമാത്രം ഭയങ്കരന്മാരായിരിക്കട്ടെ, എന്തും വരട്ടെ, നാമവർക്കു കീഴടങ്ങുകയില്ല. "യുവത്വം" എന്നു സൂചിപ്പിക്കുന്നതു തൊഴിലാളിവർഗ്ഗത്തേയും ബഹുജനങ്ങളേയും സംബന്ധിച്ചാണ്. എല്ലാ കമ്മ്യൂണിസ്ററുപാർട്ടിയംഗങ്ങളും, എല്ലാ വിപ്ലവകാരികളും, എല്ലാ വിപ്ലവകാരികളായ എഴുത്തുകാരും കലാകാരന്മാരും, ല്യൂസൂണിൻെറ ആ സിദ്ധാന്തത്തെ പിന്തുടരണം. തൊഴിലാളിവർഗ്ഗത്തിനും ബഹുജനങ്ങൾക്കുംവേണ്ടി അദ്ധ്വാനിക്കുന്ന കാര്യത്തിൽ കാളയെപ്പോലെ ശാന്തനും ക്ഷീണമെന്തെന്നറിയാത്തവനുമായിരിക്കുക; ഈ ലക്ഷ്യത്തിനുവേണ്ടി നിങ്ങളുടെ എല്ലാ കഴിവുകളും അഴിച്ചുവിടുക; നിങ്ങളുടെ ഓരോ ഔൺസ് ഓജസ്സും ഈ പ്രവർത്തനത്തിനുവേണ്ടി വിനിയോഗിക്കുക; ജീവനുള്ളകാലത്തോളം ഒരിക്കലും തടഞ്ഞുനിൽക്കാതിരിക്കുക. ബുദ്ധിജീവികളായ നിങ്ങൾക്കു സ്വയം ബഹുജനങ്ങളുമായി ഒന്നായിത്തീരുകയെന്നതും ബഹുജനങ്ങൾക്കുവേണ്ടി അദ്ധ്വാനിക്കുകയെന്നതും ശ്രമകരവും വേദനാപരവുമായ ഒരനുഭവമായിരുന്നേക്കാം. പല തടസ്സങ്ങളും നിങ്ങളുടെ മുന്നിലുണ്ടായേക്കാം—പക്ഷേ, ദൃഢചിത്തതയോടുകൂടി നിങ്ങളിറങ്ങിക്കഴിഞ്ഞാൽ ആ ലക്ഷ്യത്തിലെത്തുക അത്ര വിഷമമുള്ള പണിയൊന്നുമല്ല.

നമ്മുടെ സാംസ്കാരികപ്രസ്ഥാനം ഏതുനിലയ്ക്കു് എങ്ങോട്ടു നീങ്ങണമെന്നതിൻെറ ഏതാനും ചില അടിസ്ഥാനപ്രശ്നങ്ങളെക്കുറിച്ചു മാത്രമേ ഞാനിവിടെ പരാമർശിച്ചിട്ടുള്ളു. ഇനിയും, മുഴച്ചുനിൽക്കുന്ന എത്രയോ പ്രശ്നങ്ങളുണ്ടു്, ബാക്കി കിടക്കുന്നു. ഇന്നുമുതൽ തുടർച്ചയായി നാമവയെ നേരിട്ടുകൊണ്ടിരിക്കണം.

സഖാക്കളേ, ഈ വഴികളിലൂടെ മുന്നോട്ടുനീങ്ങാൻ ഉറച്ചിരിക്കുന്നവരാണ് നിങ്ങളെല്ലാമെന്നു ഞാൻ ഉറപ്പിക്കുന്നു. ദൂരവ്യാപകമായ ഉന്നംവെച്ചുകൊണ്ടുള്ള പ്രവർത്തനത്തിനും പഠനത്തിനുമിടയിലൂടെയും നമ്മുടെ പഴയ സ്വഭാവങ്ങളിലും പെരുമാററങ്ങളിലും പരിവർത്തനം വരുത്തുന്നതിനുള്ള ആ നീണ്ട പ്രക്രിയയിലൂടെയും, നിങ്ങളെല്ലാംതന്നെ നിങ്ങളുടെ സൃഷ്ടികളേയും നിങ്ങളെത്തന്നേയും പരിഷ്ക്കരിക്കുമെന്നും, നമ്മുടെ തൊഴിലാളികളും കൃഷിക്കാരും പട്ടാളക്കാരും ബഹുജനങ്ങളും ആവേശപൂർവ്വം സ്വീകരിക്കുന്ന എത്രയോ സവിശേഷസൃഷ്ടികൾ നിങ്ങൾ സംഭാവനചെയ്യുമെന്നും, അങ്ങനെ നമ്മുടെ രാജ്യത്തിൻെറ ജനാധിപത്യപ്രദേശങ്ങളിലും മററു ഭാഗങ്ങളിലുമുള്ള സാഹിത്യ-കലാ പ്രസ്ഥാനത്തിൽ ശോഭനമായ ഒരു പുതിയ അദ്ധ്യായം സൃഷ്ടിക്കുമെന്നും ഞാൻ വിശ്വസിക്കുന്നു.

—oo:o:oo—

KOTTAYAM PUBLIC LIBRARY

KOTTAYAM

Cl. No. 1001 Acc. No. 4731

This book should be returned on or before the date last stamped below.

8 MAR 2017

If the book is not returned on due date
a fine of 25 Ps. per day will be charged

M01 4731
DAM-K

ദാമോദരൻ, പി.

കലയും സാഹിത്യവും

KOTTAYAM PUBLIC LIBRARY
Call No. M01 DAM-K Acc. No. 4731
Author ദാമോദരൻ പി.
Title കലയും സാഹിത്യവും

M01
DAM
K